Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മാർച്ച് 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മീനം 1 | ലക്കം 31

## അണിയറയിലെ അജ്ഞാതമനുഷ്യൻ

(ഫാദർ ജോസഫ് തെക്കിനിയത്തു്)

കത്തോലിക്കാസഭ ഒരു ദൃശ്യസംഘടനയായി പ്രഖ്യാപിക്കപ്പെട്ടതു് അതിന്റെ സ്ഥാപകനായ ക്രിസ്തുവിന്റെ ഉത്ഥാനാനന്തരം മാത്രമാണ്. എങ്കിലും ആ സംഭവത്തിനു മുപ്പത്തിമൂന്നു കൊല്ലം മുൻപു ബെത്‌ലേഹമിലെ പിള്ളത്തൊട്ടിയിൽവെച്ചു തന്നെ അതു ഉടലെടുത്തു. വിശുദ്ധകുടുംബമായിരുന്നു സഭയുടെ ഏററം ചെറിയ രൂപം. സഭാതരു ഇന്നു വളരെയധികം വളർന്നു വികസിച്ചിട്ടുണ്ട്. എങ്കിലും ആ ചെറിയ ഭവനംതന്നെയാണ് ഇന്നും അതിന്റെ ആദർശം. ക്രിസ്തു അതിന്റെ ജീവദായകനും മറിയം ആദ്ധ്യാത്മികമാതാവും വി. യൗസേപ്പ് കാവൽക്കാരനും. ഈ വിശുദ്ധകുടുംബം പരിപാലിച്ചും പരിലാളിച്ചും പോരുന്ന സഭയുടെ അംഗങ്ങളായ നാം അവരെക്കുറിച്ച് കൂലങ്കഷമായി പഠിക്കേണ്ടതു ആവശ്യമാണ്. ക്രിസ്തുനാഥനെക്കുറിച്ചും പരിശുദ്ധജനനിയെക്കുറിച്ചും സാധാരണ നാം ധാരാളം വായിക്കാറുണ്ട്; എഴുതാറുണ്ട്. എന്നാൽ വി. യൗസേപ്പ് ഇന്നും അണിയറയിൽത്തന്നെയാണ് എന്നു പറയാം. ആ പുണ്യപുംഗവനെ കാണികളുടെ രംഗത്തേക്കു കൊണ്ടുവരുകയാണു ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

വിശുദ്ധിതന്നെയായ ദൈവസുതനേയും വിമലാംബികയായ മറിയത്തേയും പരിരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വി. യൗസേപ്പിനെ ദൈവം എന്തുകൊണ്ടു തെരഞ്ഞെടുത്തു? "അവിടുത്തെ ചെരുപ്പുകളുടെ വള്ളികൾ അഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല" എന്നു വിളിച്ചുപറഞ്ഞ വിനീതനും, ജ്വലിക്കുന്ന തീക്ഷ്ണതയോടെ രക്ഷകന്റെ വഴിയൊരുക്കിയ ത്യാഗിവര്യനുമായ വി. യോഹന്നാൻ മാംദാനയെ ഈ ഉന്നതമായ ജോലി ഏല്പിക്കാമായിരുന്നില്ലേ? അല്ലെങ്കിൽ, തിരുസഭയുടെ അസ്തിവാരമാകാനിരുന്ന ആ അപ്പസ്തോലമുഖ്യനെ എന്തുകൊണ്ടു ദൈവം അതിനു തെരഞ്ഞെടുത്തില്ല? അതുമല്ലെങ്കിൽ, പുറജാതികളുടെ അപ്പസ്തോലനും പ്രതിഭാശാലിയും സ്നേഹസമ്പന്നനുമായ വി. പൗലോസിനെ ഇക്കാര്യത്തിനു നിയോഗിക്കാമായിരുന്നില്ലേ? ഈ ഉന്നതവ്യക്തികളിലുണ്ടായിരുന്നതിൽ ഉപരിയായ ഏതൊരു ഗുണവിശേഷമായിരുന്നു വി. യൗസേപ്പിൽ വിളങ്ങിയിരുന്നതു്? ഇതിനുത്തരം കാണുവാൻ വി. ഗ്രന്ഥത്തെ നമുക്കു പരിശോധിക്കാം: "ദൈവത്തിന്റെ വഴികൾ അപരിമേയങ്ങളാണ്." "ഉള്ളവനു കൂടുതലായി നൽകപ്പെടും." ദൈവതിരുച്ചിത്തത്തിനു് അനുസരിച്ച് ജീവിക്കുന്നവനു് കൂടുതൽ കൂടുതൽ ദൈവാനുഗ്രഹം ലഭിക്കുമെന്നതാണ് വാസ്തവം. അതുകൊണ്ട്, വിശുദ്ധ യൗസേപ്പിനെ ഇത്രവലിയ സ്ഥാനത്തേക്കുയർത്തിയതു അദ്ദേഹം ആർജ്ജിച്ചിരുന്ന പുണ്യങ്ങളായിരിക്കണം.



റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കു

### തിരുനാൾ മംഗളങ്ങൾ

(തിരുനാൾ, മാർച്ച് 19.)

ഏതെല്ലാം പുണ്യങ്ങളാണ് വിശുദ്ധനെ മററുള്ളവരിൽനിന്നു ഉയർത്തിയതു്? അവയുടെ എണ്ണം തിട്ടപ്പെടുത്തിപ്പറയുക സാദ്ധ്യമല്ല. തീർച്ചയായും വിശുദ്ധിക്ക് അതിൽ പ്രഥമസ്ഥാനമുണ്ടായിരിക്കണം. അമലമനോഹരിയായ അമ്മയ്ക്കു നിർമ്മലനായ ഭർത്താവിനെ ലഭിക്കയെന്നതു് യുക്തം മാത്രമാണ്. മഹാകവിയായ മിൽട്ടൺ പറയുന്നുണ്ട് "സ്വർഗ്ഗത്തിനു് ഏററം ഇഷ്ടമുള്ളതു് വിശുദ്ധിയാണെന്നു്". പരിശുദ്ധജനനിക്കു ഭർത്താവും സംരക്ഷകനുമായി ഒരു അനുയോജ്യവ്യക്തിയെ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിച്ചപ്പോൾ നടന്നതായി വിശ്വസിക്കപ്പെടുന്ന ഒരു സംഭവമുണ്ട്. അക്കാലത്തു യഹൂദന്മാർ വഴിയാത്രയ്ക്കുപോകുമ്പോൾ ഒരുവടി കൈയിലെടുക്കുകയെന്ന സമ്പ്രദായമുണ്ടായിരുന്നു. മറിയത്തിന്റെ ഭർത്താവെന്ന ഉൽകൃഷ്ടസ്ഥാനം കൈവരിക്കുവാൻ വന്നുകൂടിയ യഹൂദയുവാക്കന്മാർ ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ അവരുടെ വടികൾ ബലിപീഠത്തിൽ വയ്ക്കുവാൻ ആജ്ഞാപിക്കപ്പെട്ടു. ആരാണ് ആ സ്ഥാനത്തിനർഹനെന്നറിയുവാൻ ഒരു അടയാളത്തിനായി പ്രാർത്ഥനകൾ ആകാശത്തിലേക്കുയർന്നു. അത്ഭുതാവഹമായവിധത്തിൽ യൗസേപ്പിന്റെ വടി തളിരണിയുകയും വിശുദ്ധിയുടെ നിദർശനമായ ലില്ലിപ്പുഷ്പങ്ങൾ വികസിക്കുകയും ചെയ്തു. ഇതിനെ അനുസ്മരിച്ചാണു വിശുദ്ധന്റെ ചിത്രങ്ങളും പ്രതിമകളും പുഷ്പിച്ച വടിയോടുകൂടി നാം കാണുന്നതു്.

വിശുദ്ധ ഗ്രന്ഥം യൗസേപ്പിനെ അഭിസംബോധന ചെയ്യുന്നതു് "നീതിമാനായ മനുഷ്യൻ" എന്നാണ്. നീതി ഒരു സന്മാർഗ്ഗപുണ്യമാണല്ലോ. സന്മാർഗ്ഗപുണ്യങ്ങളിൽ പ്രഥമമായ വിവേകം മനുഷ്യബുദ്ധിയെ പരിപൂർണ്ണമായി ക്രൈസ്തവജീവിതം നയിക്കുന്നതിനു സഹായിക്കുന്നു. നീതി കാര്യകാരണസഹിതം എല്ലാററിലും വിവേകത്തോടുകൂടി വിധികല്പിക്കുവാൻ • മനസ്സിനു പ്രചോദനം നൽകുന്നു. ഈ രണ്ടു പുണ്യങ്ങളും വി. യൗസേപ്പിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു. അദ്ദേഹം ശാന്തശീലനായിരുന്നു. എന്നാൽ ദൃഢചിത്തനുമായിരുന്നു. ആർക്കും അദ്ദേഹത്തെ സമീപിക്കാം. എന്നാൽ, അദ്ദേഹം ചപലതകൾക്കു വശംവദനായിരുന്നില്ല. സുഖത്തിലും, ദുഃഖത്തിലും അദ്ദേഹം സമചിത്തത പാലിക്കുകയും ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുകയും ചെയ്തു. കൃത്യനിർവഹണത്തിനു് അദ്ദേഹം സദാ സന്നദ്ധനാണ്. ഭീരുത്വത്തിനോ സന്ദേഹത്തിനോ അസൂയക്കോ യൗസേപ്പ് അടിപ്പെട്ടിരുന്നില്ല. ദൈവസുതന്റെ കാവൽക്കാരൻ എന്ന ഉന്നതസ്ഥാനത്തിനു ഏററം അനുയോജ്യനായ ഒരു ധീരനും സംസ്കൃതചിത്തനുമായിരുന്നു നമ്മുടെ വിശുദ്ധൻ. അതേസമയംതന്നെ അജ്ഞാതനും അഗണ്യനുമായി വേലചെയ്തു ജീവിക്കുവാൻ അഭിലഷിച്ചു അദ്ദേഹം.

അനുസരണമാണ് വിശുദ്ധനിൽ പ്രശോഭിച്ചിരുന്ന മറെറാരു പുണ്യം. ഏതൊരു ധീരപ്രവൃത്തിയാണ് മററു വിശുദ്ധരേക്കാൾ കൂടുതലായി വി: യൗസേപ്പ് ക്രിസ്തുവിനുവേണ്ടി ചെയ്തതെന്നു ചോദിച്ചാൽ, അദ്ദേഹം അനുസരിച്ചു, എന്നതായിരിക്കും അതിനുള്ള സമാധാനം. വി: പാട്രിക്ക്, വി: ബോനിഫസ്, വി: ഫ്രാൻസിസ് സേവിയർ തുട

(ശേഷം 4-ാംപേജിൽ)

# പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സിലെ 1955-ലെ ക്രിസ്തുമസ്സ് സന്ദേശം

(തുടർച്ച)

## മാനവവംശത്തിന്റെ സാമൂഹികവും ചരിത്രപരവുമായ ജീവിതത്തിൽ ക്രിസ്തുവിനുള്ള സ്ഥാനം

മനുഷ്യനു ആന്തരികമായ ധൈര്യം പ്രദാനം ചെയ്യുന്നതിനു ക്രിസ്തുവിനു മാത്രമേ കഴിയുകയുള്ളു. "കാലത്തിന്റെ പൂർണ്ണതയിൽ" (ഗലാ: 4-4) ദൈവവചനം യഥാർത്ഥമായ മനുഷ്യസ്വഭാവം സ്വീകരിച്ച് ഈ ലോകത്തിൽ ജീവിച്ചു. ആ നിലയിലാണ് മാനവവംശത്തിന്റെ സാമൂഹികവും ചരിത്രപരവുമായ രംഗങ്ങളിൽ അവിടുന്നു പങ്കെടുത്തതു്. നിത്യദൈവമായ അവിടുന്നു ഇതിലും "മനുഷ്യരെപ്പോലെ വർത്തിച്ചു" (ഫിലി: 2-7) അവിടുന്നു മനുഷ്യർക്ക് വഴികാട്ടിയും, സാമുദായികജീവിതത്തിലും ചരിത്രരംഗത്തും അവർക്കു പിന്തുണയും ആയിരിക്കണമെന്നുള്ള ക്രിസ്തുവിന്റെ അഭിലാഷമാണ് അവിടുത്തെ ആഗമനം സൂചിപ്പിക്കുന്നതു്. സാങ്കേതികനേട്ടങ്ങളുടേയും വ്യാവസായിക പുരോഗതിയുടേയും ഇന്നത്തെ യുഗത്തിൽ, ലോകത്തിലുള്ള സചേതനങ്ങളും അചേതനങ്ങളുമായ വസ്തുക്കളുടെ മേലെല്ലാം മനുഷ്യൻ വിജയം നേടിയിരിക്കുന്നു എന്ന വസ്തുത, ചരിത്രത്തിന്റെ അധിനാഥനായിരിക്കുന്ന ക്രിസ്തുവിന്റെ നേർക്ക് അവൻ പ്രദർശിപ്പിക്കേണ്ട അനുസരണത്തേയോ, ദൈവത്താൽ അവൻ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയേയോ അനാദരിക്കുന്നതിനുള്ള എന്തെങ്കിലും അർഹത അവനു പ്രദാനം ചെയ്യുന്നില്ല. മാത്രമല്ല, സുരക്ഷിതത്വത്തിനുവേണ്ടിയുള്ള വ്യഗ്രതാപൂർണ്ണമായ പര്യന്വേഷണങ്ങൾക്കുള്ള ആവശ്യകത വളരെയധികം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ലോകത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെപ്പററിയുള്ള അവഗണനയും വിസ്മരണയും മനുഷ്യനിൽ ആശങ്കാബോധവും, ഇന്നത്തെ സാങ്കേതികയുഗത്തിനു പ്രത്യേകമായ ഒരു അരക്ഷിതാവസ്ഥയും അസ്വാസ്ഥ്യവും ആണുളവാക്കിയിരിക്കുന്നതെന്നു ആധുനികാനുഭവങ്ങൾ പ്രത്യക്ഷമായി കാണിക്കുന്നുണ്ട്. ക്രിസ്തുവിനെ അവഗണിക്കുന്നതുകൊണ്ട്, എല്ലാക്കാലത്തും എല്ലാം സ്ഥലത്തും സാമൂഹികജീവിതത്തിന്റെ അടിസ്ഥാന ഘടകമായിരിക്കുന്നതിനു ദൈവത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള മനുഷ്യസ്വഭാവത്തിന്റെ യഥാർത്ഥ്യബോധത്തേയും നിഷേധിക്കുന്നതിന് അവൻ നിർബന്ധിതനായിത്തീർന്നിരിക്കുന്നു.

## മനുഷ്യപ്രകൃതിയുടെ യഥാർത്ഥതത്വങ്ങളാണ് അവന്റെ സുരക്ഷിതത്വത്തിന്റെ അടിസ്ഥാനം

മനുഷ്യന്റെ സാമൂഹികജീവിതത്തിൽ ആന്തരികമായ ഉറപ്പും സുരക്ഷിതത്വവും കണ്ടെത്തുന്നതിനു്, ദൈവത്താൽ അഭിലഷിക്കപ്പെട്ടിട്ടുള്ള യഥാർത്ഥ മനുഷ്യപ്രകൃതിയെ സംബന്ധിക്കുന്ന തത്വങ്ങളെ മുറുകെപ്പിടിക്കുന്നതിനും നവചൈതന്യത്തോടുകൂടി ആശ്ലേഷിക്കുന്നതിനും മനുഷ്യമനസ്സിനെ പ്രതിനിവർത്തിപ്പിക്കുകയല്ലാതെ മറെറാരു മാർഗ്ഗമാണു് കണിയമായിട്ടുള്ളതു്? പ്രകൃതിസഹജമായ ഒരു ക്രമസംവിധാനമുണ്ട്. ചരിത്രപരവും സാമൂഹികമായ പുരോഗതിയിൽ അതിന്റെ ബാഹ്യമായരൂപം വ്യത്യാസപ്പെട്ടേക്കാം. പക്ഷെ അതിന്റെ ആന്തരികരേഖകൾ എന്നും അഭേദ്യമായ രീതിയിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുകയാണ് —വ്യക്തികളെ സംബന്ധിക്കുന്ന സംവിധാനത്തിന്റെ അടിസ്ഥാനമാണ് കുടുംബവും സ്വത്തുടമയും; സുരക്ഷിതത്വത്തിനുള്ള ഉപരിയായ ഘടകങ്ങളാണ് ദേശീയവും ജീവിതരീതികളനുസരിച്ചുള്ളതുമായ സംഘടനകൾ; അവസാനമായിട്ടുള്ളതാണ് രാഷ്ട്രം.

ഈ തത്വങ്ങളേയും നിർദ്ദേശങ്ങളേയും അനുസരിച്ചു ഇതഃപര്യന്തം ക്രിസ്തുമതപ്രചോദനം സിദ്ധിച്ച മനുഷ്യർ അവരുടെ കഴിവിൽപെട്ടിടത്തോളം താത്വികമായും പ്രായോഗികമായും സുരക്ഷിതത്വത്തെ പ്രദാനംചെയ്യുന്ന ഒരു ക്രമത്തെ പ്രാവർത്തികമാക്കുന്നതിനു സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. എന്നാൽ സുരക്ഷിതത്വത്തെ സംസ്ഥാപിക്കുന്നതിൽ മാനുഷികമായ കഴിവുകൾ, അതിൽത്തന്നെ പരിമിതങ്ങളാണെന്നു അവർ മനസ്സിലാക്കിയിരുന്നതുകൊണ്ട് അവയുടെ കുറവുകളെ പരിഹരിക്കുന്നതിനു ഉന്നതതരമായ ഒരു ശക്തിയുടെ സഹായം പ്രാർത്ഥനാമൂലം അവർ ആലംബമാക്കിയിരുന്നു. അതിൽ അവർക്കു വല്ല പ്രമാദങ്ങളും വന്നുപോയിരിക്കാം, ഒരുപക്ഷെ.. പക്ഷെ ആധുനികരീതി അതല്ല. വ്യാവസായികയുഗമായ ഇക്കാലത്തു പ്രാർത്ഥനയെ നിശ്ശേഷം അവഗണിക്കുന്നതു് ആധുനികമനുഷ്യൻ അവന്റെ സ്വയംപര്യാപ്തതയെപ്പററിയുള്ള മിഥ്യാബോധത്തിൽ അഹംഭാവിക്കുന്നു എന്നതിന്റെ പ്രത്യക്ഷലക്ഷ്യമാണ്. സുരക്ഷിതത്വത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിൽ അപ്രമാദം കാണിക്കുന്നവരുടെ സംഖ്യ ഇന്നു വളരെ അധികമുണ്ട്. ദിവ്യരക്ഷകൻ തിരുവാമൊഴിഞ്ഞു പഠിപ്പിച്ച, "ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരണേ" എന്നുള്ള പ്രാർത്ഥന (മത്തായി 6-11) സാങ്കേതികമായ കണ്ടുപിടിത്തങ്ങൾകൊണ്ടു അനാവശ്യമായി പരിണമിച്ചുപോയിരിക്കുന്നു എന്നാണവരുടെ ഭാവം. അഥവാ ചുണ്ടുകൾകൊണ്ടു അവരതു ഉരുവിടുന്നുണ്ടെങ്കിൽത്തന്നെ, അതിന്റെ അനിവാര്യമായ ആവശ്യത്തെപ്പററിയുള്ള ആന്തരികമായ ബോദ്ധ്യം അവരിലില്ലാതായിരിക്കുന്നു.

## ശാസ്ത്രീയവും സാങ്കേതികവുമായ ആധുനികകണ്ടുപിടുത്തങ്ങളെ സുരക്ഷിതത്വത്തിൽ തെററായി ഉപയോഗിക്കുന്നു

മനുഷ്യൻ സ്വയംപര്യാപ്തത പ്രാപിച്ചുകഴിഞ്ഞുവെന്നോ അഥവാ അതു പ്രാപിക്കുന്നതിനുള്ള മാർഗ്ഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നോ ആർക്കെങ്കിലും സത്യബോധത്തോടുകൂടി വാദിക്കുവാൻ സാധിക്കുമോ? ശാസ്ത്രീയമായും സാങ്കേതികമായും സമ്പാദിച്ചിട്ടുള്ള ധന്യമായ നേട്ടങ്ങൾ മനുഷ്യനു പ്രകൃതിശക്തികളെ സംബന്ധിച്ചും, രോഗങ്ങളെ സംബന്ധിച്ചും, മനുഷ്യജീവന്റെ ആരംഭത്തേയും അന്ത്യത്തേയും പോലും സംബന്ധിച്ചും തീർച്ചയായും വിപുലമായ സ്വാധീനം പ്രദാനംചെയ്തിട്ടുണ്ട്. പക്ഷെ ഈ വിജയത്തിനു ഈ ലോകത്തെ സുനിശ്ചിതമായ ആനന്ദത്തിന്റെ പറുദീസായാക്കിത്തീർക്കുവാൻ സാദ്ധ്യമല്ല എന്നുള്ളതും തീർച്ചതന്നെയാണ്. അതുകൊണ്ട് ആധുനികങ്ങളായ അബദ്ധസിദ്ധാന്തങ്ങളുടേയും നവംനവങ്ങളായ ദുർബ്ബലതകളുടേയും സാന്നിദ്ധ്യത്തിൽ പ്രത്യക്ഷമാകുന്നതും, മാനവജീവിതത്തെ ഭ്രാന്താത്മകമായ നിരീക്ഷണ പരീക്ഷണങ്ങൾകൊണ്ടുമാത്രം നിയന്ത്രിക്കുന്നതിനു അഭിലഷിക്കുന്നതുമായ പാക്ഷികമായ ഈ ആശയഗതിയിൽ യുക്തിയുക്തമായി മാനുഷികകഴിവുകളെ എങ്ങിനെയാണ് മാർഗ്ഗനിർദ്ദേശം ചെയ്യേണ്ടതു്? പ്രസ്തുത ആദർശത്തെ സാമൂഹികജീവിതത്തിലേക്കു വ്യാപിപ്പിക്കുകയാണെങ്കിൽ അതു അബദ്ധമായിരിക്കുമെന്നു മാത്രമല്ല, പ്രയോഗത്തിൽ വിപല്ക്കരങ്ങളായ ഒട്ടുവളരെ സങ്കീർണ്ണപദ്ധതികളുടെ സംഗ്രഹമായിരിക്കുകയും ചെയ്യും. ഇന്നത്തെ ചുററുപാടുകളിൽ ആധുനികമനുഷ്യൻ പ്രാർത്ഥിക്കേണ്ടതു ആവശ്യമായിരിക്കുന്നു. ബുദ്ധിപൂർവ്വകമായി പ്രവർത്തിക്കുന്നതായാൽ സുരക്ഷിതത്വത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനു അവൻ തയാറായിരിക്കും.

അതുകൊണ്ടു മനുഷ്യൻ അവന്റെ സുരക്ഷിതത്വത്തിനുവേണ്ടി ആധുനിക സാഹചര്യങ്ങളിൽ ആധുനികമാർഗ്ഗങ്ങൾ സ്വീകരിക്കാൻ പാടില്ല എന്നു ഇതിനർത്ഥമില്ല. മനുഷ്യന്റെ സ്വഭാവത്തിനു ശരിയായ പരിഗണന നൽകപ്പെടണമെന്നു മാത്രമേയുള്ളു. സാങ്കേതികവും വ്യാവസായികവുമായ നേട്ടങ്ങളെ ഉപയോഗിച്ചു സുരക്ഷിതത്വത്തിന്റെ ഭദ്രതയെ സംസ്ഥാപിക്കുന്നതിനു യാതൊരു തടസ്സവുമില്ല. എന്നാൽ മനുഷ്യന്റെ ജീവിതലക്ഷ്യം ആധുനികലോകത്തിലെ ബൃഹത്തായ വ്യാവസായികശക്തിക്കു അടിപ്പെടുത്തണമെന്നുള്ള അഭിലാഷത്തേയും, പ്രകൃതിയിലുള്ള ക്രമത്തെ അവഗണിച്ചുകൊണ്ട് മേലുദ്ധരിച്ച വെറും ഭൗതികമായ ആദർശങ്ങളെ ആധാരമാക്കി ക്രമവും സുരക്ഷിതത്വവും സംസ്ഥാപിക്കണമെന്നുള്ള വ്യാമോഹത്തേയും എതിർക്കാതെ തരമില്ല. ക്രമപ്രവൃദ്ധമായ ഉൽപാദനത്തിലും ഇടതടവില്ലാതെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ബൃഹത്തും ഫലവത്തുമായ ദേശീയസമ്പത്തിലുമാണു് സുരക്ഷിതമായ പരിപൂർണ്ണഭദ്രത നിലകൊള്ളുന്നതെന്നാണവരുടെ മനോഭാവം. സർവ്വംകഷവും സർവ്വോപരി പരിപൂർണ്ണവുമായ ഒരു യാന്ത്രികോല്പാദനപദ്ധതിയും മെച്ചമായ സംഘടനയുടേയും നിയന്ത്രണത്തിന്റേയും പിന്തുണയും ഉണ്ടാകുന്നതായാൽ, ഈ മാർഗ്ഗത്തിലൂടെ എല്ലാം തൊഴിലാളികൾക്കും അവരുടെ പ്രയത്നത്തിന്റെ അംശത്വവും അഭിവൃദ്ധ്യുന്മുഖവുമായ പ്രതിഫലത്തിനു ഉറപ്പായി എന്നാണ് അവർ പറയുന്നതു്. ക്രമസ്സു, ഈ പദ്ധതിയുടെ വൈപുല്യംമൂലം, പൊതുസമുദായത്തിന്റെ തോതിലുള്ള വിതരണത്തിലൂടെ തൊഴിൽ ചെയ്യുന്നതിനു പ്രാപ്തിവന്നിട്ടില്ലാത്തവരുടേയും തൊഴിലിനുള്ള കഴിവുകൾ നശിച്ചവരുടേയും—കുട്ടികളുടേയും, വൃദ്ധന്മാരുടേയും, രോഗികളുടേയും — സുരക്ഷിതത്വത്തിനും അതു മാർഗ്ഗമാകുന്നതാണത്രെ. അതുകൊണ്ട് അവർ അനുമാനിക്കുന്നു, മനുഷ്യന്റെ സുരക്ഷിതത്വത്തിനു് സ്വകാര്യമോ സംഘാതമോ ആയ വസ്തുഉടമയേയോ, പ്രകൃതിയിലുള്ളതോ വ്യാവസായികമോ ആയ ഉൽപന്നങ്ങളേയോ ആശ്രയിക്കേണ്ട ആവശ്യം ഉണ്ടാകുന്നതല്ല, എന്നു്.

ഇതു സാദ്ധ്യമാണെന്നു സമ്മതിച്ചാൽതന്നെയും, ഈ രീതിയിലുള്ള സുരക്ഷിതത്വസംവിധാനം ആധുനികവികാസങ്ങൾക്കു പററിയ പ്രകൃതിജന്യമായ തത്വങ്ങളെ സമാദരിച്ചുള്ള ഒരു രൂപം കൊടുക്കലാവുന്നതല്ല. പ്രത്യുത മനുഷ്യനു അവന്റെ സമസൃഷ്ടങ്ങളോടും, തൊഴിലിനോടും, സമുദായത്തോടുമുള്ള സ്വാഭാവികമായ ബന്ധങ്ങളുടെ കാതലായ തത്വങ്ങളോടുള്ള ഒരുതരം കയ്യേററമായിരിക്കുന്നതാണ്. അത്യധികം യാന്ത്രികമായ ഈ സംവിധാനത്തിൽ മനുഷ്യനു അവന്റെ ജീവിതത്തിന്റെ മേലുള്ള സുരക്ഷിതത്വം, സമൂഹത്തിനുവേണ്ടിയുള്ള ക്രമീകരണങ്ങൾക്കും സംഘടനാശക്തികൾക്കും വേണ്ടി ആപൽക്കരമായവിധത്തിൽ കയ്യൊഴിയേണ്ടിവരുന്നു. വ്യക്തിഗതമായ സുരക്ഷിതത്വമാണ് മനുഷ്യന്റെ സ്വഭാവത്തിൽത്തന്നെ നിലകൊള്ളുന്നതും, ഉത്തരവാദിത്വത്തോടുകൂടിയ സാമൂഹികഘടനയ്ക്കു നിദാനമായിരിക്കുന്നതും. കാലത്തിനടുത്ത വ്യത്യാസങ്ങൾ അംഗീകരിച്ചുകൊണ്ടുതന്നെ, ഏതെങ്കിലും വിധത്തിൽ കുടുംബവും മുതലുടമയും മനുഷ്യന്റെ സ്വതന്ത്രമായ തീരുമാനങ്ങളുടെ അടിസ്ഥാനതത്വങ്ങളായി നിലകൊള്ളണം. ഏതുവിധത്തിലായാലും സാമൂഹികമായ ചെറുഘടകങ്ങളും രാഷ്ട്രവും സുരക്ഷിതത്വത്തെ സംബന്ധിച്ച പരസ്പരം സഹായിക്കുന്ന ഒരു സംവിധാനമാണ് അവശ്യം ഉണ്ടാകേണ്ടതു്.

അതുകൊണ്ടു ഒരിക്കൽക്കൂടി പ്രസ്തുതതത്വം വിശദമാവുകയാണ്: ഭൗതികതത്വപരമായ പദ്ധതി, അതെത്രപരിഷ്കരിച്ചതായാലും, മനുഷ്യജീവിതത്തെ സംബന്ധിച്ച സാമൂഹികമോ ചരിത്രപരമോ ആയ യാഥാർത്ഥ്യങ്ങളെ നിയന്ത്രിക്കുന്നതിനു കഴിവുള്ളതോ അനുവദിക്കപ്പെടാവുന്നതോ അല്ല. ജീവിതത്തുടിപ്പുകൾ വർദ്ധിക്കുന്നതോ, അനുസ്യൂതം സാങ്കേതിക ഉൽപാദനം പുരോഗമിക്കുന്നതോ അവയിൽതന്നെ, ഒരു ജനപദത്തിന്റെ സാമ്പത്തികജീവിതത്തിൽ സാക്ഷാത്തായ അഭിവൃദ്ധിയുണ്ടെന്നുള്ളതിനു ഉറപ്പു നൽകുന്ന തെളിവുകളല്ല. ആധുനികസ്ഥിതിയേയോ അത്യാസന്നമായ ഭാവിയേയോ സംബന്ധിച്ചുള്ള പാക്ഷികമായ ഒരു വി


## സാക്ഷാൽ "കാളൻ"

സ്ഥാപനംവക 3 സിദ്ധൌഷധങ്ങൾ

കാളൻ'സ്

**നിംബാസവം** ശീതവീര്യമുള്ളതും രൂക്ഷം, ലഘു എന്നീ ഗുണങ്ങളുള്ളതുമായ ഒരു ദ്രവ്യമായതുകൊണ്ട് വർദ്ധിച്ചിരിക്കുന്ന പിത്തത്തേയും കഫത്തേയും മേദസ്സിനേയും (അമിതമായ ചൂടിനേയും അമിതമായ പുണ്ണിപ്പിനേയും) നശിപ്പിക്കയും കഫത്തേയും സപ്തധാതുക്കളേയും ശുദ്ധീകരിക്കയും, ജാരാഗ്നിയേയും രുചിയേയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

20 ഔൺസ് കുപ്പി 1 ക്ക് വില 2—0—0

കാളൻ'സ്

**ദ്രാക്ഷാഘൃതം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ട് വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും വർദ്ധിപ്പിക്കയും (ദേഹത്തെ പുഷ്ടിപ്പെടുത്തുകയും), തടസ്സപ്പെട്ട് നില്ക്കുന്ന വായു, മലം, മൂത്രം, ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കയും, രക്തത്തെ ശുദ്ധീകരിക്കയും, ജാരാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു.

5/8 (അരേഅരക്കാൽ) റാ. കുപ്പി 1 ക്ക് വില 4—0—0

കാളൻ'സ്

**ശാരിബാതൈലം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ട് വിധിപ്രകാരം തലയിലും ദേഹത്തിലും തേക്കമ്പോൾ വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) അകാലത്തിങ്കലുണ്ടാകുന്ന ജരാനരകളേയും നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും (ശരീരകാന്തിയേയും) വർദ്ധിപ്പിക്കയും, സുഖനിദ്രയെ ഉണ്ടാക്കുകയും, രക്തത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

19 ഔൺസ് കുപ്പി 1 ക്ക് വില 3—0—0

ഈ ഔഷധങ്ങൾ പത്ഥ്യമില്ലാതെ ഉപയോഗിക്കാവുന്നവയാണെങ്കിലും, വാതപിത്തങ്ങളുടെ ആധിക്യംകൊണ്ടും കഫത്തിന്റേയും ധാതുക്കളുടേയും ക്ഷയംകൊണ്ടും ഉണ്ടാവുന്നതരം രോഗങ്ങളനുഭവപ്പെടുമ്പോൾ ഉപ്പ്, പുളി, എരുവ് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, മത്സ്യം, മുതിര, തൈര്, മോര്, കടല, പയറ്, ചായ, കാപ്പി, മദ്യം മുതലായ ഉഷ്ണവീര്യമുള്ളവയും രൂക്ഷഗുണമുള്ളവയുമായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, പട്ടിണികിടക്കുക, ഉറക്കമൊഴിക്കുക മുതലായ കർമ്മങ്ങളേയും സാധിക്കുന്നേത്ര ഉപേക്ഷിക്കുന്നതു് താമസം വിനാ രോഗശമനം സിദ്ധിക്കുന്നതിന്നു് ഏററവും ഉത്തമമാണ്. ഉപയോഗക്രമങ്ങൾ അതാതു് ഔഷധങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതാണ്.

കാളൻ'സ് സെയിൽസ് ഡിപ്പോകൾ

| | |
|---|---|
| കണ്ണൂർ: കാംബസാർ ഊസ്സ്. | തൃശ്ശൂർ: മൻസിപ്പൽ ആപ്പീസ് റോഡ്. |
| തലശ്ശേരി: മിഷ്യൻ സ്കൂളിനുസമീപം. | എറണാകുളം: കാനൻ ഷെഡ് റോഡ്. |
| കോഴിക്കോട്: S. M. സ്ട്രീറ്റ്. | കോട്ടയം: പുളിമൂട്ടിൽ കവല. |
| കോയമ്പത്തൂർ: ഒപ്പനക്കാര സ്ട്രീറ്റ്. | ആലപ്പുഴ: ബോട്ടുജെട്ടിക്ക് സമീപം. |
| പാലക്കാട്: കോട്ട് റോഡ്. | കൊല്ലം: മെയിൻ റോഡ്. |

തിരുവനന്തപുരം: സ്റ്റാച്യു റോഡ്.

കാളൻ'സ് ഏജൻസികൾ 172.

N. B. ഔഷധങ്ങൾ വാങ്ങിക്കുമ്പോൾ കുപ്പികളുടെ ലേബലുകളിന്മേൽ ഈ മുദ്രയും, KALAN'S എന്നും കാണുന്നുണ്ടോ എന്നു് പ്രത്യേകം പരിശോധിക്കണം. എന്തുകൊണ്ടെന്നാൽ ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ "കാളൻ" എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

KALAN

TELEGRAM:
KALAN, Alagappanagar.

കാളൻ, നെല്ലായി.

ക്ഷണം മാത്രമേ അതാകുന്നുള്ളു. ഏതാദൃശമായ ഒരു പരിക്ഷണം കൊണ്ടു തൃപ്തിയടയുകസാദ്ധ്യമല്ല. ഈ പദ്ധതിമൂലം പ്രകൃതിയിലുള്ള വിഭവങ്ങളേയും സംഭരിക്കപ്പെട്ടിട്ടുള്ള പ്രകൃതിശക്തികളേയും വിവേചനാരഹിതമായ രീതിയിൽ വ്യയം ചെയ്യുകയും മനുഷ്യന്റെ തൊഴിലിനുള്ള കഴിവുകളെ അമിതമായി ദുരുപയോഗിക്കുകയുമായിരിക്കും ചെയ്യുന്നതു്. കാലാന്തരത്തിൽ ഇതു രാജ്യത്തിലെ ഉൽപാദനത്തിനുള്ള കഴിവുകളേയും ആവശ്യാനുസരണം കൃഷികൾ നടത്തിപ്പോരുന്ന രീതികളേയും കഴിച്ചുമറിച്ചു് അലങ്കോലപ്പെടുത്തുന്നതുമൂലം വിഭവങ്ങളുടെ വൈരള്യവും തൊഴിലാളികളുടെ അനിയന്ത്രിതമായ കൂട്ടംകൂടലും ഒരു പ്രശ്നമായിത്തീരും. ഇതിനുംപുറമെ, ഉൽപാദകനേയും ഉപഭോക്താവിനെയും സംബന്ധിച്ചു ഒരുപോലെ സാമൂഹികബന്ധങ്ങളും പ്രത്യേകിച്ചു കുടുംബൈക്യവും ശിഥിലമാകും; അനിശ്ചിതമായ നിലവാരംമൂലം വസ്തുവകകളിന്മേൽ അടിസ്ഥാനപ്പെടുത്തി വരവിനങ്ങൾ കണക്കാക്കിയുള്ള ഇൻഷ്വറൻസുകൾ അപകടത്തിലാകും; വേലക്കൂലിയെമാത്രം ആധാരമാക്കിയുള്ള ജീവസന്ധാരണത്തിന്റെ ഒരു വ്യവസ്ഥിതി അതു വരുത്തിവയ്ക്കുകയും ചെയ്യും.

കമ്മ്യൂണിസ്റ്റത്തിനധീനപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ ജനതയുടെ സ്വാതന്ത്ര്യം നിഹനിക്കപ്പെട്ടിരിക്കുന്നു എന്നാരോപിക്കപ്പെട്ടിരിക്കുകയാണല്ലോ. അതു യഥാർത്ഥവുമാണു്. എന്നാൽ ഈ വ്യാവസായിക യുഗത്തിൽ ലോകത്തിലെ മററു രാജ്യങ്ങളും ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ സുരക്ഷിതത്വം സർവോപരി അവന്റെ യഥാർത്ഥ സ്വഭാവത്തിന്നനുഗുണമായ പരിതസ്ഥിതികളിൽ ആശ്രയിച്ചിരിക്കുന്നില്ല എങ്കിൽ അതു വളരെ ആശങ്കാസ്പദമായിരിക്കുകയേ ഉള്ളു. സാമൂഹികമായ ഉൽപാദനത്തിന്റെ വർദ്ധനവിലാണു് സുരക്ഷിതത്വം നിലകൊള്ളുന്നതെന്നുള്ള മിഥ്യാബോധം, വ്യാവസായിക യുക്തിവാദത്തിന്റെ ആധുനികയുഗത്തിലെ ഒരു അന്ധവിശ്വാസമാണു്. ഇതാകട്ടെ ആററം കൂടുതൽ അപകടകാരിയുമത്രെ. എന്തുകൊണ്ടെന്നാൽ സ്വേച്ഛാധിപത്യത്തെ വിളിച്ചുവരുത്തുന്ന സാമ്പത്തിക വിപൽഘട്ടങ്ങളെ അതു സംജാതമാക്കാതിരിക്കുകയില്ല. മാത്രമല്ല ഏതാദൃശമായ അന്ധവിശ്വാസംമൂലം കമ്മ്യൂണിസത്തിനെതിരായി ഒരു ശക്തികേന്ദ്രം കെട്ടിപ്പടുക്കുന്നതിനും സാധിക്കാതെ വരുന്നു. കാരണം ഈ മിഥ്യാധാരണ കമ്മ്യൂണിസ്റ്റുകളിൽ മാത്രമല്ല കമ്മ്യൂണിസ്റ്റു വിരുദ്ധവിഭാഗത്തിലും ഒട്ടുവളരെപ്പേരിൽ രൂഢമൂലമായിരിക്കുന്നുണ്ടു്. അബദ്ധജടിലമായ ഈ വിശ്വാസത്തിൽ ഇരുകൂട്ടരും യോജിക്കുന്നു. യാഥാർത്ഥ്യബോധമുള്ളവരെന്നു കരുതപ്പെടുന്ന ചില പാശ്ചാത്യർപോലും തന്മൂലം അതിനു മൗനസമ്മതം നൽകുകയും ഒരു യഥാർത്ഥസഹവർത്തിത്വത്തെ സ്വപ്നംകണ്ടു കഴിഞ്ഞുകൂടുകയും ചെയ്യുന്നുണ്ടു്.

കഴിഞ്ഞകൊല്ലത്തെ ക്രിസ്തുമസ്സു് റേഡിയോ സന്ദേശത്തിൽ ഈ കാര്യത്തെസംബന്ധിച്ച തിരുസഭയുടെ വീക്ഷണമെന്താണെന്നു നാം വ്യക്തമാക്കുകയുണ്ടായി. അതിനെ ഒരിക്കൽകൂടി ഊന്നിപ്പറയുന്നതിനു ഈ അവസരം നാമുപയോഗിക്കുന്നു. ക്രിസ്തുവിന്റെ പഠനത്തിന്റെ വെളിച്ചത്തിൽ, കമ്മ്യൂണിസത്തെ ഒരു സാമൂഹിക സിദ്ധാന്തമായി സ്വീകാര്യമാവുന്നതല്ല എന്നു നാം പ്രഖ്യാപിക്കുന്നു. അതിനെതിരായി പ്രകൃതിനിയമത്തിന്റെ അടിസ്ഥാനതത്വങ്ങളെ പ്രഘോഷിക്കുന്നതിനു നമുക്കു് പ്രത്യേകതരമായ കർത്തവ്യമുണ്ടു്. ഇക്കാരണത്താൽ തന്നെയാണു് ഇന്നു കമ്മ്യൂണിസത്തെ ചരിത്രത്തിന്റെ പുരോഗതിയിലുള്ള ഒരു ഘട്ടമായോ വ്യതിയാനമായോ, ചരിത്രപരിണാമത്തിന്റെ അവശ്യസന്ധിയായോ ക്രിസ്ത്യാനികൾ ദർശിക്കണമെന്നും തന്മൂലം അതു ദൈവപരിപാലനയാൽതന്നെ നിശ്ചയിക്കപ്പെട്ടിട്ടുള്ളതായി അംഗീകരിക്കണമെന്നുമുള്ള ആശയത്തിയെ നാം പ്രതിഷേധിക്കുന്നതും.

## ആധുനിക വ്യാവസായികയുഗത്തിൽ ക്രിസ്ത്യാനികൾക്കുള്ള മുന്നറിയിപ്പ്

ഈ വ്യാവസായികയുഗത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികളെ, ഇടയന്മാരുടെയും അദ്ധ്യാപകന്മാരുടെയുമായ പരമാദ്ധ്യക്ഷസ്ഥാനത്തുനിന്നും നമ്മുടെ അടുത്തമുൻഗാമികൾ നൽകിയിട്ടുള്ള ഉൽബോധനങ്ങൾ ഒരിക്കൽക്കൂടി അറിയിക്കുകയാണു്, അന്തസ്സാരവിഹീനമായ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നടത്തുന്നതും മുദ്രാവാക്യങ്ങൾ ഘോഷിക്കുന്നതുമായ ഒരു കമ്മ്യൂണിസ്റ്റു വിരുദ്ധപ്രവർത്തനംകൊണ്ടു നമുക്കു തൃപ്തിപ്പെട്ടിരിക്കുവാൻ സാദ്ധ്യമല്ല. പ്രത്യുത, നാം പലപ്രാവശ്യം അതിന്റെ ആവശ്യകതയും ഫലദായകത്വവും വിശദീകരിച്ചിട്ടുള്ളതുപോലെ, ധാർമ്മികമായ ക്രമത്തിൽ മനുഷ്യന്റെ സുരക്ഷിതത്വം അടിയുറപ്പിച്ചിട്ടുള്ളതും യഥാർത്ഥമായ മനുഷ്യപ്രകൃതിയെ ആദരിക്കുന്നതുമായ ഒരു സമുദായം കെട്ടിപ്പടുക്കുന്നതിനു നാം ഉൽബോധിപ്പിക്കുകയാണു്.

ഇത്തരുണത്തിൽ നാം പ്രത്യേകമായി ക്രിസ്ത്യാനികളെ ഉൽബോധിപ്പിക്കുന്നതിതാണു്. മററുള്ളവരേക്കാൾ വ്യക്തമായി നിങ്ങൾ മനസ്സിലാക്കണം, മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ, സാമൂഹികവും ചരിത്രപരവുമായ ജീവിതത്തിൽ മാനവവംശത്തിന്റെ ഇളക്കമില്ലാത്ത താങ്ങാണെന്നു്. അവിടുന്നു മനുഷ്യസ്വഭാവത്തെ സ്വയം സ്വീകരിച്ചുകൊണ്ടു് അതിനു ധാർമ്മികമായ ക്രമത്തിന്റെ അടിസ്ഥാനവും നിർണ്ണായകഘടകവുമെന്ന നിലയിലുള്ള ശ്രേഷ്ഠതയ്ക്കു സാക്ഷ്യം വഹിച്ചിരിക്കുന്നു. ആകയാൽ മാംസമായവതരിച്ച ദൈവവചനത്താൽ പവിത്രീകരിക്കപ്പെട്ട ആസ്ഥാനങ്ങളിലേക്കു ആധുനിക ജനസമുദായത്തെ അതിന്റെ സംഘടനകൾമാറ്റും പ്രത്യാഗമിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തോടെ പ്രവർത്തിക്കേണ്ടതു് ക്രിസ്ത്യാനികളുടെ പ്രമുഖമായ കർത്തവ്യമാണു്. ക്രിസ്ത്യാനികൾ അവരുടെ പൊതുജീവിതത്തിൽ വിശ്വാസത്തിന്റെ മാർഗ്ഗദർശകമായ ശക്തിവിശേഷങ്ങളെ പ്രവർത്തനരഹിതങ്ങളാക്കി അവരുടെ കർത്തവ്യനിർവഹണത്തിൽ അലസരാകുന്നുവെങ്കിൽ, അവരുടെ ഉത്തരവാദിത്വത്തിന്റെ തോതനുസരിച്ചു്, ബെത്ലഹേമിലെ പിള്ളത്തൊട്ടിയിൽ നമ്മുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ട ദൈവമനുഷ്യനെതിരായി വഞ്ചകരാകാതെ ഗത്യന്തരമില്ല. അതുകൊണ്ടു് ക്രിസ്തീയപ്രവർത്തനത്തിന്റെ ഗൗരവവും സമുന്നതമായ ലക്ഷ്യവും ലോകത്തിനു് ഫലദായകമായ സാക്ഷ്യമായിരിക്കട്ടെ. അതേസമയം തിരുസഭ ലൗകികമായ ശക്തിയാണു് ലക്ഷ്യമാക്കുന്നതെന്നുള്ള ആശങ്കയെ നിശ്ശേഷം നശിപ്പിക്കുന്നതിനു അതവസരമായിത്തീരുകയും ചെയ്യട്ടെ.

അതുകൊണ്ടു് ക്രിസ്ത്യാനികൾ അവരുടെ വിവിധങ്ങളായ സ്ഥാപനങ്ങളും സംഘടനകളും വഴി ഈ ലക്ഷ്യത്തിൽ ഏകീഭവിക്കുന്നുവെങ്കിൽ അവർ ലോകത്തിന്റെ നന്മയ്ക്കുവേണ്ടി ദൈവം അഭിലഷിക്കുന്ന സേവനം നിർവഹിക്കുന്നു എന്നുള്ളതുമാത്രമാണു് ഉദ്ദേശിക്കുന്നതു്. ദൗർബ്ബല്യത്തിനു പ്രതിവിധിയായിട്ടല്ല. പ്രത്യുത ശ്രേഷ്ഠമായ ഈ ആദർശത്തിനുവേണ്ടി ക്രിസ്ത്യാനികൾ സംഘടിക്കട്ടെ. മററുള്ളവരേക്കാൾ കൂടുതലായി ആരോഗ്യപരമായ എല്ലാ പരിശ്രമങ്ങളിലും യഥാർത്ഥമായ പുരോഗമനത്തിലും അവർ മുന്നണിയിൽ നില്ക്കട്ടെ. സ്വയരക്ഷയ്ക്കുവേണ്ടിയെന്നവണ്ണം ലോകത്തിൽ നിന്നകന്നു ഒററപ്പെട്ട ഒരു നില അവർ സ്വീകരിക്കാതിരിക്കട്ടെ. എല്ലാമനുഷ്യരുടേയും നന്മയെ പുരോഗമിപ്പിക്കുന്നതിനു ബാദ്ധ്യസ്ഥരായ അവർ മററുള്ളവരെ അവഗണിക്കാതിരിക്കുകയും, ക്രിസ്തീയ തത്വസംഹിതയിലെ സ്വാഭാവിക നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള തത്വങ്ങളെയെങ്കിലും സ്വീകരിക്കുന്നവരും ബുദ്ധിയുടെ പ്രകാശനത്തെ അനുസരണാബോധത്തോടുകൂടി പിൻതുടരുന്നവരുമായ എല്ലാവരോടും സഹകരിക്കുകയും ചെയ്യുമാറാകട്ടെ.

എന്നാൽ ഈ ക്രിസ്തീയ സേവനത്തെ അവഗണിക്കുകയും "കലർപ്പില്ലാത്ത ക്രിസ്തീയത്വം" "ആദ്ധ്യാത്മിക ക്രിസ്തീയത്വം" എന്നും മററും പറഞ്ഞു് ഈ ആദർശത്തെ എതിർക്കുകയും ചെയ്യുന്നവരെ നിങ്ങൾ സൂക്ഷിക്കണം. ഈ ദിവ്യസ്ഥാപനത്തിന്റെ മൗലികതത്വങ്ങൾ അവർ ഗ്രഹിച്ചിട്ടില്ല—ക്രിസ്തു സത്യദൈവമാണു്, എന്നാൽ അവിടുന്നു സത്യമനുഷ്യനുമാണു്. വി: പൗലോസ് അപ്പസ്തോലൻ മനുഷ്യനായവതരിച്ച ദൈവത്തിന്റെ പൂർണ്ണവും സമഗ്രവുമായ അഭീഷ്ടത്തെ നമുക്കു വിശദമാക്കിത്തരുന്നുണ്ടു്. "മദ്ധ്യസ്ഥൻ" എന്നും "മനുഷ്യൻ" എന്നുമുള്ള (തിമോത്തി 2, 5) രണ്ടു വ്യക്തമായ സംജ്ഞകൾ കൊണ്ടു് അദ്ദേഹം അവിടുത്തെ അഭിസംബോധനം ചെയ്യുമ്പോൾ അദ്ദേഹം ലക്ഷ്യമാക്കുന്നതു് ഭൗതികമായ ഈ ലോകത്തെക്കൂടി ദൈവമനുഷ്യനായ ക്രിസ്തുവിന്റെ അഭീഷ്ടാനുസരണം ക്രമവത്കരിക്കുക എന്നതാണു്. അതെ, അവിടുന്നു വഴി രക്ഷപെടുത്തപ്പെട്ടിട്ടുള്ള എല്ലാവരും ഈ മനുഷ്യസംജ്ഞയിൽ ഉൾപ്പെടുന്നു. (തുടരും)


## ഏകാന്തധ്യാനം

പുരുഷന്മാർക്കുവേണ്ടിയുള്ള ഏകാന്തധ്യാനം (എറണാകുളം കാമ്മൽ റിട്രീററു് ഭവനത്തിൽവച്ചു് നടത്തിയിരുന്നതു്) ഇക്കൊല്ലം ആലുവാ സേക്രട്ട് ഹാർട്ട് ആശ്രമത്തിൽവച്ചു്, 1956 മാർച്ചു് 28-ാംനു ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു്, ഏപ്രിൽ 1-ാംനു ഞായറാഴ്ച കാലത്തു അവസാനിക്കത്തക്കവിധം നടത്തുന്നതാണു്. അതിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ മാർച്ചു് 25-ാംനു-ക്കകം അറിയിക്കുക.

ഭക്ഷണച്ചിലവു് ക. 10—0—0

ധ്യാനഗുരു: വെരി റവ. ഫാ തിയോഫിൻ O. C. D.

സുപ്പീരിയർ, സേക്രട്ട് ഹാർട്ട് ആശ്രമം
തോട്ടമുഖം, ആലുവാ P. O.


അമ്പതുനോമ്പുകാലചിന്തകൾ

# ആത്മമിത്രം

[ഫാദർ ബർണർഡിൻ ഒ. സി. ഡി.]

ഒററിക്കൊടുക്കപ്പെട്ട സ്നേഹനാഥനെ ശത്രുക്കൾ ബന്ധിച്ചു. ബന്ധനസ്ഥനായ ഈശോയെ അന്നത്തെ പുരോഹിതപ്രമുഖനായ കയ്യിഫാസിന്റെ അരമനയിലേക്കു പടയാളികൾ കൊണ്ടുപോയപ്പോൾ അവിടുന്നു ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ശിഷ്യന്മാർ ജീവരക്ഷാർത്ഥം ഒഴിഞ്ഞുമാറുകയാണു ചെയ്തതു്. അവരുടെ പ്രവൃത്തി തെററാണെന്നു മനസ്സിലാക്കിയ പത്രോസും യോഹന്നാനും ഗുരുവിനെ വീണ്ടും അനുഗമിക്കുന്നതിനുതന്നെ തീരുമാനിച്ചു. പ്രധാനാചാര്യന്റെ പരിചയക്കാരനായ യോഹന്നാനു ഈശോയോടുകൂടി അകത്തു പ്രവേശിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. യോഹന്നാന്റെ ശുപാർശമൂലം പത്രോസിനും നടുമുററത്തു പ്രവേശിക്കുന്നതിനു സാധിച്ചു. അവിടെ തീകാഞ്ഞുകൊണ്ടിരുന്ന പത്രോസിനെ കണ്ടു ഒരാൾ പറയുകയാണു്, "ഇവനും അയാളോടുകൂടി ആയിരുന്നു" എന്നു്.(1) പത്രോസാകട്ടെ "ഞാൻ അയാളെഅറിയുകയില്ല"(2) എന്നു പറഞ്ഞു് അതു നിഷേധിക്കുകയാണു ചെയ്തതു്. അല്പംകഴിഞ്ഞപ്പോൾ മറെറാരുത്തൻ അയാളെ കണ്ടു് "നീയും അവരിൽ ഒരുവനാകുന്നു"(3) എന്നു പറഞ്ഞു. അതിനു പത്രോസ് "മനുഷ്യാ, ഞാനല്ല"(4) എന്നു പ്രതിവചിച്ചു. പിന്നെ ഉദ്ദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വേറൊരുത്തൻ "നിശ്ചയമായും ഇവനും അയാളോടുകൂടി ആയിരുന്നു; എന്തുകൊണ്ടെന്നാൽ ഇവൻ ഗലീലേയനാകുന്നു" എന്നു ദൃഢമായി പറഞ്ഞിട്ടും(5) "മനുഷ്യാ നീ പറയുന്നതു് എന്തെന്നു ഞാൻ അറിയുന്നില്ല"(6) എന്നു നിഷേധത്തിൽ മറുപടികൊടുക്കുവാൻ പത്രോസ് തെല്ലും മടിച്ചില്ല. അയാൾ ഇതു പറഞ്ഞുകൊണ്ടിരിക്കവേ തന്നെ കോഴികൂവി. തദവസരത്തിലാണു് യൂദന്മാർ കയ്യിഫാസിന്റെ അടുക്കൽനിന്നും പീലാത്തോസിന്റെ കൊട്ടാരത്തിലേക്കു് ഈശോയെ ആനയിച്ചതു്. മാർഗ്ഗമദ്ധ്യേ ഈശോ തിരിഞ്ഞു് പത്രോസിനെനോക്കി(7) അവിടുത്തെ ആത്മമിത്രമായ പത്രോസിന്റെ ഈ നിഷേധം നമ്മുടെ ദിവ്യരക്ഷകനെ എത്രമാത്രം വേദനപ്പെടുത്തിയിരിക്കണം. ശത്രുക്കളിൽനിന്നുള്ള നിന്ദനങ്ങൾ ദുസ്സഹമായിരുന്നെങ്കിൽ ആത്മമിത്രമായ പത്രോസിന്റെ ഈ നിഷേധം നമ്മുടെ ദിവ്യരക്ഷകനെ എത്രമാത്രം വേദനപ്പെടുത്തിയിരിക്കണം. ശത്രുക്കളിൽനിന്നുള്ള നിന്ദനങ്ങൾ ദുസ്സഹമായിരുന്നെങ്കിൽ ആത്മമിത്രങ്ങളിൽനിന്നുള്ളതു് അതിലും ദുസ്സഹമായിരുന്നെന്നതിനു് സംശയമില്ല.

ഒരു പുരോഹിതന്റെ ഏററവും വലിയ ദുഃഖം അദ്ദേഹം കൂടുതൽ നന്മചെയ്തിട്ടുള്ളവരുടെ കൃതഘ്നതയാണെന്നു് കാർഡിനൽ മാനിംഗ് പറയുന്നു. അങ്ങനെയാണെങ്കിൽ നിത്യപുരോഹിതനായ ക്രിസ്തുവിനു് അവിടുത്തെ വത്സലശിഷ്യന്റെ കൃതഘ്നത എത്ര മർമ്മഭേദകമായിരുന്നെന്നു് ഊഹിക്കുകയാണുത്തമം. മിശിഹായുടെ കണ്ണുകൾ പത്രോസിൽ പതിച്ചപ്പോൾ അയാളുടെ ഹൃദയം തുടിച്ചു. "കോഴി കൂകുന്നതിനുമുമ്പു് നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിക്കും"(8) എന്നു കർത്താവു അരുളിച്ചെയ്തിരുന്ന വാക്യം പത്രോസിന്റെ ഓർമ്മയിൽ വന്നു. അയാളുടെ കണ്ണുകളിൽനിന്നും ചുടുകണ്ണീർക്കണങ്ങൾ അടർന്നുവീണു. കദനഭാരം താങ്ങാൻ ശക്തനാകാതെ ആ സ്നേഹശിഷ്യൻ പുറത്തേക്കുപോയി വാവിട്ടു നിലവിളിച്ചു. ഇന്നു നമുക്കു പത്രോസിന്റെ സ്വഭാവം, അധഃപതനം, പശ്ചാത്താപം എന്നിവയെപ്പററി അല്പം ചിന്തിക്കാം.

സുവിശേഷം സാക്ഷ്യപ്പെടുത്തുന്നതുപോലെ പത്രോസ് വലിയ ദൈവഭക്തനായിരുന്നു. ശ്ലൈഹികസംഘത്തിൽ ചേരുന്നതിനുമുമ്പു് വി. സ്നാപകയോഹന്നാന്റെ ശിഷ്യനായിരുന്ന ശൈമൺ ദിവ്യരക്ഷകനെ കണ്ടപ്പോൾ സർവ്വവും ഉപേക്ഷിച്ചു് അവിടുത്തെ അനുഗമിച്ചു. പത്രോസിന്റെ ഭക്തിതീക്ഷ്ണതയാണു് താബോറിലേക്കും, സൈത്തുതോട്ടത്തിലേക്കും അവിടുത്തോടുകൂടി അയാളെ കൊണ്ടുപോകുവാൻ നമ്മുടെ കർത്താവിനെ പ്രേരിപ്പിച്ചതു്. മററുള്ളവരെ ദൈവഭക്തിയിലേക്കാനയിക്കുന്നതിനുള്ള കഴിവു് പത്രോസിനുണ്ടെന്നറിഞ്ഞിരുന്ന ദിവ്യനാഥൻ ആ ശിഷ്യനെത്തന്നെ തിരുസഭയുടെ പരമാദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. നിസ്സ്വാർത്ഥനും നിഷ്കപടനുമായ പത്രോസ് ദിവ്യഗുരുവിനോടുള്ള സ്നേഹവും ബഹുമാനവും അവസരം ലഭിച്ചപ്പോഴെല്ലാം പ്രദർശിപ്പിച്ചിരുന്നു. അന്ത്യഭോജനവേളയിൽ നമ്മുടെ കർത്താവു പത്രോസിന്റെ പാദങ്ങൾ കഴുകാൻ ചെന്നപ്പോൾ അദ്ദേഹം പറയുകയാണു് "അവിടുന്നു ഒരിക്കലും എന്റെ പാദങ്ങൾ കഴുകരുതു്" എന്നു്. ഈശോ അയാളോടു് "ഞാൻ നിന്നെ കഴുകാതിരുന്നാൽ, നിനക്കു എന്നോടുകൂടി പങ്കില്ല" എന്നരുളിച്ചെയ്ത നിമിഷത്തിൽ പത്രോസിന്റെ മട്ടുമാറി. "എന്റെ പാദങ്ങൾ മാത്രമല്ല, കൈകളും തലയുംകൂടെ കഴുകിക്കൊള്ളുക"(9) എന്നു് സ്നേഹനിർഭരനായി കേണപേക്ഷിക്കാൻതുടങ്ങി. എളിമയുടേയും ആത്മാർത്ഥസ്നേഹത്തിന്റേയും പ്രകടനമാണു് ഇവിടെ നാം ദർശിക്കുന്നതു്. ഇനി ടൈബീരിയസ് തടാകത്തിൽ അപ്പസ്തോലന്മാർ മീൻപിടിക്കുന്ന രംഗത്തിലേക്കു നമുക്കു കടക്കാം. ഉഷസ്സായപ്പോൾ ഈശോ കടൽത്തീരത്തു ചെന്നുനിന്നു. എന്നാൽ അതു് ഈശോയാണെന്നു ശിഷ്യന്മാർ അറിഞ്ഞില്ല. ഈശോയാകട്ടെ അവരോടു പലതും ചോദിച്ചു. യോഹന്നാൻ പറഞ്ഞപ്പോഴാണു് അതു കർത്താവാണെന്നു പത്രോസിനു മനസ്സിലായതു്. കർത്താവാണെന്നു കേട്ടപ്പോൾ, താൻ നഗ്നനായിരുന്നതുകൊണ്ടു് അങ്കിയെടു-

(1) Lc. 22—56
(2) Lc. 22—57
(3) Lc. 22—58
(4) Lc. 22—58
(5) Lc. 22—59
(6) Lc. 22—60
(7) Lc. 22—61
(8) Lc. 22—61
(9) Jo. 13—8-9

ത്തു അരയിൽചുററി പത്രോസ് കടലിൽചാടി, ഗുരുവിനോടുള്ള ബഹുമാനം പ്രത്യക്ഷമാക്കുകയും ചെയ്തു(10)

ഭക്തനും നിഷ്കളങ്കനും നിസ്വാർത്ഥനുമായിരുന്നെങ്കിലും പത്രോസിനു ചില ദൗർബല്യങ്ങളുമുണ്ടായിരുന്നു. അയാൾ സ്വയശക്തിയിൽ വിശ്വസിച്ചിരുന്നതിനാൽ മുൻകൂട്ടി ആലോചിക്കാതെ പലതും പ്രവർത്തിച്ചിരുന്നു. ഈ എടുത്തുചാട്ടമാണു പത്രോസിന്റെ വീഴ്ചയ്ക്കുള്ള പ്രധാനകാരണം. ഇതിനെതിരായി അനുസ്യൂതം അടരാടണമെന്നു ക്രിസ്തുനാഥൻ പലപ്പോഴും അയാളെ ഉപദേശിച്ചിട്ടുണ്ട്. ഒടുക്കത്തെ അത്താഴസമയത്തു് "ഞാൻ പോകുന്നിടത്തു എന്നെ അനുഗമിക്കുവാൻ ഇപ്പോൾ നിനക്കു സാധിക്കുകയില്ല; എന്നാൽ പിന്നീടു നീ എന്നെ അനുഗമിക്കും"(11) എന്നു അവിടുന്നു പറഞ്ഞപ്പോൾ "എന്തുകൊണ്ട് ഇപ്പോൾ അങ്ങയെ അനുഗമിക്കാൻ എനിക്കു സാധിക്കുന്നില്ല; അങ്ങേക്കുവേണ്ടി എന്റെ ജീവനെ ഞാൻ സമർപ്പിക്കും"(12) എന്നു പത്രോസ് മറുപടിപറഞ്ഞു. ഈ അവസരത്തിലാണ് "എനിക്കുവേണ്ടി നീ സ്വജീവനെ അർപ്പിക്കുമോ? മൂന്നുപ്രാവശ്യം നീ എന്നെ അപലപിക്കുന്നതുവരെ കോഴി കൂകുകയില്ല എന്നു സത്യം സത്യമായി നിന്നോടു ഞാൻ പറയുന്നു"(13) എന്നു ഗുരുനാഥൻ അരുളിച്ചെയ്തു. എന്നിട്ടും താൻ ബലഹീനനാണെന്നുള്ള വിചാരം പത്രോസിനുണ്ടായില്ല. ഗെസെത്തുതോട്ടത്തിലേക്കുള്ള മാർഗ്ഗമദ്ധ്യേ "നിങ്ങളെല്ലാവരും ഈ രാത്രിയിൽ എന്നെ വിട്ടുപിരിയും"(14) എന്നു ദിവ്യരക്ഷകൻ പറഞ്ഞപ്പോൾ പത്രോസ് വീണ്ടും പറയുകയാണ് "എല്ലാവരും നിന്നെ വിട്ടുപിരിഞ്ഞാലും ഞാൻ ഒരിക്കലും വിട്ടുപിരിയുകയില്ല"(15) എന്നു. ഗെസെത്തുതോട്ടത്തിൽവച്ച് ശിഷ്യന്മാർ ഉറങ്ങുന്നതുകണ്ട് നമ്മുടെ കർത്താവ് പത്രോസിനോടു ചോദിച്ചു: "സീമോനേ, നീ ഉറങ്ങുന്നുവോ? ഒരു മണിക്കൂർനേരത്തേക്കു ഉണർന്നിരിക്കുവാൻ നിനക്കു സാധിക്കുകയില്ലേ"(16) എന്നാൽ പത്രോസ് ഈ മുന്നറിയിപ്പൊന്നും അത്ര കാര്യമായി കരുതിയില്ല. തൽഫലമായി ക്രിസ്തുനാഥനെ അയാൾ മൂന്നുപ്രാവശ്യം നിഷേധിക്കുന്നതിനിടയായി

ഈശോയെ അറിയുകയില്ലെന്നു ആണയിട്ടുപറഞ്ഞ പത്രോസിനെ അവിടുന്നു തിരിഞ്ഞുനോക്കിയതു നാം കണ്ടുകഴിഞ്ഞു. പലപ്പോഴും ഈശോ ദുഃഖിതനായി കണ്ടിട്ടുണ്ട്. സുവിശേഷത്തിലെ ധനവാനായ യുവാവു പിന്തിരിഞ്ഞുപോയപ്പോഴും, നശിക്കുവാനിരുന്ന ജെറുസലേം നഗരത്തെ നോക്കിയപ്പോഴും, ലാസറിന്റെ കുഴിമാടത്തിനുസമീപം നിന്നപ്പോഴും അവിടുന്നു ഖിന്നനായി കാണപ്പെട്ടു. എങ്കിലും ഇത്ര മ്ലാനവദനനായി ഒരിക്കലും അവിടുന്നു ദൃശ്യനായിട്ടില്ല. അവിടുന്നു പത്രോസിനോടു നിശബ്ദനായി ചോദിച്ചിരിക്കണം, "പത്രോസേ, നീ എന്നെ അറിയുകയില്ലേ" എന്നു. "നിന്നെ ഞാൻ എന്റെ അപ്പസ്തോലനാക്കിയില്ലേ?" (17) "ഒരിക്കൽ ജലോപരി നടക്കുന്നതിനുള്ള ശക്തി നിനക്കു ഞാൻ നൽകിയില്ലേ?"(18) ഫിലിപ്പിന്റെ സെസരേയപ്രദേശങ്ങളിൽവച്ച് മനുഷ്യപുത്രൻ ആരാകുന്നുവെന്നു ഞാൻ ചോദിച്ചപ്പോൾ "അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു" നീ പറയുകയും "യോനായുടെ പുത്രനായ സീമോനേ, നീ അനുഗൃഹീതനാകുന്നു, എന്തുകൊണ്ടെന്നാൽ ജഡവും രക്തവുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ ഇതു നിനക്കു വെളിപ്പെടുത്തിത്തന്നതെന്നു ഞാൻ നിന്നോടരുളിച്ചെയ്യുകയും ചെയ്തില്ലേ?" (19) താബോർമലമുകളിൽ സൂര്യചന്ദ്രാദികളെ വെല്ലുന്ന പ്രഭയോടുകൂടി ഞാൻ രൂപാന്തരപ്പെട്ടപ്പോൾ എന്റെ ദൈവത്വം നീ പ്രത്യക്ഷമായി കണ്ടുകൊണ്ട്, "കർത്താവേ, ഇവിടെ വസിക്കുന്നതു നല്ലതാണ്. അങ്ങേയ്ക്കും, മോശയ്ക്കും, ഏലിയാസിനും ഓരോ കൂടാരം പണിയാമെന്നു" (20) നീ എന്നോടു പറഞ്ഞതല്ലേ? അപ്പത്തിന്റെ സാദൃശ്യത്തിൽ ലോകാവസാനംവരെ ഞാൻ എല്ലാവരുടേയും ഭോജ്യമായിത്തീരുമെന്നു മുൻകൂട്ടി അറിയിച്ചപ്പോൾ എന്റെ ശിഷ്യന്മാർ ഒഴിച്ച് എല്ലാവരും എന്നെ കൈവെടിഞ്ഞ അവസരത്തിൽ നിങ്ങളും പോകുന്നുവോ എന്നു വ്യസനപൂർവ്വം ഞാൻ ചോദിച്ചതു നീ ഓർക്കുന്നില്ലേ? ആ സമയത്തു അവരുടെ നാമത്തിൽ "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും, നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ട്; നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നുവെന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു." എന്നു നീ എന്നോടു പറഞ്ഞില്ലേ?"(21) "പത്രോസേ, നീ പാറയാകുന്നു, ഈ പാറമേൽ ഞാൻ എന്റെ പള്ളി പണിയും. നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല"(22) എന്നു ഞാൻ നിന്നോടരുളിച്ചെയ്തതു നീ മറന്നുപോയോ?" "ഇതാ ഗോതമ്പിനെ എന്നപോലെ നിങ്ങളെ പാററുവാൻ സാത്താൻ ആവശ്യപ്പെട്ടു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുന്നതിനു നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്"(23) എന്നു ഞാനല്ലേ നിന്നോടു പറഞ്ഞതു്. ഇങ്ങനെ ഒന്നിനു പിറകെ വേറൊന്നായി ദിവ്യരക്ഷകനും പത്രോസുമായി നടത്തിയിട്ടുള്ള സംഭാഷണരംഗങ്ങൾ അപ്പസ്തോലപ്രമുഖന്റെ മനോവേദിയിൽ ഉദിച്ചുയർന്നു എന്നു പറയുന്നതു അസംഗതമായിരിക്കുകയില്ല. താൻ ചെയ്ത അപരാധത്തിന്റെ കാഠിന്യം മനസ്സിലാക്കിയ പത്രോസ് പശ്ചാത്താപപരീതനായി കണ്ണുനീർ ചിന്തി. ദിവ്യരക്ഷകന്റെ നോട്ടത്തിൽ ദൈവത്തിന്റെ അനന്തമായ കരുണ ദർശിച്ച പത്രോസ് ഹൃദയംതകർന്ന് അവിടുത്തോടു മാപ്പുചോദിച്ചു. കോഴികൂകിയിരുന്നപ്പോഴെല്ലാം തന്റെ മഹാപാപത്തെ ഓർത്തു പത്രോസു കരഞ്ഞിരുന്നെന്നും അദ്ദേഹത്തിന്റെ മുഖത്തു രണ്ടു കണ്ണുനീർച്ചാലുകൾ ദർശിക്കാൻ കഴിഞ്ഞിരുന്നെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

പുനരുത്ഥാനാനന്തരം യേശു ശിഷ്യന്മാർക്കു മൂന്നാംപ്രാവശ്യം പ്രത്യക്ഷപ്പെട്ടപ്പോൾ അവിടുന്നു പത്രോസുമായി നടത്തിയ സംഭാഷണം ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. ഈശോ സീമോൻപത്രോസിനോട് "യോനായുടെ (പുത്രനായ) സീമോനേ, നീ ഇവരെക്കാൾ കൂടുതലായി എന്നെ സ്നേഹിക്കുന്നുണ്ടോ?" എന്നു ചോദിച്ചപ്പോൾ അയാൾ "ഉവ്വ്, കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്നു അങ്ങേക്കറിയാമല്ലോ" എന്നു മറുപടി പറഞ്ഞു. ചോദ്യവും ഉത്തരവും ആവർത്തിക്കപ്പെട്ടു. അങ്ങനെ രണ്ടു പ്രാവശ്യം ഏററുപറഞ്ഞിട്ടും തൃപ്തനാകാതെ മൂന്നാംപ്രാവശ്യവും അവിടുന്നു പത്രോസിനോട് "നീ എന്നെ സ്നേഹിക്കുന്നുണ്ടോ?" എന്നു ചോദിച്ചു. ഇപ്രാവശ്യം പത്രോസ് വ്യസനാക്രാന്തനായിത്തീർന്നു. "കർത്താവേ, അങ്ങേക്കു സമസ്തവും അറിയാം; ഞാൻ അങ്ങയെ സ്നേഹിക്കുന്നതും അങ്ങുന്നറിയുന്നുവല്ലോ"(24) എന്നു പറഞ്ഞ് സ്വശക്തിയിലുള്ള അവിശ്വാസവും ഈശോയോടുള്ള സ്നേഹവും പത്രോസ് പ്രകടമാക്കി. മൂന്നു പ്രാവശ്യം കർത്താവിനെ ഉപേക്ഷിച്ച പത്രോസ് മൂന്നുപ്രാവശ്യം ഈശോയോടുള്ള സ്നേഹം ഏററുപറഞ്ഞു. മാനസാന്തരാനന്തരമുള്ള ജീവിതം മുഴുവൻ ഈശോയിലും ഈശോയ്ക്കുവേണ്ടിയും ചെലവഴിക്കുന്നതിൽ പത്രോസ് സദാ ജാഗരൂകനായിരുന്നു. ബലഹീനതകൊണ്ട് ദിവ്യഗുരുവിനെ അപലപിച്ച അപ്പസ്തോലപ്രമുഖൻ സകല യാതനകളും സഹിക്കാൻ ശക്തനായി ക്രിസ്ത്വബ്ദം 67 ജൂൺ 29-ാംതിയതി ക്രിസ്തുവിനുവേണ്ടി കുരിശുമരണം വരിച്ച് പാപത്തിനു പരസ്യപരിഹാരമായി സ്വജീവനെ ബലിയർപ്പിച്ചു. അങ്ങനെ "തന്റെ സ്നേഹിതന്മാർക്കുവേണ്ടി സ്വജീവനെ ബലിയർപ്പിക്കുന്നതിനെക്കാൾ വലുതായ സ്നേഹം മറെറാന്നുമില്ല" എന്ന സ്നേഹനാഥന്റെ തിരുവായ്മൊഴി സാർത്ഥകമാക്കിക്കൊണ്ട് താൻ ക്രിസ്തുവിന്റെ ആത്മമിത്രമാണെന്നു തെളിയിക്കുകയും ചെയ്തു.

(10) Jo. 21—4-7
(11) Jo. 13—36
(12) Jo. 13—37
(13) Jo. 13—38
(14) Mt. 26—13
(15) Mt. 26—34
(16) Mt. 26—40
(17) Mt. 10—2
(18) Mt. 14—25-33
(19) Mt. 16—15-17
(20) Mt. 17—4
(21) Jo. 6—69-70
(22) Mt 16—18
(23) Lc. 22—31-32
(24) Jo. 21—15-17.

(1-ാംപേജ് തുടർച്ച)

ങ്ങിയ മഹാന്മാർ വിശ്വാസത്തിനുവേണ്ടി സഹിച്ച ത്യാഗങ്ങളോട് തുലനം ചെയ്യുമ്പോൾ കേവലം നിസ്സാരമല്ലേ ഇതെന്നു ചിലക്കു തോന്നിയേക്കാം. ധാരാളം പ്രവർത്തിക്കുവാനുള്ള ഇക്കാലത്തു അധികാരികൾ ആവശ്യപ്പെടുന്നതു മാത്രം ചെയ്തു അടങ്ങിയൊതുങ്ങി ജീവിക്കുക! എന്തൊരു ഭോഷത്വമെന്നു ചിലർ അത്ഭുതപ്പെടുന്നു. ലോകം ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സഭ കർമ്മനിരതരും ധീരമതികളുമായ വ്യക്തികളെ പ്രതീക്ഷിക്കുന്നു. അപ്പോഴാണോ ഈ അനുസരണത്തിനു സ്ഥാനം? വി: യൗസേപ്പ് ഇക്കാലത്തു നമ്മുടെ ആദർശമായി നില്ക്കുക എന്നതു് എങ്ങനെ സാധൂകരിക്കാൻ കഴിയും?


എങ്കിലും, സഭ കർമ്മോന്മുഖരായ വ്യക്തികളുടെ ധീരസേവനങ്ങളെ അഭിനന്ദിക്കുന്നതോടൊപ്പം ഈ വിശുദ്ധനെ നമുക്കു നിദർശനമായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. പ്രശാന്തനും പ്രസന്നവദനനുമായ ആ വിനീതൻ നിരങ്കുശമായ ലോകത്തെ തന്നിലേക്കു മാടിവിളിക്കുന്നു.

അനുസരണമായിരുന്നു തിരുക്കുടുംബത്തിലെ പ്രധാന ഗുണവിശേഷം. ക്രിസ്തുവിനെക്കുറിച്ചു വി. പൗലോസ് എഴുതുന്നതു് "അവിടുന്നു കുരിശുമരണത്തോളം അനുസരിച്ചുകൊണ്ട് തന്നെത്തന്നെ താഴ്ത്തി"യെന്നാണ്. വി. ലൂക്കാ ദിവ്യരക്ഷകന്റെ 30 കൊല്ലത്തെ രഹസ്യജീവിതം ഒററ വാക്യത്തിൽ സമാഹരിക്കുന്നു, "അവിടുന്നു അവർക്കു വിധേയനായി ജീവിച്ചു." "ഇതാ ദൈവത്തിന്റെ ദാസി അവിടുത്തെ തിരുച്ചിത്തംപോലെ എന്നിൽ സംഭവിക്കട്ടെ," ഇതായിരുന്നു മറിയത്തിന്റെ മനോഭാവം.

വി. യൗസേപ്പിന്റെ അനുസരണത്തിന്റെ ആഴം അളന്നു കുറിക്കുന്ന ഒരു ഭാഗം വിശുദ്ധ ഗ്രന്ഥത്തിലുണ്ട്. അതു് ഈജിപ്തിലേക്കു പലായനം ചെയ്യുവാൻ മാലാഖാ അറിയിച്ച സമയത്താണ് വ്യക്തമായതു്. വിശുദ്ധ മത്തായി അതു ഇപ്രകാരം രേഖപ്പെടുത്തുന്നു. "അവർ (പൂജരാജാക്കന്മാർ) പോയതിനുശേഷം സ്വപ്നത്തിൽ ദൈവത്തിന്റെ ഒരു ദൂതൻ യൗസേപ്പിനു കാണപ്പെട്ടു പറഞ്ഞു, "എഴുന്നേററു ശിശുവിനേയും അവന്റെ അമ്മയേയും കൂട്ടി ഈജിപ്തിലേക്കു പുറപ്പെടുക. എന്തുകൊണ്ടെന്നാൽ, ഹേറോദേസ് കുട്ടിയെ കൊല്ലുന്നതിനു അന്വേഷിക്കുന്നു." വിശുദ്ധ മത്തായിയുടെ തുടർന്നുള്ള വാക്യം നോക്കുക. "അവൻ എഴുന്നേററു കുട്ടിയേയും മാതാവിനേയും കൂട്ടി ആ രാത്രിയിൽതന്നെ ഈജിപ്തിലേക്കു പുറപ്പെട്ടു. ഹേറോദേസിന്റെ മരണംവരെ അവൻ അവിടെയായിരുന്നു."

സാധാരണക്കാർ വല്ലവരുമായിരുന്നുവെങ്കിൽ ആ ദൈവദൂതനുമായി ഒരു തർക്കത്തിനുതന്നെ മുതിരുമായിരുന്നു. "ഈ പാതിരാവിൽതന്നെ വേണോ? എന്തുകൊണ്ടു പുലരിവരേയും നിന്നുകൂടാ? കുട്ടിയും തള്ളയും സുഖമായി കിടന്നുറങ്ങുകയല്ലേ. എങ്ങനെ ഈ കഠിനശൈത്യത്തിൽ പുറപ്പെടും. ഈജിപ്തിലേക്കോ? അവിടെ എനിക്കു യാതൊരു പരിചയവുമില്ലല്ലോ. എനിക്കു വഴിയും അറിഞ്ഞുകൂടാ. ദീർഘമായ ആ യാത്രയ്ക്കു ഞാൻ ഒന്നും ഒരുങ്ങിയിട്ടില്ല കള്ളന്മാർ ധാരാളമുള്ള ആ വഴിയിൽക്കൂടി ഞാൻ എങ്ങനെ യാത്രചെയ്യും. അതും അർദ്ധരാത്രിയിൽ. ഒരു അപരിചിതരാജ്യത്ത് യാതൊരു മുൻകരുതലുമില്ലാതെ അനിശ്ചിതകാലത്തേക്കു ജീവിക്കുക. അവിടത്തെ ഭാഷയും എനിക്കു അറിഞ്ഞുകൂടാ. എന്റെ സ്വത്തുക്കളും മററും ഞാൻ എന്തുചെയ്യും? എനിക്കു അവയെ വിററഴിക്കുവാനെങ്കിലും സമയം അനുവദിക്കൂ. ഹേറോദേസ് കുട്ടിയെ നശിപ്പിക്കുവാൻ അന്വേഷിക്കുമെന്നതു തക്കകാരണമല്ല. ദൈവപുത്രനെ സംരക്ഷിക്കുവാൻ ദൈവദൂതന്മാരില്ലേ? ഈ ശിശുവിന്റെ പിറവിയിൽ ദൈവം വാനാരൂപികളെ അയച്ചില്ലേ? എന്തുകൊണ്ട് അത്യാവശ്യമായ ഈ സമയത്തും അവരെ അയച്ചുകൂടാ? ഫറവോന്റെ രാജ്യത്തിൽ അസിറിയാക്കാരേയും പ്രഥമജാതരേയും നശിപ്പിക്കുവാൻ അവിടുന്നു തന്റെ ദൂതനെ അയച്ചുവല്ലോ." ഇങ്ങനെ പോകുമായിരുന്നു അവരുടെ വാഗ്ദാ


എവറസ്റ്റ് കോളർ



സി. എ. ഔസേഫ് & സൺസ്
ആഭരണവ്യാപാരം, തൃശൂർ

വാരാന്ത്യവീക്ഷണം

# സിയാറ്റോസമ്മേളനം


സീയാറ്റോ കൗൺസിലിന്റെ ഒരു സമ്മേളനം കഴിഞ്ഞ ആഴ്ചയിൽ കറാച്ചിയിൽവച്ചു് നടന്നിരിക്കുന്നു. ഇൻഡ്യയും പാക്കിസ്ഥാനും തമ്മിലുള്ള കാഷ്മീർപ്രശ്നം ഐക്യരാഷ്ട്രസംഘടന നിർദ്ദേശിച്ചിരിക്കുന്ന ഹിതപരിശോധന മുഖേനയോ അല്ലെങ്കിൽ ഇരുകക്ഷികളും നേരിട്ടു സംഭാഷണങ്ങൾ നടത്തിയോ തീരുമാനിക്കേണ്ടതാണെന്നു് കൗൺസിൽ ഐകകണ്ഠ്യേന തീരുമാനിച്ചെന്നു് സമ്മേളനത്തിന്റെ അവസാനത്തിൽ പരസ്യപ്പെടുത്തിയ പ്രസ്താവനയിൽ പറയുന്നുണ്ടു്. കൂടാതെ, പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിലുള്ള അതിർത്തിത്തർക്കത്തിൽ ഡ്യൂറാണ്ടു് രേഖ അംഗീകരിക്കപ്പെടേണ്ടതാണെന്നും ഈ പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ടു്. കാഷ്മീർ പ്രശ്നത്തെപ്പറ്റിയുള്ള സീയാറ്റോയുടെ പരാമർശത്തിൽ നൂതനമായിട്ടു ഒന്നുംതന്നെയില്ല. ഐക്യരാഷ്ട്രസംഘടന അംഗീകരിച്ചിട്ടുള്ള നിലപാടിനെ എടുത്തു പറഞ്ഞിട്ടേയുള്ളു. എന്നാൽ ഇക്കാര്യത്തിൽ ഇടപെടുന്നതിനു് ഐക്യരാഷ്ട്ര സംഘടനയ്ക്കല്ലാതെ സീയാറ്റോയ്ക്കെന്തുകാര്യമെന്നുള്ള ചോദ്യത്തിനവകാശമുണ്ടു്. പാക്കിസ്ഥാനെ തൃപ്തിപ്പെടുത്തുവാൻവേണ്ടി മനസ്സില്ലാമനസ്സോടെയാണു് സീയാറ്റോ കൗൺസിൽ ഇങ്ങനെ ഒരു പ്രസ്താവന പുറപ്പെടുവിച്ചതു്. കാഷ്മീർപ്രശ്നത്തിൽ റഷ്യൻ നേതാക്കന്മാർ ഇൻഡ്യയുടെ നിലപാടിനെ അംഗീകരിച്ചതു് തങ്ങളുടെ പാദങ്ങളെ വല്ലാതെ ബലഹീനപ്പെടുത്തിയിട്ടുണ്ടെന്നും അതുകൊണ്ടു് സീയാറ്റോ രാഷ്ട്രങ്ങൾ തങ്ങൾക്കു് ഈ കാര്യത്തിൽ പരസ്യമായ പിന്തുണ നൽകേണ്ടതാണെന്നും കുറേക്കാലമായി പാക്കിസ്ഥാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. പക്തൂണിസ്ഥാൻ പ്രശ്നത്തിലും പാക്കിസ്ഥാന്റെ നില ഇതായിരുന്നു. ഈ കാര്യത്തിൽ റഷ്യൻ നേതാക്കന്മാർ അഫ്ഗാനിസ്ഥാനു് പരസ്യമായ പിന്തുണ നൽകിയതു പാക്കിസ്ഥാനെ അമ്പരപ്പിച്ചു. അതിനുപകരമായി സീയാറ്റോ ശക്തികൾ ഡ്യൂറൻഡു രേഖ അംഗീകരിച്ചു തങ്ങളെ അനുകൂലിക്കണമെന്നു് പാക്കിസ്ഥാൻ നിർബന്ധിച്ചുകൊണ്ടിരിക്കയായിരുന്നു. സീയാറ്റോ ശക്തികൾ ഇപ്പോൾ ഡ്യൂറൻഡു രേഖ അംഗീകരിക്കയും അങ്ങനെ പാക്കിസ്ഥാന്റെ നിലപാടിനു പിന്തുണ നൽകുകയും ചെയ്തിരിക്കയാണു്. സീയാറ്റോയുടെ പ്രസ്താവനമൂലം ഇൻഡ്യയിൽ ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെ ലഘൂകരിക്കാൻ ബ്രിട്ടനും അമേരിക്കയും പരമാവധി ശ്രമിച്ചിട്ടുണ്ടു്. സമ്മേളനത്തിനുമുമ്പു ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മി. സെൽവിൻ ലോയിഡ്. ഡെൽഹിയിലെത്തി മി. നെഹ്റുവിനെക്കണ്ടു സംഭാഷണങ്ങൾ നടത്തി. സീയാറ്റോ കൗൺസിൽ കാഷ്മീർകാര്യം ചർച്ചചെയ്യുന്നതു് ശരിയല്ലെന്നു് അദ്ദേഹം പറയുകയും ചെയ്തു. സമ്മേളനത്തിന്റെശേഷം അമേരിക്കൻ സ്റ്റേറ്റു സിക്രട്ടറി മി. ഡല്ലസ്സും മി നെഹ്റുവിനെക്കണ്ടു് സംഭാഷണങ്ങൾ നടത്തുകയുണ്ടായി.

---

ം. എന്നാൽ നമ്മുടെ പിതാവ് അതിനൊന്നും മുതിർന്നില്ല. അദ്ദേഹം ഉടനെ എഴുന്നേറ്റു് ശിശുവിനേയും മാതാവിനേയും വിളിച്ചുണർത്തി ആ രാത്രിയിൽതന്നെ ഈജിപ്തിലേക്കു പുറപ്പെട്ടു. ഇതാണു് ആ മഹാസിദ്ധൻ നമുക്കു നൽകുന്ന വലിയ പാഠം. ഇതനുസരിച്ചു ജീവിതാന്തസ്സിന്റെ ശുദ്ധത പാലിച്ചും വിധേയത്വമനോഭാവം പ്രകടിപ്പിച്ചും യഥാർത്ഥ കത്തോലിക്കാജീവിതം നാം നയിക്കണം.

ഈ വിശുദ്ധൻ തിരുസഭ മുഴുവന്റെയും പ്രത്യേക മദ്ധ്യസ്ഥനാണു്. നസ്രസിലെ ആ ചെറുഭവനത്തെ ആപൽഘട്ടത്തിൽനിന്നു രക്ഷിച്ചതുപോലെ അവിടുന്നു തിരുസഭയേയും അവളുടെ അരുമസന്താനങ്ങളേയും സംരക്ഷിച്ചുപോരുന്നു. അതുകൊണ്ടു ശക്തനും ബലഹീനനും പണക്കാരനും പണിക്കാരനും അജ്ഞനും അഭിജ്ഞനും എല്ലാവരും തങ്ങളുടെ ആവശ്യങ്ങൾക്കായി ഈ പൊതുപിതാവിനെ സമീപിക്കട്ടെ.

നമ്മുടെ വിശുദ്ധൻ നന്മരണത്തിന്റെ ഒരു പ്രത്യേകമദ്ധ്യസ്ഥൻകൂടിയാണു്. ഈ വിശുദ്ധനെപ്പോലെ നമ്മുടെ അന്ത്യനേരവും ശാന്തവും ഈശോയിലും മറിയത്തിലുമായിരിക്കട്ടെ. അദ്ദേഹത്തെ അന്ത്യവേളയിൽ പരിചരിച്ച ആ ദിവ്യകരങ്ങൾ തന്നെ നമ്മേയും പരിചരിക്കട്ടെ.

സി.കെ.പോൾ&കമ്പനി
ആഭരണവ്യാപാരം
എറണാകുളം. ഫോൺ 536


## വിശാലാന്ധ്രയും മഹാപഞ്ചാബും

ആന്ധ്രയുടേയും പഞ്ചാബിന്റെയും ഭാഷാസംസ്ഥാനപ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ കേന്ദ്രഗവമ്മേണ്ടു് ചെയ്ത പരിശ്രമങ്ങൾ വിജയിച്ചിരിക്കുന്നുവെന്നു് പറയാം. തെലുങ്കാനായും ആന്ധ്രയും സംയോജിപ്പിച്ചുകൊണ്ടു് ഒരു വിശാലാന്ധ്രാസംസ്ഥാനത്തിനു രൂപംകൊടുക്കുന്നതിനു് കേന്ദ്രഗവമ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു. സംസ്ഥാന പുനസ്സംഘടനാബില്ലിൽ ഇതിലേക്കു വേണ്ട വകുപ്പുകളുണ്ടായിരിക്കുമെന്നും തെലുങ്കാനായ്ക്കും ആന്ധ്രയ്ക്കും വെവ്വേറെ മേഖലാ കൗൺസിലുകളുണ്ടായിരിക്കുമെന്നും പ്രധാനമന്ത്രി മി നെഹ്റു കഴിഞ്ഞ ആഴ്ചയിൽ ലോകസഭയിൽവച്ചു വെളിപ്പെടുത്തുകയുണ്ടായി. പുതിയ നിർദ്ദേശങ്ങളെ തെലുങ്കാനാനേതാക്കന്മാരിൽ പലരും സ്വാഗതം ചെയ്തിട്ടുണ്ടു്. മേഖലാകൗൺസിലുകൾക്കു് ഗണ്യമായ പ്രാധാന്യവും അധികാരങ്ങളും കൊടുക്കാമെന്നു് കേന്ദ്രനേതൃത്വം വാഗ്ദാനം ചെയ്തിട്ടുള്ളതുകൊണ്ടാണു് തെലുങ്കാനാ നേതാക്കന്മാർ അവരുടെ എതിർപ്പുകൾ അവസാനിപ്പിച്ചതു്. മഹാപഞ്ചാബിന്റെ കാര്യത്തിലും മേഖലാ കൗൺസിലുകളുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനമുണ്ടായിട്ടുണ്ടു്. അകാലിനേതാക്കന്മാരും കേന്ദ്രഗവമ്മെണ്ടുമായി പഞ്ചാബിന്റെ പ്രശ്നങ്ങളെപ്പറ്റി നടന്ന സംഭാഷണങ്ങളുടെ ഫലമായിട്ടാണു് ഒരു ഒത്തുതീർപ്പുണ്ടായതു്. അകാലിനേതാവായ മാസ്റ്റർ താരാസിങ്ങ് ഗവമ്മെണ്ടു് നിർദ്ദേശങ്ങളെ വ്യക്തിപരമായി അംഗീകരിച്ചിട്ടുണ്ടെന്നും ഇനിയും അകാലിസംഘടന ഔപചാരികമായി അവയെ അംഗീകരിക്കണമെന്നു മാത്രമേയുള്ളുവെന്നുമാണു വിശ്വസിക്കപ്പെടുന്നതു്. പഞ്ചാബിൽ സിക്കുകാർക്കു് ഭൂരിപക്ഷമുള്ള ഒരു മേഖലയും ഹിന്ദിസംസാരിക്കുന്നവർക്കു് ഭൂരിപക്ഷമുള്ള മറ്റൊരു മേഖലയുമുണ്ടായിരിക്കുമെന്നും പറയപ്പെടുന്നു. പഞ്ചാബിലും ആന്ധ്രയിലും സ്വീകരിക്കപ്പെടുന്ന തത്വങ്ങൾതന്നെ മഹാരാഷ്ട്രത്തിന്റെയും ഗുജറാത്തിന്റെയും കാര്യത്തിലും ഒടുവിൽ സ്വീകരിക്കപ്പെട്ടേക്കാം. കേരളവും കർണ്ണാടകവും തമ്മിൽ പലരും പ്രതീക്ഷിക്കുന്നതുപോലെ സംയോജനമുണ്ടായാൽ അവിടെയും പഞ്ചാബുമാതൃകയിലുള്ള മേഖലാകൗൺസിലുകൾതന്നെ സ്വീകരിക്കപ്പെടേണ്ടിവരുന്നതാണു്.

## ഉപകാരസ്മരണ

തിരുക്കുടുംബത്തിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ജോസഫ്

## വിനോദവീഥി

യുദ്ധകാലത്തു ഒരമേരിക്കൻ വിമാനത്താവളത്തിൽ ടെലെഫോൺമണി തുരുതുരെ അടിച്ചുതുടങ്ങി. വിമാനത്തിൽനിന്നു അപ്പോൾതന്നെ ഇറങ്ങിയ പയലറ്റാണു് സന്ദേശം സ്വീകരിച്ചതു്. പയലറ്റ ഓടിച്ചിരുന്ന വിമാനത്തെപ്പറ്റി കമാണ്ടറോടു പരാതിപ്പെടുകയായിരുന്നു സന്ദേശമയച്ച വനിത.

വനിത:- "സർ, ഈ വിമാനങ്ങളുടെ ഉപദ്രവംകൊണ്ടു് കിടക്കപ്പൊറുതിയില്ല. വേണ്ട നടപടി ഉടനെ എടുക്കണം.

പയലറ്റ്:- "അതു റഷ്യൻ വിമാനങ്ങളാണോ? നിങ്ങൾക്കു തിരിച്ചറിയാൻ കഴിയുമോ?"

വനിത:- "റഷ്യൻ വിമാനങ്ങളല്ല! നിങ്ങളുടെതന്നെ വിമാനങ്ങളാണു്".

പയലറ്റ്:-"ദൈവാനുഗ്രഹം! നിങ്ങൾ ഒന്നും ഭയപ്പെടേണ്ട."

x x x



"അയ്യോ പൊന്നുകുഞ്ഞാങ്ങമ്മ, എന്റെ ചാക്കപ്പനിടിവെട്ടിച്ചത്തുപോയല്ലോ!"

"ചുമ്മായിരി മത്തുക്കുട്ടാ, അങ്ങോരുടെ കായക്കുല കള്ളൻകൊണ്ടേയിട്ടാ. ചത്തിട്ടും മറ്റുല്ല. ബോധക്കേടേ ഒള്ളൂ."

## വിവാഹവാർത്ത

ചേപ്പുംപാറ: ഈ ഇടവക തൊണ്ടൻപള്ളിൽ ശ്രീ വർക്കി മത്തായിയുടെ മകൻ ചാക്കോ (വക്കച്ചൻ)യും കൂടല്ലൂർപള്ളി ഇടവക ചക്കാലകിഴക്കേതിൽ ശ്രീ മത്തായിയുടെ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം ഫെബ്രുവരി 13-ാംനു ചേപ്പുംപാറ പള്ളിയിൽവച്ചു് നടന്നിരിക്കുന്നു ഫാദർ നീലംപേരിൽ വിവാഹകമ്മം ആശീർവ്വദിച്ചു.


## യുവതികൾക്കു ഏകാന്തധ്യാനം

### ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടുന്ന യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെന്റു് മേരിസ് ഹൈസ്കൂളിൽവച്ചു് 1956 ഏപ്രിൽ 16-ാംനു (പതിനാറാം തീയതി) തിങ്കളാഴ്ച വൈകുന്നേരം തുടങ്ങുന്നതും 20-ാംനു (ഇരുപതാം തീയതി) വെള്ളിയാഴ്ച കാലത്തു അവസാനിക്കുന്നതുമാണു്. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരിയാണു്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ്ഫീസ് 7 രൂപാ മാത്രം.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 8-ാംനു (എട്ടാംതീയതി)ക്കകം വിവരം അറിയിക്കേണ്ടതാണു്.

Mother Superior, S. D.,
Chunangamvely, Alwaye

## നിങ്ങളുടെ ആഗ്രഹം

നല്ല ഒരു ഗൃഹം, സഞ്ചരിക്കുന്നതിനു് ഒരു കാർ, ആദായം നൽകുന്ന കൃഷിത്തോട്ടം, വ്യാപാരത്തിൽ മൂലധനം, അരുമസന്താനങ്ങളുടെ വിദ്യാഭ്യാസം, വിവാഹം, എന്നിങ്ങനെ പോകുന്നു നിങ്ങളുടെ ആഗ്രഹങ്ങളുടെ നീണ്ട പട്ടിക—

എന്നാൽ അവ പ്രായോഗികമാക്കുന്നതിനുള്ള ധനാഗമപദ്ധതികൾ പലരും ആരായുന്നില്ല. ഞങ്ങളുടെ പഞ്ചവത്സരകുറി നിങ്ങൾക്കു ഒരു പുതിയ മാർഗ്ഗം തുറന്നിരിക്കുന്നു. 600 ക മുതൽ 3—2—0 വരെയുള്ള അംശം ചേരാം. ആകെ സല 60 000 ക തവണാൾ കമ്മിഷൻ 1.6% മാത്രം. ആദ്യനറുക്കെടുപ്പും ലേലവും 1956 ഏപ്രിൽ 7-ാംതിയതി. തപാലിൽ യാചിക്കുക കൂടുതൽ വിവരങ്ങൾക്കു,

### ഫെഡറൽ ബാങ്കു ക്ലിപ്തം, ആലുവാ

ബ്രാഞ്ചുകൾ— അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ.

## തൈക്കാട്ടു് മൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

### ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.


## ചരമവാർത്തകൾ

കാട്ടുകുറ്റി: സ്ഥലം പള്ളി ഇടവക കോനുപറമ്പൻ ചാക്കുണ്ണി ചെറിയയുടെ മാതാവു് തന്റെ 85-ാമത്തെ വയസ്സിൽ മാർച്ച് 8-ാംനു വൈകുന്നേരം 4-30 നു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. 9-ാംനു വൈകുന്നേരം കാട്ടുകുറ്റി പള്ളിവികാരി അവർകളുടെ കാർമ്മികത്വത്തിൽ ശവസംസ്കാരം യഥാവിധി നടത്തപ്പെട്ടു. അനേകം സാധുക്കൾക്കു അന്നദാനം നൽകപ്പെട്ടു.

തോട്ടക്കര: ഈ ഇടവക വാളായിൽ ശ്രീ ഔത കുര്യാക്കോയുടെ മാതാവു് ത്രേസ്യാ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ തന്റെ 82-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പല ബഹു: വൈദികരുടേയും ഒരു വലിയ ജനസമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ ഫാദർ ജോസഫ് ശങ്കുരിക്കൽ ചരമപ്രസംഗം നടത്തി. റവ സിസ്റ്റർ ഗ്ലോറിയ പരേതയുടെ പൗത്രിയും റവ ഫാദർ ഫ്രാൻസിസ് വാളായിൽ, ഫാദർ മടത്തനാൽ എന്നിവർ മർത്ത സഹോദരപുത്രന്മാരുമാണു്.

പെരുങ്കുഴ: പെരുങ്കുഴപള്ളി ഇടവക കണിമറ്റത്തിൽ ശ്രീ ഉലഹന്നാൻ വർക്കി 75-ാമത്തെ വയസ്സിൽ ഫെബ്രുവരി 29-ാംനു നിര്യാതനായിരിക്കുന്നു ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.



ഉദ്ദിഷ്ടകാര്യ സാദ്ധ്യത്തിനു് ഉപകാരസ്മരണ.

Mrs. Kunjamma George
Kattanam

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol· 29 | MARCH 14, ERNAKULAM | No· 31


## ലോകസമാധാനസ്ഥാപന സംരംഭങ്ങളുടെ അടിസ്ഥാനം

ലോകജനത അത്യധികം അഭിലഷിക്കുകയും അത്യാകാംക്ഷാപൂർവ്വം ആരായുകയും ചെയ്യുന്ന സമാധാനം കൈവരുത്തുന്നതിനു പ്രസ്തുത സംരംഭങ്ങളുടെ അടിത്തറയായി നിലകൊള്ളേണ്ട തത്വങ്ങളെ പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഒരിക്കൽക്കൂടി ലോകസമക്ഷം അവതരിപ്പിച്ചിരിക്കുന്നു. മാർപ്പാപ്പായ്ക്കു 80 വയസ്സ് തികയുന്ന അവിടുത്തെ തിരുനാൾ പ്രമാണിച്ച് വത്തിക്കാനിലെ വിവിധരാജ്യനയതന്ത്രപ്രതിനിധികൾ ഈ മാർച്ചുമാസം 4-ാംനു അവിടുത്തെ സന്ദർശിച്ച് അവർ പ്രാതിനിധ്യം വഹിക്കുന്ന ഓരോ രാജ്യങ്ങളും ലോകസമാധാനത്തിനു വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളെ വിവരിക്കുന്ന രേഖകളടങ്ങിയ ഓരോ വാല്യം തിരുമനസ്സിലേക്കു സമർപ്പിക്കുകയുണ്ടായി. ലോകസമാധാനം അവിടുത്തെ ജീവിതലക്ഷ്യമായി കരുതി അതിൻവേണ്ടി നിസ്തന്ദ്രം പരിശ്രമിച്ചുപോരുന്ന തിരുമേനിക്കു ഏറ്റവും ഇഷ്ടപ്പെട്ട ഒരു തിരുനാൾ സമ്മാനമായിരിക്കും അതെന്നു ആ രാജ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചതിൽ അത്ഭുതമില്ല. അവിടുത്തെ പരിശ്രമങ്ങളിൽ പ്രസ്തുത രാജ്യങ്ങൾക്കുള്ള മതിപ്പും അവയെല്ലാം അതിൽ സഹകരിക്കുന്നതിനുള്ള സന്നദ്ധതയും ഇതു വ്യക്തമാക്കുകയും ചെയ്യുന്നതാണല്ലോ. വെള്ളത്തുകലിൽ ഭംഗിയായി ബയൻറുചെയ്തു സജ്ജമാക്കിയിട്ടുള്ള ഈ 49 പ്രാമാണികഗ്രന്ഥങ്ങൾ പരിശുദ്ധ പിതാവു അത്യാനന്ദത്തോടും കൃതജ്ഞതയോടുംകൂടി സ്വീകരിക്കുകയുംചെയ്തു. നയതന്ത്രപ്രതിനിധികളുടെ ഈ സന്ദർശനവേളയിൽ അവർക്കു കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ട് പരിശുദ്ധ പിതാവു നിർവ്വഹിച്ച പ്രസംഗത്തിനിടയിലാണ് പ്രസ്തുത മൗലികതത്വത്തിനു തിരുമേനി ഒരിക്കൽക്കൂടി പ്രകാശനം നൽകിയതു്. "മനുഷ്യവ്യക്തിത്വത്തോടും അവന്റെ സ്വാഭാവികാവകാശങ്ങളോടുമുള്ള പരിപൂർണ്ണമായ ആദരവ് എന്ന അടിസ്ഥാനത്തിൽ മാത്രമേ സമാധാനം സംസ്ഥാപിതമാവുകയുള്ളൂ" എന്നാണ് അവിടുന്നു പ്രസ്താവിച്ചതു്.

മൗലികമായ ഈ തത്വത്തെ പരിശുദ്ധ മാർപ്പാപ്പാ അവിടുത്തെ ക്രിസ്തുമസ് സന്ദേശത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഒരു ഭാഗത്തു തിരുമേനി ഇതേപ്പറ്റി പറഞ്ഞിട്ടുള്ളതിപ്രകാരമാണ്:- "സാങ്കേതിക നേട്ടങ്ങളുടേയും വ്യാവസായിക പുരോഗതിയുടേയും ഇന്നത്തെ യുഗത്തിൽ, ലോകത്തിലുള്ള സചേതനങ്ങളും അചേതനങ്ങളുമായ വസ്തുക്കളുടെമേലെല്ലാം മനുഷ്യൻ വിജയം നേടിയിരിക്കുന്നുവെന്നുള്ള വസ്തുത, ചരിത്രത്തിന്റെ അധിനാഥനായ ക്രിസ്തുവിന്റെനേർക്കു അവർ പ്രദർശിപ്പിക്കേണ്ട അനുസരണത്തേയും, ദൈവത്താൽ അവൻ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയേയും അനാദരിക്കുന്നതിനുള്ള ഏതെങ്കിലും അർഹത അവനു പ്രദാനം ചെയ്യുന്നില്ല. മാത്രമല്ല, സുരക്ഷിതത്വത്തിനുവേണ്ടിയുള്ള വ്യഗ്രതാപൂർണ്ണമായ പര്യന്വേഷണങ്ങൾക്കുള്ള ആവശ്യകത വളരെയധികം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ലോകത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള അവഗണനയും വിസ്മരണയും മനുഷ്യനിൽ ആശങ്കാബോധവും, ഇന്നത്തെ സാങ്കേതികയുഗത്തിനു പ്രത്യേകമായ ഒരു അരക്ഷിതാവസ്ഥയും അസ്വാസ്ഥ്യവുമാണ് ഉളവാക്കിയിരിക്കുന്നതെന്നു ആധുനികാനുഭവങ്ങൾ പ്രത്യക്ഷമാക്കിക്കാണിക്കുന്നുമുണ്ട്. ക്രിസ്തുവിനെ അവഗണിക്കുന്നതുകൊണ്ട്, എല്ലാക്കാലത്തും എല്ലാ സ്ഥലത്തും സാമൂഹികജീവിതത്തിന്റെ അടിസ്ഥാനഘടകമായിരിക്കുന്നതിനു ദൈവത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള, മനുഷ്യസ്വഭാവത്തിന്റെ യാഥാർത്ഥ്യബോധത്തേയും നിഷേധിക്കുന്നതിനു അവൻ നിർബന്ധിതനായിത്തീർന്നിരിക്കുന്നു. മനുഷ്യന്റെ സാമൂഹികജീവിതത്തിൽ ആന്തരികമായ ഉറപ്പും സുരക്ഷിതത്വവും കണ്ടെത്തുന്നതിനു്; ദൈവത്താൽ അഭിലഷിക്കപ്പെട്ടിട്ടുള്ള, യഥാർത്ഥ മനുഷ്യപ്രകൃതിയെ സംബന്ധിക്കുന്ന തത്വങ്ങളെ മുറുകെ പിടിക്കുന്നതിനും നവചൈതന്യത്തോടുകൂടി ആശ്ലേഷിക്കുന്നതിനും മനുഷ്യമനസ്സിനെ പ്രതിനിവർത്തിപ്പിക്കുകയല്ലാതെ മറ്റൊന്നുമാർഗ്ഗമാണ് കരണീയമായിട്ടുള്ളതു്?" പരിശുദ്ധ പിതാവിന്റെ ഈ പ്രസ്താവന എത്ര സുസ്പഷ്ടവും പ്രശ്നത്തിന്റെ മർമ്മത്തെ സ്പർശിക്കുന്നതുമാണെന്നു വിസ്തരിക്കേണ്ട ആവശ്യമില്ലല്ലോ.

ഇന്നത്തെ ലോകത്തിനു ശാസ്ത്രീയമോ സാങ്കേതികമോ വ്യാവസായികമോ ആയ നേട്ടങ്ങളിൽ യാതൊരു കുറവുമില്ല. അനുദിനം അത്ഭുതാവഹമായവിധത്തിൽ അവ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. രാജ്യതന്ത്രജ്ഞത, സാമൂഹികശാസ്ത്രവിജ്ഞാനം മുതലായവയിലുള്ള നേട്ടങ്ങളും അത്ഭുതപൂർവ്വങ്ങളാണ്. ഇവയെല്ലാം ലോകസമാധാനസ്ഥാപനത്തിനുവേണ്ടി പ്രയോഗിക്കപ്പെടുന്നുവെന്നും പറയുന്നുണ്ട്. പക്ഷേ സമാധാനം മരുമരീചികപോലെ സാധാരണമനുഷ്യന്റെ ജീവിതാനുഭവങ്ങളിൽനിന്നകന്നുപോവുകയും അവനെ അടിക്കടി അരക്ഷിതാവസ്ഥയിൽ അധഃപ്പതിപ്പിക്കുകയും ചെയ്യുന്നു. തന്മൂലം സാമൂഹികഘടകങ്ങളായ കുടുംബത്തിൽനിന്നും സമുദായത്തിൽനിന്നും രാഷ്ട്രത്തിൽനിന്നും അതു തിരോഭവിക്കുകയും ചെയ്തിരിക്കുന്നു. എവിടേയോ വലിയൊരു പാകപ്പിഴ വന്നു വശായിട്ടുണ്ട് എന്നുള്ളതു പട്ടാപ്പകൽപോലെ തെളിവായിട്ടുള്ള വസ്തുതയാണ്. ഈ പാകപ്പിഴ—മൗലികമായ ഈ അബദ്ധം—എവിടെയാണു നിലകൊള്ളുന്നതെന്നു ലോകത്തെ ഇന്നു കാണിക്കുകയാണ് ലോകൈകധാർമ്മികഗുരുവും മാനവവംശത്തിന്റെ അതുല്യനേതാവുമായ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്. മനുഷ്യനെ ഉന്നമിപ്പിക്കണമെങ്കിൽ അവന്റെ യഥാർത്ഥമായ പ്രകൃതിക്കനുസരണമായ മാർഗ്ഗങ്ങളിലൂടെ പരിശ്രമിക്കണം. അവനിൽ സ്രഷ്ടാവിനാൽതന്നെ നിക്ഷിപ്തമായിട്ടുള്ള ജീവിതലക്ഷ്യങ്ങളേയും പ്രകൃതിലാലസകളേയും ബഹുമാനിക്കണം. അവയെ അപഹരിക്കുകയല്ല, അവയുടെ സാക്ഷാൽക്കാരത്തിനുവേണ്ടി സഹകരിക്കുകയാണ് പുരോഗമനം—സാമൂഹികപ്രവർത്തനങ്ങളുടെ പരമോദ്ദേശം. ഈ മൗലികതത്വത്തിന്റെ വിശദീകരണമാണ് ക്രിസ്തുവിന്റെ പ്രബോധനം. അതിന്റെ പ്രതിധ്വനിയാണ് പരിശുദ്ധ മാർപ്പാപ്പായുടെ നിർദ്ദേശങ്ങളിൽ നാം ശ്രവിക്കുന്നതു്.

ആകയാൽ ലോകസമാധാനത്തെ ആത്മാർത്ഥമായി അഭിലഷിക്കുകയും, അതിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി സേവനമനുഷ്ഠിക്കുന്നതിനാഗ്രഹിക്കുകയും ചെയ്യുന്നവർ പരിശുദ്ധ മാർപ്പാപ്പാ നൽകുന്ന നിർദ്ദേശത്തെ ശരിയായി പഠിക്കുകയും, മനുഷ്യപ്രകൃതിയേയും അവന്റെ ജീവിതലക്ഷ്യങ്ങളേയും സമാദരിച്ച് യഥാർത്ഥമായ പുരോഗതിക്കു അനുയോജ്യങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി ആധുനികയുഗത്തിന്റെ അനർഘങ്ങളായ കഴിവുകളേയും നേട്ടങ്ങളേയും പ്രയോഗിക്കുകയും ചെയ്യട്ടെ. ഞങ്ങൾ അന്യത്ര തുടർച്ചയായി ചേർത്തുകൊണ്ടിരിക്കുന്ന പരിശുദ്ധ മാർപ്പാപ്പായുടെ ക്രിസ്തുമസ് സന്ദേശത്തിലേക്കു വായനക്കാരുടെ സവിശേഷമായ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. കാരണം ഈദൃശമൗലികതത്വങ്ങളുടെ വിശദമായ ഒരു പ്രതിപാദനമാണതു്.

## തിരുനാൾ മംഗളങ്ങൾ



വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമനസ്സുകൊണ്ട് (നാമകരണത്തിരുനാൾ മാർച്ച് 19)

തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ട് (നാമകരണത്തിരുനാൾ മാർച്ച് 12)

## പ്രസാധകക്കുറിപ്പുകൾ

### അദ്ധ്യയനമണ്ഡല പ്രസിദ്ധീകരണങ്ങൾ

റവ. ഫാദർ മത്തു നടയ്ക്കലിന്റെ നേതൃത്വത്തിലും പണ്ഡിതന്മാരായ പല പ്രമുഖവ്യക്തികളുടെ സഹകരണത്തിലും ചങ്ങനാശ്ശേരിമെത്രാൻ മൊറാൻ റവ. ഡോക്ടർ മത്തു കാവുകാട്ട് തിരുമനസ്സിലെ അനുഗ്രഹാശിസ്സുകളോടെ ചങ്ങനാശ്ശേരി കേന്ദ്രമാക്കി സമാരംഭിച്ചിട്ടുള്ള അദ്ധ്യയനമണ്ഡലപ്രസ്ഥാനത്തെപ്പറ്റി ഈ പംക്തികളിൽ ഞങ്ങൾ പ്രതിപാദിച്ചിരുന്നു. ആധുനികകാലത്തു മതത്തെപ്പറ്റിയുള്ള അറിവു കാര്യക്ഷമമായി പൊതുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനു ഈ പ്രസ്ഥാനത്തിനുള്ള കഴിവുകൾ വളരെയാണ്. അതിന്റെ പ്രണേതാക്കൾ മണ്ഡലത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനുള്ള കരുക്കൾ ഒരുക്കുകയാണ് പ്രാരംഭമായി ചെയ്തുകൊണ്ടിരിക്കുന്നതു്. അതിന്റെ നിയമങ്ങളെ ക്രോഡീകരിക്കുന്ന "അദ്ധ്യയനമണ്ഡലം മാനുവലും", അതിന്റെ പരിപാടികളിൽ അവശ്യം അനുവർത്തിക്കപ്പെടേണ്ട പ്രാർത്ഥനാമനോഭാവത്തെ പരിപോഷിപ്പിക്കുന്നതിനു സഹായകമായ "പ്രാർത്ഥനാമഞ്ജരി"യും പ്രസിദ്ധീകൃതങ്ങളായിക്കഴിഞ്ഞു. അടുത്തതായി ഏതാദൃശപ്രസ്ഥാനത്തിനു അത്യന്താപേക്ഷിതം അതിനു പറ്റുന്ന രീതിയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥാവലിയാണ്. മണ്ഡലത്തിന്റെ ലക്ഷ്യം മുൻനിർത്തി വിവിധ വിഷയങ്ങളെ ക്രോഡീകരിച്ചു പദ്ധതിയനുസരിച്ചു നിർമ്മിക്കപ്പെട്ടിട്ടുള്ളതായിരിക്കണം ഈ പരമ്പര. അദ്ധ്യയനമണ്ഡലത്തിനു ഈ ചുരുങ്ങിയ കാലംകൊണ്ടു ഈ കാര്യത്തിലും വളരെ പ്രശംസാർഹമായ പുരോഗതിയുണ്ടായിട്ടുണ്ട്. 10 ലഘുഗ്രന്ഥങ്ങൾ ഇതിനകം "അദ്ധ്യയനമണ്ഡലംഗ്രന്ഥാവലി"യായി പുറത്തു വന്നുകഴിഞ്ഞു. ഇനിയും ആവശ്യമായ ഗ്രന്ഥങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നതായി അറിയുവാൻ ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. ഇപ്പോൾ പുറത്തു വന്നിട്ടുള്ള ഗ്രന്ഥങ്ങൾ വെരി. റവ. ഫാദർ തോമസ് വടശ്ശേരി എൽ ഡി അവർകളുടെ "ദൈവമുണ്ടോ?" No 1; റവ. ഫാദർ തോമസ് മൂത്തേടൻ എം എ ഡി ഡി അവർകളുടെ "മനുഷ്യനും സന്മാർഗ്ഗബോധവും" No 2; വെരി റവ മോൺ ജേക്കബ് നടുവത്തുശ്ശേരി അവർകളുടെ "ആത്മാവുണ്ടോ?" No 3; റവ ഫാദർ ലൂയിസ് നേരിയംപറമ്പിൽ അവർകളുടെ "മതം ആവശ്യമാണോ?" No 4; മോൺ. നടുവത്തുശ്ശേരി അവർകളുടെ "നാസ്തികന്റെ എതിർവാദങ്ങൾ" No 5; മോൺ. ഫുൾട്ടൻ ഷീൻ വിരചിച്ചിട്ടുള്ള "തൊഴിലിന്റെ മാഹാത്മ്യം" No 6; അദ്ദേഹത്തിന്റെ തന്നെ "സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം" No 7; മോൺ. നടുവത്തുശ്ശേരി അവർകളുടെ "തൊഴിലാളിയുടെ ചോദ്യങ്ങൾ" No 8; റവ ഫാദർ തോമസ് മൂത്തേടന്റെ "അത്ഭുതങ്ങളും പ്രവചനങ്ങളും" No 9; മോൺ. നടുവത്തുശ്ശേരിയുടെ "യുക്തിവാദം യുക്തിഹീനം" No 10. എന്നിവയാണ്. ഇവയോരോന്നിനും വളരെതുച്ഛമായ വിലയാണ് നിശ്ചയിച്ചിട്ടുള്ളതു്. കൂടിയതു 4ണയും കുറഞ്ഞതു 1ണയും മാത്രം. ചുരുക്കത്തിൽ ഈ പന്ത്രണ്ടു പുസ്തകങ്ങൾക്കുകൂടി വില 1ക 14ണയേ വരുന്നുള്ളൂ. മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സിൽ അവ കിട്ടുന്നതുമാണ്. അദ്ധ്യയനമണ്ഡലത്തെപ്പറ്റിയും അദ്ധ്യയനമണ്ഡലം പ്രസിദ്ധീകരണങ്ങളെപ്പറ്റിയും കൊല്ലം മെത്രാൻ മൊറാൻ റവ ഡോക്ടർ ജെറോം ഫെർണാണ്ടസ് തിരുമനസ്സുകൊണ്ടു രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം മാന്യവായനക്കാരുടെ ശ്രദ്ധയിൽ പെടുത്തുന്നതിനു ഞങ്ങൾ അഭിലഷിക്കുന്നു. "I am extremely happy to note that the subjects have been very clearly treated; the expositions are lucid; the language simple and elegant. I am sure that these booklets and the ensuing numbers would remove a great handicap to the spread of Study Circles, so much needed in our days to form an enlightened group of lay leaders, well-grounded in the teachings of the Church."

x x x

### വേദപാഠാദ്ധ്യാപക സമ്മർസ്കൂൾ

പാലാ രൂപതയിലെ വേദാദ്ധ്യയനഡയറക്ടറായ റവ. ഫാദർ ജേക്കബ് മണ്ണനാൽ അവർകൾ ഞങ്ങൾക്കയച്ചുതന്നിട്ടുള്ളതും രൂപതാടിസ്ഥാനത്തിൽ ഇക്കൊല്ലം ഏപ്രിൽ 1 മുതൽ 8 വരെ തീയതികളിൽ രാമപുരത്തുവച്ചു നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള വേദപാഠാദ്ധ്യാപകസമ്മർസ്കൂളിന്റെ പ്രവർത്തനപരിപാടികൾ വിവരിക്കുന്നതുമായ ഒരു വിജ്ഞാപനം പൊതുജനങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നതിനു ഞങ്ങൾക്കു സന്തോഷമുണ്ട്. നമ്മുടെ വേദപാഠക്ലാസ്സുകൾ കാര്യക്ഷമമായി നടക്കുന്നില്ല എന്നുള്ള മുറവിളി എവിടേയും മുഴങ്ങിക്കേൾക്കുവാൻ തുടങ്ങിയിട്ട കാലങ്ങൾ കുറെ ആയിട്ടുണ്ട്. അതിൽ വളരെ കാര്യവുമുണ്ട്. എന്നാൽ ഈ കുറവിനുള്ള കാരണങ്ങളെ മനസ്സിലാക്കി അവയെ ദൂരീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിൽ ഗണ്യമായ വിജയം ഇതുവരേയും കരഗതമായിട്ടുണ്ട് എന്നു പറയുവാൻ തരമില്ല. വേദപാഠാദ്ധ്യാപകസമ്മർസ്കൂൾ ഇക്കാര്യത്തിൽ പുരോഗമനപരമായ ഒരു കാൽവയ്പായിരിക്കുമെന്നുള്ളതിൽ സംശയമില്ല. അദ്ധ്യാപകന്മാർക്കു കൂടുതലായ ജ്ഞാനവും ശരിയായ ശിക്ഷണവും ലഭിക്കുന്നതായാൽ വലിയൊരു പ്രതിബന്ധം തന്മൂലം തരണംചെയ്യുന്നതിനു സാധിക്കും. സ്കൂളദ്ധ്യാപകന്മാരാണ് സാമാന്യേന വേദപാഠാദ്ധ്യാപകന്മാരും. മതപരമായി അവരുടെ വിജ്ഞാനവർദ്ധനവിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും അവർ ഏറ്റെടുക്കുന്ന ഉത്തരവാദിത്വം യഥാവിധി നിർവ്വഹിക്കുവാൻ അവർക്കു സാധിക്കുമെന്നുള്ള ആത്മവിശ്വാസം ഉണ്ടാകത്തക്ക ശിക്ഷണക്രമം സ്വാധീനമാക്കിക്കൊടുക്കുകയും ചെയ്യാത്തതുകൊണ്ട് ഇന്നു പലരും ഈ രംഗത്തുനിന്നു നിഷ്ക്രമിക്കുന്നതിനു അഭിലഷിക്കുകയാണ്. വേദപാഠക്ലാസ്സുകളിൽ മറ്റു സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടു പോകുകയാണെങ്കിൽതന്നെ അതു നിർജ്ജീവവും നിഷ്ഫലവുമായി കലാശിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അദ്ധ്യാപകന്മാർക്കു ഒഴിവുള്ള മദ്ധ്യവേനൽ അവധിക്കാലത്തു

ഈ ദേശ സമ്മർസ്കൂളുകൾ പല സ്ഥലങ്ങളിലും നടത്തപ്പെടേണ്ടതും നമ്മുടെ മതപഠനക്ലാസ്സുകളെ ആനുകാലികമായ പരിഷ്കാരങ്ങളോടെ വളരുന്ന തലമുറയ്ക്കു ഉപയോഗപ്രദമായ രീതിയിൽ ക്രമപ്പെടുത്തേണ്ടതും അവശ്യാവശ്യമത്രെ. ഈ മാമ്പുരത്തു നടത്തുന്ന സമ്മർസ്കൂളിന്റെ പ്രവർത്തനത്തിനു ഗണനീയന്മാരായ പണ്ഡിതന്മാരെ അദ്ധ്യാപകന്മാരായി ലഭിച്ചിട്ടുണ്ട് എന്നുള്ളതു അതിന്റെ വിജയത്തിനു ആപ്പനൽകുന്നുണ്ട്. റവ ഡോക്ടർ തോമസ് മൂത്തേടൻ എം എ; റവ ഡോക്ടർ തിയഡോഷ്യസ് എം എ, പി എച്ച് ഡി; റവ ഡോക്ടർ കുര്യൻ വഞ്ചിപ്പുര ഡി സി എൽ; റവ ബ്രദർ ജോസഫ് വടക്കൻ; പ്രൊഫസർ പി ടി തോമസ് എം എ മുതലായവരാണ് സമ്മർസ്കൂളിലെ ക്ലാസ്സുകൾ നടത്തുന്നതു. മതം, വേദപുസ്തകം, സാമുദായികപ്രശ്നങ്ങൾ, മതാദ്ധ്യയനം മുതലായ വിഷയങ്ങളാണ് വിദഗ്ദ്ധന്മാരായ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ ചർച്ചചെയ്യപ്പെടുന്നതു. സമ്മർസ്കൂൾ സംബന്ധിച്ച വിവരങ്ങൾ ഡയറക്ടർ അവർകളോട് എഴുതി ചോദിച്ചാൽ വിശദമായി ഗ്രഹിക്കാവുന്നതാണ്. ഈ പ്രസ്ഥാനത്തിൽ എല്ലാവരും സഹകരിക്കുകയും പറ്റുള്ള സ്ഥലങ്ങളിലെല്ലാം ഈ പദ്ധതി നടപ്പാക്കി ഒരദ്ധ്യാപകവ്യൂഹത്തെ പരിശീലിപ്പിച്ചു വേദാദ്ധ്യാപനത്തിലുള്ള ഒരു വ

---

വി. 10-ാം പീയൂസിന്റെ മാദ്ധ്യസ്ഥതാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

P. P. Mathew B. Com
Chittattukara

---

ആദ്ധ്യാത്മികവീഥി

## തപക്രിയകൾ

ദൈവത്തിന്റെ വത്സലമക്കളേ,

തപസ്സ് ആവശ്യമാണെന്നും കല്പിക്കപ്പെട്ടിട്ടുള്ളതിൽ കുറെ കൂടുതൽ ചെയ്യാൻ നാം ശ്രമിക്കേണ്ടതാണെന്നും കണ്ടു കഴിഞ്ഞു. ഇനി എന്തെല്ലാം തപക്രിയകളാണു നമുക്കു ചെയ്യാൻ സാധിക്കുന്നതെന്നു നോക്കാം.

പുണ്യവാന്മാരുടെ ചരിത്രത്തിൽ അവർ ഉപവാസം, ഉറക്കമൊഴിച്ചിൽ, ചമ്മട്ടിയടികൾ, മുള്ളരഞ്ഞാണം കെട്ടൽ മുതലായവയാൽ ശരീരത്തെ ദണ്ഡിപ്പിച്ചിരുന്നതായി കാണാം. അവരെപ്പോലെ അത്രകഠിനമായ തപക്രിയകളൊന്നും ചെയ്യാൻ സാമാന്യം കുടുംബജീവിതം നയിക്കുന്ന ഒരാൾക്കു സാധിച്ചില്ലെങ്കിലും കുറെയെല്ലാം ചെയ്യാൻ നന്മനസ്സുള്ള ആർക്കും സാധിക്കും.

മുൻപു നാം ചെയ്തിരുന്നതുപോലെ നോമ്പുകാലങ്ങളിൽ മാംസം തീരെ വർജ്ജിക്കുക പലർക്കും അത്ര വിഷമമുള്ളതല്ല. കലിയ കുറവു പരിഹരിക്കുവാൻ മുൻകൈയെടുത്തു പരിശ്രമിക്കുകയും ചെയ്യണമെന്നു ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

കുറഞ്ഞപക്ഷം ആഴ്ചയിൽ ഏതാനും ദിവസമെങ്കിലും ഉപേക്ഷിക്കാം. ലഹരിസാധനങ്ങൾ തീരെ വർജ്ജിക്കുകയോ അവയുടെ അളവു വളരെ കുറയ്ക്കുകയോ ചെയ്യുക. വ്യാഴാഴ്ചരാത്രി കുറെ ഉറക്കം ഉപേക്ഷിച്ചു ഒരു മണിക്കൂർ കുടുംബാംഗങ്ങളെല്ലാവരും ചേർന്നു ആരാധന നടത്തുക. മുട്ടിന്മേൽത്തന്നെ നിന്നുകൊണ്ടു പ്രാർത്ഥിക്കുക. കുറെ സമയത്തേക്കു കൈ കുരിശാകൃതിയിൽ നിവർത്തുപിടിച്ചുകൊണ്ടു എന്തെങ്കിലും ജപം ചൊല്ലുക. വളരെ മാർദ്ദവമായ കിടക്കയും ചിലപ്പോൾ തലയിണതന്നെയും ഉപേക്ഷിച്ചുകൊണ്ടു കിടക്കുക. ഈ വക സംഗതികൾ നമ്മുടെ പാപങ്ങൾക്കു പരിഹാരമായി നമ്മുടെ കർത്താവിന്റെ യോഗ്യതകളോടു ചേർത്തു കൊണ്ടു സമർപ്പിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും.

മേല്പറഞ്ഞവ കൂടാതെ ഓരോരുത്തന്റെ സ്ഥിതി അനുസരിച്ചു ദാനധർമ്മം ചെയ്യുന്നതും ഒരു നല്ല പരിഹാരപ്രവൃത്തിയാണ്. നമ്മുടെ സുഖസൗകര്യങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന പണം ഉപേക്ഷിക്കുന്നതിലുള്ള ത്യാഗവും അതുമൂലം നമ്മുടെ ഒരു സഹോദരനുണ്ടാകുന്ന ഉപകാരവും ദാനത്തിന്റെ മേന്മയെ വർദ്ധിപ്പിക്കുന്നുണ്ട്. ദൈവത്തെക്കരുതി നമ്മുടെ സഹോദരനു ചെയ്യുന്ന ദാനത്താൽ പ്രസാദിച്ചു നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ അവിടുന്നു ഗണ്യമായി കുറയ്ക്കും.

ശാരീരികാവശ്യങ്ങൾക്കായി നൽകുന്ന ദാനത്തേക്കാൾ ആത്മീയാവശ്യങ്ങൾക്കു കൊടുക്കുന്നതു കൂടുതൽ ഫലപ്രദമായിരിക്കുമെന്നുള്ളതു വിസ്മരിക്കാവതല്ല. പല മിഷൻ രംഗങ്ങളിലും പണത്തിന്റെ അഭാവംകൊണ്ടു വേദപ്രചരണജോലി വിപുലമായി നടത്താൻ സാധിക്കാതെ വരുന്നുണ്ട്. നമ്മുടെ ചുറ്റുംതന്നെ നല്ലവസ്ത്രമില്ലാത്തതിനാൽ വി. കുർബാനകൾ സ്വീകരിക്കുന്നതിനോ ആഴ്ചതോറും പള്ളിയിൽ പോകുന്നതിനോ നിവൃത്തിയില്ലാതെ വലയുന്ന സാധുക്കളുണ്ട്. ഈ നോമ്പുകാലത്തു അവരെ സഹായിക്കുന്നതു ഒരു നല്ല പ്രായശ്ചിത്തമായിരിക്കും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്.

---

## അടുത്തയാഴ്ചയിൽ

മാർച്ച്

15 വ്യാ: വി. ലുവീസ്
16 വെ: കർത്താവിന്റെ തിരുരക്തം
17 ശ: വി. പത്രീത്തീസ്
18 ഞാ: നോമ്പ് 5-ാം ഞായർ
19 തി: വി. യൗസേപ്പു പിതാവിന്റെ മരണം
20 ചൊ: ഗബ്രിയേൽ മാലാഖാ
21 ബു: വി. ബെനദിക്തോസ.

---

**For favours received**



✠ J. Parecattil

---

ഈശോ മറിയം യൗസേപ്പിന്റെയും വി. അന്തോനീസ് പുണ്യവാന്റെയും വി. മർട്ടിന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Mrs. C. D. Antony
Trichur

---

# തിരുക്കൊച്ചി മുനിസിപ്പൽ തിരഞ്ഞെടുപ്പ്

തിരുക്കൊച്ചിയിലെ മുനിസിപ്പാലിറ്റികളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ കഴിഞ്ഞു ഫലം പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണല്ലോ. തിരഞ്ഞെടുപ്പുഫലം താഴെ കാണുംപ്രകാരമാണ്:—

| മുനിസിപ്പാലിററി | കോൺഗ്രസ്സ് | സ്വ. | ഐക്യ. | പി.എസ്. പി | തി.നാ.കോ | ആകെ |
|---|---|---|---|---|---|---|
| 1 നാഗർകോവിൽ | 3 | 5 | ” | ” | 14 | 22 |
| 2 കൊളച്ചൽ | ” | 3 | ” | ” | 13 | 16 |
| 3 പത്മനാഭപുരം | ” | 11 | 1 | ” | 4 | 16 |
| 4 തക്കല | ” | 11 | 1 | ” | 4 | 16 |
| 5 കുഴിത്തുറ | ” | 4 | 1 | ” | 11 | 16 |
| 6 നെയ്യാററിൻകര | 5 | 1 | 4 | 4 | 2 | 16 |
| 7 തിരുവനന്തപുരം (കോർപ്പറേഷൻ) | 6 | 7 | 11 | 16 | ” | 40 |
| 8 ആററിങ്ങൽ | 2 | 2 | 9 | 3 | ” | 16 |
| 9 കൊല്ലം | 9 | ” | 20 | 3 | ” | 32 |
| 10 കായംകുളം | 5 | 2 | 10 | 7 | ” | 24 |
| 11 മാവേലിക്കര | 8 | ” | 6 | 2 | ” | 16 |
| 12 തിരുവല്ല | 14 | ” | 6 | ” | ” | 20 |
| 13 ചെങ്കോട്ട | ” | ” | 4 | 11 | ” | 15 |
| 14 ആലപ്പുഴ | 12 | 1 | 23 | ” | ” | 36 |
| 15 ചേർത്തല | 6 | ” | 14 | ” | ” | 20 |
| 16 ചങ്ങനാശ്ശേരി | 13 | 2 | 9 | ” | ” | 24 |
| 17 കോട്ടയം | 11 | ” | 17 | ” | ” | 28 |
| 18 വൈക്കം | 10 | ” | 6 | ” | ” | 16 |
| 19 പാലാ | 13 | ” | 3 | ” | ” | 16 |
| 20 പെരുമ്പാവൂർ | 10 | ” | 6 | ” | ” | 16 |
| 21 ആലുവാ | 7 | 9 | ” | ” | ” | 16 |
| 22 വടക്കൻപറവൂർ | 11 | ” | 5 | ” | ” | 16 |
| 23 എറണാകുളം | 14 | 8 | 10 | ” | ” | 32 |
| 24 മട്ടാഞ്ചേരി | 9 | 10 | 13 | ” | ” | 32 |
| 25 ഇരിഞ്ഞാലക്കുട | 10 | 2 | 4 | ” | ” | 16 |
| 26 തൃശ്ശൂർ | 25 | 1 | 4 | ” | ” | 30 |
| 27 കുന്നംകുളം | 9 | ” | 7 | ” | ” | 16 |
| 28 ചിററൂർ | 6 | 13 | ” | 1 | ” | 20 |

ഈ പട്ടികയിലുള്ള ഐക്യമുന്നണിയിൽ കെ എസ് പി, ആർ എസ് പി, കമ്മ്യൂണിസ്റ്റ്, നഗരസേവാസമിതി, പൗരമുന്നണി മുതലായ കക്ഷികളെ പൊതുവെ ഉൾപ്പെടുത്തിയിരിക്കുകയാണ്.

---

# വിവിധവൃത്താന്തങ്ങൾ

## ബ്രസീൽ വൈദികരേയും കത്തോലിക്കാ പ്രവർത്തകരേയും അഭ്യർത്ഥിക്കുന്നു

ബ്രസീലിലെ കത്തോലിക്കാസഭയുടെ ആവശ്യത്തിലേക്കു 2000 വൈദികരേയും 40,000 അൽമായ പ്രവർത്തകരേയും അയച്ചുകൊടുക്കണമെന്നു അമേരിക്കൻ ഐക്യരാജ്യത്തോടഭ്യർത്ഥിച്ചിരിക്കുന്നു കമ്മ്യൂണിസത്തിന്റെ ആക്രമണത്തേയും ഐക്യനാടുകളിൽനിന്നുള്ള പ്രോട്ടസ്റ്റൻറു മിഷ്യനറിമാരുടെ പ്രവാഹത്തേയും നേരിടുന്നതിനാണ് ഈ പുതിയ മിഷ്യനറിസംഘത്തെ ക്ഷണിക്കുന്നതു. കത്തോലിക്കാ മതപ്രചാരണത്തിനു വേണ്ടിയുള്ള സെൻറു പോൾസ് ഏജൻസിയാണ് ഈ അഭ്യർത്ഥനയുടെ ഉത്തരവാദിത്വം വഹിക്കുന്നതു. കത്തോലിക്കാപ്രവർത്തകരുടെ അടിയന്തിരാവശ്യത്തെ അവർ അഭ്യർത്ഥനയിൽ വിശദീകരിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും 3656 കത്തോലിക്കർക്കു ഒരു വൈദികൻ വീതമാണ് ഇപ്പോഴുള്ളതു; ചില സ്ഥലങ്ങളിലാകട്ടെ 25,000നു ഒരു വൈദികൻ മാത്രമേയുള്ളു. ഐക്യനാടുകളിൽ 700 കത്തോലിക്കർക്കു ഒരു വൈദികൻ വീതമുണ്ട്. പട്ടണങ്ങളും ഗ്രാമങ്ങളുമായ 40,000 ഇടവകകൾക്കു സ്ഥിരമായി വൈദികരില്ല. റിയോ ഡെ ജനൈറോ രൂപതയിൽതന്നെ 1000 കത്തോലിക്കർക്കു ഒരു വൈദികൻ എന്ന നിരക്കിൽ എത്തണമെങ്കിൽ ഇനിയും 2000 വൈദികർ ആവശ്യമുണ്ട്. അൽമായപ്രവർത്തകരെ പ്രത്യേകം ആവശ്യമായിരിക്കുന്നതു തൊഴിൽരംഗങ്ങളിലും റേഡിയോ-ടെലവിഷൻ സംബന്ധിച്ച പ്രവർത്തനങ്ങളിലും കത്തോലിക്കാപ്രവർത്തനം നിർവ്വഹിക്കുന്നതിനു വേണ്ടിയാണ്.

## കമ്മ്യൂണിസ്റ്റ് പ്ലാററ്ഫോറത്തിൽ ക്രിസ്തുനാമാഹ്വാനം

ഷാങ്ഹേയിലെ സി. കാ. വെൽ കോളേജിനുപുറത്തുള്ള ഒരു മൈതാനത്തിൽ ഒരു കമ്മ്യൂണിസ്റ്റു വിചാരണയ്ക്കുള്ള പ്ലാററ്ഫോറം തയ്യാറാക്കിയിരുന്നു. അതിനെതിരെ 4000 ക്രിസ്ത്യിയ തടവുകാരെ കമ്മ്യൂണിസ്റ്റുകൾ ബന്ധിച്ചുനിർത്തി. പ്ലാററ്ഫോറത്തിലേക്കു അവരുടെ മെത്രാനായ ബിഷപ്പ് കുങ്ങ് തിരുമേനിയെ കമ്മ്യൂണിസ്റ്റ് സൈനികമേധാവികളുടെ അകമ്പടിയോടുകൂടി ആനയിച്ചു. ചൈനാക്കാർ സാധാരണ അകത്തു ധരിക്കുന്ന വസ്ത്രം മാത്രമേ അദ്ദേഹത്തെ ധരിപ്പിച്ചിരുന്നുള്ളൂ. അദ്ദേഹത്തിന്റെ കൈകൾ കഴുത്തിനു പുറകിൽ ഒന്നിച്ചുകെട്ടിയിരുന്നു. കമ്മ്യൂണിസ്റ്റു ദ്യോഗസ്ഥന്മാർ ഓരോരുത്തരായി പ്ലാററ്ഫോറത്തിലെ ഉച്ചഭാഷിണിയെ സമീപിച്ചു മെത്രാന്റെ മേൽ ആരോപിച്ചിട്ടുള്ള കുററങ്ങളെ വിളിച്ചുപറഞ്ഞു. രാജ്യത്തിനും ജനങ്ങൾക്കും എതിരായി മെത്രാൻ ചെയ്തതായി പ്രഖ്യാപിക്കപ്പെട്ട കുററങ്ങളുടെ വിവരണം ഒരു മണിക്കൂർ നീണ്ടുനിന്നു. ഒടുവിൽ മെത്രാനെ മൈക്കിനടുക്കലേക്കു കൊണ്ടുചെന്നു നിർത്തി. കഴിഞ്ഞ സെപ്റ്റംബർ മുതൽ കമ്മ്യൂണിസ്റ്റു ബന്ധനത്തിൽ അവരുടെ രീതിയനുസരിച്ചുള്ള ശുദ്ധികർമ്മങ്ങളെല്ലാം ചെയ്തുകഴിഞ്ഞിരുന്ന ദുർബ്ബലനായ മെത്രാൻ ഈ കുററാരോപണങ്ങൾക്കെല്ലാം സമ്മതം മൂളുന്നതു സാക്ഷ്യപ്പെടുത്താനായിരുന്നു അവരുടെ ഉദ്യമം. ഏതാനും നിമിഷം അന്തരീക്ഷം മുഴുവനും പ്രശാന്തമായിരുന്നു. അനന്തരം കുങ്ങുമെത്രാൻ തിരുമേനി അവിടുത്തെ ശക്തി മുഴുവനും സംഭരിച്ചു മൈക്കിൽക്കൂടി അട്ടഹസിച്ചു:- "ക്രിസ്തുരാജൻ വിജയിക്കട്ടെ" എന്നു. തൽക്ഷണം 4000 ബന്ധിതരായ ക്രിസ്ത്യാനികളുടെ കണ്ഠങ്ങളിൽ നിന്നു ഏകസ്വരത്തിൽ പുറപ്പെട്ടു "ഞങ്ങളുടെ മെത്രാൻ വാഴട്ടെ" എന്നുള്ള ഘോഷാട്ടഹാസം. കമ്മ്യൂണിസ്റ്റുകൾ ഇളിഭ്യരായി. അവർ കൂടുതൽ അനിഷ്ടകരമായ അനുഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഉച്ചഭാഷിണി തട്ടിനീക്കി. മെത്രാനെ പിടിച്ചു കാറിൽ കയററി കാരാഗൃഹത്തിലേക്കു കൊണ്ടുപോവുകയും ചെയ്തു. ഇനിയും ബിഷപ്പ് കുങ്ങിനെ ഒരു പരസ്യവിചാരണയ്ക്കു വിധേയമാക്കുമെന്നു കമ്മ്യൂണിസ്റ്റധികാരികൾ ഇപ്പോൾ പറയുന്നുണ്ട്. അതിനുള്ള ഒരുക്കങ്ങളായിരിക്കാം ഇപ്പോൾ നടക്കുന്നതു.

## മകന്റെ ഘാതകർക്കുവേണ്ടി പിതാവ് മോചനം അഭ്യർത്ഥിക്കുന്നു

1955 ജനുവരിയിൽ കാനഡായിലുള്ള ഒരു തെരുവീഥിയിൽവച്ചു ഫാദർ ആൽഫ്രഡ് കപിറോൺ 18 വയസ്സു പ്രായമുള്ള മൂന്നു യുവാക്കന്മാരാൽ ആക്രമിക്കപ്പെടുകയും പണം കവർന്നെടുത്തശേഷം അദ്ദേഹത്തെ അവർ വെടിവച്ചുകൊല്ലുകയും ചെയ്തു. പ്രസ്തുത കേസിൽ അക്രമികൾ തൂക്കിക്കൊല്ലപ്പെടുന്നതിനു കോടതി വിധികല്പിച്ചിരിക്കുകയാണ്. വധിക്കപ്പെട്ട ഫാദർ ആൽഫ്രഡിന്റെ



84 വയസ്സു പ്രായമുള്ള പിതാവു അദ്ദേഹത്തിൻറ 10 സന്താനങ്ങളുടേയും അവരുടെ പുത്രപൌത്രന്മാരുടേയും നാമത്തിൽ ഘാതകരോടു ക്ഷമിക്കണമെന്നു അഭ്യർത്ഥിച്ചു പ്യാനഡാഗവർണ്ണർജനറാളിനു ഒരു കത്തയച്ചിരുന്നു. അതായിരുന്നു പരേതനായ തൻറ വൈദികപുത്രൻറ അഭിലാഷമെന്നു അദ്ദേഹം കത്തിൽവിശദമാക്കിയിരുന്നു.

## വമ്പിച്ച ഗ്രന്ഥപ്രചാരണം

പശ്ചിമജർമ്മനിയിൽ സെൻറു ചാൾസ് ബൊറൊമിയോ സൊസയററിക്കാർ കഴിഞ്ഞ വർഷത്തിൽ അത്യധികം വമ്പിച്ച ഒരു ഗ്രന്ഥപ്രചാരണറെക്കാർഡ് സൃഷ്ടിച്ചിരിക്കുന്നു. 110 കൊല്ലമായി ഈ സ്ഥാപനം പ്രവർത്തനം നടത്തുന്നു. ഇപ്പോൾ സൊസയററിയിൽ മൂന്നുലക്ഷത്തി മുപ്പതിനായിരം അംഗങ്ങളുണ്ടു്. അതിൻറ കീഴിൽ 6000 പുസ്തകവിതരണലൈബ്രറികൾ പ്രവർത്തിക്കുന്നു. റിപ്പോർട്ടുവർഷത്തിൽ ആകെ ഒരു കോടി പുസ്തകങ്ങളാണു് പ്രസ്തുത ഗ്രന്ഥാലയങ്ങളിൽ നിന്നു വിതരണം ചെയ്യപ്പെട്ടിട്ടുള്ളതു്.

—o—

## ഇടവകവാർത്തകൾ

**എലിക്കുളം:** സ്ഥലം മട്ടക്കുന്നുദേവാലയത്തിൽ ആണ്ടുതോറും ആഘോഷിച്ചുവരുന്ന വി. കൊച്ചുത്രേസ്യായുടെ തിരുനാൾ പ്രമാണിച്ചു് ഫെബ്രുവരി 25-ാം തിയതി ശനിയാഴ്ച വൈകിട്ടു് തെക്കും വടക്കുമുള്ള പന്തലുകളിലേക്കു് പ്രദക്ഷിണവും അനന്തരം പള്ളിയിൽവച്ചു് വെരി റവ ഫാദർ എബ്രാഹം നെടുംതകിടി ബി എ ബി ടി അവർകളുടെ പ്രസംഗവുമുണ്ടായിരുന്നു.

**അമ്പാറനിരപ്പേൽ:** സ്ഥലത്തെ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ പാപ്പാദിനം പ്രമാണിച്ചു് പള്ളിയിൽവച്ചു നടത്തിയ ഒരു മണിക്കൂർ ആരാധനയ്ക്കുശേഷം സ്കൂൾഹാളിൽ ചേർന്ന മീററിംഗിൽ സിലോൺ മലയാളി മിഷനറിയായ റവ ഫാദർ ജോസഫ് ബീഡൻ അവർകൾ അദ്ധ്യക്ഷതവഹിക്കുകയും, മി ടി വി ജോർജ് ബി എസ് സി ഒരു പ്രസംഗം നടത്തുകയുംചെയ്തു. മെ: ഇ വി തോമസ്, ടി ജെ ജേക്കബ് ഇവർ സ്വാഗതവും കൃതജ്ഞതയും പ്രകടിപ്പിച്ചു. ഇടയ്ക്കിടെ കുട്ടികളുടെ വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു. വേദോപദേശപ്പരീക്ഷയിൽ പ്രശസ്തവിജയികൾക്കു സമ്മാനവും നൽകപ്പെട്ടു.

**എറണാകുളം:** സ്ഥലം സെൻറു് മേരീസ് കോൺവെൻറിൻറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അനാഥശാലയുടെ ജൂബിലിപ്രമാണിച്ചു് അനാഥശാലയുടെ ധനശേഖരാർത്ഥം ശ്രീ ജോസഫ് കൈമാപറമ്പൻ മഗ്ദലനമറിയം, കേതകാന്തി എന്നി ഖണ്ഡകാവ്യങ്ങളെ അധികരിച്ചു് സെൻറു് മേരീസ് ഹൈസ്കൂൾ ഹാളിൽവച്ചു് രണ്ടു കഥാപ്രസംഗങ്ങൾ നടത്തിയിരിക്കുന്നു. ആദ്യദിവസത്തെ പരിപാടിക്കു് പബ്ലിക്കിനു പ്രവേശനമനുവദിച്ചിരുന്നു. ഡോക്ടർ നിഷിമുറായാണു് ഉദ്ഘാടനം നിർവ്വഹിച്ചതു്. രണ്ടാംദിവസത്തെ കഥാപ്രസംഗം സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും മാത്രമായിട്ടായിരുന്നു. അനാഥമന്ദിരത്തിനുവേണ്ടി സൗജന്യവ്യവസ്ഥയിൽ കഥാപ്രസംഗം നടത്തിയ മി ജോസഫ് കൈമാപറമ്പൻറ രണ്ടു കഥാപ്രസംഗങ്ങളേയും സൂക്ഷ്മാവലോകനംചെയ്തു് നിരൂപണംചെയ്തുകൊണ്ടു് റവ സിസ്റ്റർ ഇവാഞ്ചലിസ്റ്റ് വിജ്ഞേയമായ ഒരു പ്രസംഗം ചെയ്തു. മി ജോസഫിൻറ കലാപരിപാടിയിൽ കാണുന്ന ഒരു വിശേഷത അശ്ലീലതയുടെ നിഴൽപോലും തീണ്ടാതെ കവിതാഭാഗങ്ങൾ വ്യാഖ്യാനിക്കുന്നതിലും സംഭവങ്ങൾ ചിത്രീകരിക്കുന്നതിലും ഫലിതങ്ങൾ കോർത്തിണക്കുന്നതിലുമുള്ള പ്രത്യേകകഴിവാണെന്നു് പ്രസംഗക സമർത്ഥിച്ചു.


## For Favours Received

Excuse for delay



Mr. & Mrs. Varghis M. A.
Muvattupuzha


## കൃതജ്ഞത

വി. ഫിലോമിനായുടെ മാദ്ധ്യസ്ഥതാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും അസാദ്ധ്യകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

മിസ്സസ് ബേബി തോമസ്

മനുഷികമൂല്യങ്ങളെ മാഹാത്മ്യത്തിൻറ സോപാനത്തിലേക്കുയർത്തുകയാണു് കലയുടെ പരമോദ്ദേശ്യമെന്ന കർമ്മകാണ്ഡം കലയിലൂടെയുള്ള ഒരു യഥാർത്ഥസമുദായസേവനമാണെന്നു പ്രസ്താവിച്ചുകൊണ്ടു് അവർ ഹൃദ്യമായ ആശംസാപ്രസംഗം ഉപസംഹരിച്ചു

**പടഹാരം:** സ്ഥലത്തെ വായനശാലയുടെ ധനശേഖരത്തിനായി നടത്തപ്പെട്ട മി കൈമാപറമ്പൻറ കഥാപ്രസംഗത്തിനിടയ്ക്കു വിവിധ നൃത്തപരിപാടികളാൽ സദസ്യരുടെ പ്രശംസയ്ക്കു പാത്രീഭവിച്ച 11 വയസ്സുള്ള ബേബി തങ്കമ്മ തോമസ് എന്ന ബാലികയ്ക്കു് സിലോണിലെ റിട്ട: പ്രൊഫസർ ശ്രീ സി ടി കുര്യാക്കോസ് ബി എ എൽ ടി ഒരു സ്വർണ്ണമാതിരം സമ്മാനിച്ചിരിക്കുന്നു. ഈ ബാലികാ കൈമാപറമ്പൻറ അനന്തിരവളാണു്.

**പാറപ്പുഴ:** സ്ഥലം സെഡാലിററിസംഘടനയുടെ ആഭിമുഖ്യത്തിൽ പാപ്പാദിനംപ്രമാണിച്ചു് 4-ാംനു- സെൻറു് ജോസഫ്സ് പ്രൈമറിസ്കൂളിൽ ഇടവകവികാരി റവ ഫാദർ സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേർന്നു. മിസ് മേരി മഞ്ചേരിൽ പ്രസംഗിച്ചു. മി മത്തച്ചൻ പേടിക്കാട്ടുകുന്നേൽ, മേരി നെടുങ്കല്ലേൽ എന്നിവർ സംഗീതം ആലപിച്ചു ബാലികാബാലന്മാരുടെ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**പാലയൂർ:** സ്ഥലം ഫൊറോനാപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം, സെൻറു് വിൻസെൻറു് ഡി പോൾ സംഘം, ഫ്രാൻസിസ്കൻ മൂന്നാം സഭ എന്നിവയുടെ സംയുക്തവാർഷികസമ്മേളനം ഫെബ്രുവരി 26-ാംനു- ഞായറാഴ്ച തൃശൂർമെത്രാൻ നിതാന്തവന്ദ്യ ദിവ്യശ്രീ ജോർജ് ആലപ്പാട്ടു് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുകയുണ്ടായി. റവ ഫാദർ ലിയോ ഒ എഫ് എം, ജോർജ് നെല്ലായി എന്നിവർ പ്രസംഗിച്ചു വിവിധ കലാപരിപാടികളും യോഗാനന്തരം "തകർന്നഹൃദയം" എന്ന നാടകാഭിനയവുമുണ്ടായിരുന്നു. വേദോപദേശപ്പരീക്ഷയിൽ വിജയികളായ കുട്ടികൾക്കു അദ്ധ്യക്ഷൻതിരുമേനി സമ്മാനങ്ങൾ നൽകി. യോഗനടപടികൾക്കു മുമ്പായി മെത്രാൻതിരുമേനി 700 ഓളം കുട്ടികൾക്കു സ്ഥൈര്യലേപനം നൽകുകയും ചെയ്തു.

**കോയമ്പത്തൂർ:** സ്ഥലം കേരളകത്തോലിക്ക് അസോസിയേഷൻറ മൂന്നാംവർഷത്തെ ബിസിനസ്സ്"മീററിംഗ്" അസോസിയേഷൻറ രക്ഷാധികാരി റവ ഫാദർ എ ജോസഫ് (വികാരിജനറാൾ കോയമ്പത്തൂർ) അവർകളുടെഅദ്ധ്യക്ഷതയിൽഫെബ്രു: 26-ാംനു- കാലത്തു 10 മണിക്കു ബ്രിട്ടോഹാളിൽവച്ചുകൂടി പ്രാരംഭച്ചടങ്ങുകൾക്കുശേഷം അദ്ധ്യക്ഷൻറ ഉപക്രമപ്രസംഗം നടന്നു. മി പോൾ കെ തരകൻ (സിക്രട്ടറി) കഴിഞ്ഞ വർഷത്തെ വരവുചിലവു കണക്കുകളും, റിപ്പോർട്ടും വായിച്ചു. 56 പേക്കുള്ള പ്രവർത്തകസമിതിയുടെ തിരഞ്ഞെടുപ്പാണു് അടുത്തു നടന്നതു്. വി സി ഈനാശുവിനെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. 12 മെമ്പറന്മാരാണു് സമിതിയിലുള്ളതു്.

ഉച്ചതിരിഞ്ഞു് 4 മണിക്കു് അസോസിയേഷൻറ മൂന്നാംവാർഷികപൊതുയോഗം സ്ഥലം രൂപതാമെത്രാൻ എ പെ പെ ബി എം ശവരിമുത്തു ഡി ഡി തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൂടി. വാളൻറിയർമാർ മെത്രാൻതിരുമേനിയെ യോഗസ്ഥലമായ ബ്രിട്ടോഹാളിലേക്കു എതിരേററുകൊണ്ടുവന്നു, സിക്രട്ടറി ഹാരമണിയിച്ചു ബാലികമാരുടെ പ്രാർത്ഥനാഗാനം, ടീച്ചർ മി വി ഡി അബ്രാഹത്തിൻറ സ്വാഗതപ്രസംഗം ഇവയ്ക്കുശേഷം അദ്ധ്യക്ഷനവർകൾ ഉപക്രമപ്രസംഗം തമിഴിൽ നിർവ്വഹിച്ചു. വാർഷികറിപ്പോർട്ടും, വരവുചിലവുകളുടെ പട്ടികയും വായിച്ചു സമർപ്പിച്ചശേഷം വേദോപദേശപ്പരീക്ഷയിൽ പാസ്സായ കുട്ടികൾക്കുള്ള സമ്മാനങ്ങൾ വന്ദ്യ തിരുമേനി വിതരണംചെയ്തു. റവ ഫാദർ സ്റ്റീഫൻ മേരി ഒ സി ഡി എം അവർകളും ശ്രീ സി ജെ ആൻഡ്റൂസ് എം എ (ലക്ചറർ സെൻറു് തോമസ് കോളേജ് തൃശൂർ) അവർകളും മലയാളത്തിൽ പ്രസംഗങ്ങൾ നടത്തി. ഇടയ്ക്കിടയ്ക്കു് കുട്ടികളുടെ ഗാനങ്ങളുമുണ്ടായിരുന്നു യോഗസാധാരണമായ ഇതരചടങ്ങുകൾക്കുശേഷം പാപ്പാമംഗളത്തോടെ യോഗം മംഗളമായി പര്യവസാനിച്ചു. യോഗത്തിനുശേഷം അസോസിയേഷൻ അംഗങ്ങൾ "പുളകം" എന്ന മലയാള നാടകം അഭിനയിക്കുകയുണ്ടായി.

**തൃശ്ശൂർ:** തൃശ്ശൂർ രൂപത സെൻറു് വിൻസെൻറു ഡി പോൾ സൊസൈററി സെൻട്രൽ കൗൺസിലിൻറ വാർഷികസമ്മേളനം ഫെബ്രു: 19-ാംനു- ഞായറാഴ്ച ഉച്ചതിരിഞ്ഞു നാലരമണിക്കു സെൻറു തോമസ് കോളേജ് ഹാളിൽവച്ചു തൃശ്ശൂർ മെത്രാൻ റൈററു് റവ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ആദ്ധ്യാത്മികോപദേഷ്ടാവു് റവ ഫാദർ പോൾ ചിററിലപ്പിള്ളി സ്വാഗതം പറഞ്ഞു. സിക്രട്ടറി ബ്രദർ സി എൽ ഇഗ്നേഷ്യസ് കഴിഞ്ഞ വാർഷികപൊതുയോഗറിപ്പോർട്ടും കോൺഫറൻസുകളുടെ സംയുക്തറിപ്പോർട്ടും വായിച്ചു. പണ്ഡിതനും വാഗ്മിയുമായ മി. തോമസ്സു് ശ്രീനിവാസൻ M A അവർകൾ വിൻസെൻറു ഡി പോൾ സംഘത്തിൻറ ആദർശത്തെ വിശദമാക്കി ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്തു. പ്രൊഫസർ ജോസഫ് പെട്ട അദ്ദേഹത്തിൻറ പ്രസംഗം മലയാളത്തിലേക്കു വിവർത്തനം ചെയ്തു. കൗൺസിൽ പ്രസിഡണ്ടു് ബ്രദർ ജെ സി ചിറമ്മേലിൻറ നന്ദിപ്രകടനത്തോടെ യോഗം സമാപിച്ചു. യോഗാനന്തരം "ഭക്തിയിൻകാതൽ" എന്ന വിഷയത്തെ പുരസ്കരിച്ചു മി. പോൾ റാവു ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

റിപ്പോർട്ടുവർഷത്തിൽ രൂപതയിലെ വിവിധകോൺഫറൻസുകളിൽനിന്നുമായി 60000 ക. സാധു സംരക്ഷണാർത്ഥം ചിലവു ചെയ്തിട്ടുണ്ടു് എന്നുള്ളതു പ്രത്യേകം പ്രസ്താവാർഹമാണു്.

**പെരിങ്ങഴ:** സ്ഥലം ദേവാലയത്തിലെ ദർശനത്തിരുനാൾ പൂർവ്വാധികം മംഗളമായി നടത്തപ്പെട്ടു. വേസ്പര, സുപസ്സുകുർബാന മുതലായ തിരുകർമ്മങ്ങളിൽ റവ ഫാദർ ജേക്കബ് കുന്നപ്പള്ളിൽ പ്രധാനകാർമ്മികത്വം വഹിച്ചു. റവ ഫാദർ ആൻറണി പുളശേരി പ്രസംഗംനടത്തി.

**മാരാരിക്കുളം:** സ്ഥലം സെൻറു് അഗസ്റ്റിൻസ് മിഡിൽസ്കൂളിൻറ പ്രഥമവാർഷികദിനാഘോഷവും രക്ഷാകർതൃദിനവും ശ്രീ ഇ ജെ മാമൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഹെഡ്മിസ്ട്രസ് ശ്രീമതി ചേച്ചമ്മ തോമസ് ബി എ സ്വാഗതം പറഞ്ഞു. ശ്രീ കോശി അറയ്ക്കൽ ഒരു പ്രസംഗംചെയ്തു.




അവളുടെ വിവാഹത്തിനു വേണ്ടി ഇപ്പോൾതന്നെ പണം കരുതിവയ്ക്കുവാൻ തുടങ്ങുക!

നിങ്ങളുടെ പുത്രിയുടെ വിവാഹചിലവുകൾക്കു വേണ്ട പണം കരുതുന്നതിന് ആരംഭിക്കേണ്ടതു് അവൾ ചെറുപ്പമായിരിക്കുമ്പോൾതന്നെയാണു്. അവളുടെ ജന്മദിനങ്ങൾതോറും പാലാ ബാങ്ക് ക്യാഷ് സർട്ടിഫിക്കേററുകൾ നൽകുകയും അവളുടെ പേരിൽ ഒരു സേവിംഗ്സ് കണക്കു തുടങ്ങുകയും ചെയ്യുക. സമ്പാദ്യങ്ങൾ പിന്നീട് അവളുടെ വിദ്യാഭ്യാസത്തിനും വിവാഹചിലവുകൾക്കും ഉപകരിക്കും.

ഈ രണ്ടു പദ്ധതികളുടേയും വിശദവിവരങ്ങൾ അറിയുന്നതിന് നിങ്ങളുടെ അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചുമാനേജരെ സമീപിക്കുക.

ESTD. 1927

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ്: പാലാ

PC. 2117 തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ



കാളൻ'സ്
ഫോൺ നമ്പ്
അഴകപ്പനഗർ
542
കാളൻ, നെല്ലായി



പ്യാരി (REGD)
ഔഷധസോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S




# മാർ ദിയസ്കോറോസ് തിരുമേനി തിരുസഭയിൽ

**(കുട്ടപ്പൻ ഒററത്തെയ്യൽ, ചിങ്ങവനം)**

എൻെറ സഹോദരൻ തോമ്മാ മാർ ദിയസ്കോറോസ് തിരുമേനി നിഷ്കളങ്കനും ദയാലുവും ധർമ്മിഷ്ഠനുമായ ഒരുവ്യക്തിയെന്നു അദ്ദേഹത്തെ അടുത്തറിഞ്ഞവർ ഒക്കെയും സമ്മതിക്കും. സത്യാന്വേഷണം ശിശുപ്രകൃതിക്കാരനുമായിരുന്നതുകൊണ്ടു വളരെവേഗം അദ്ദേഹത്തെ കത്തോലിക്കാസഭയിൽ തിരികെക്കൊണ്ടുവരാമെന്നു ഞങ്ങൾ—അദ്ദേഹത്തിൻെറ കനിഷ്ഠസോദരന്മാരായ ഞാനും ചെറിയാൻ വക്കീലും—പ്രത്യാശിച്ചു. ഒരിക്കൽ ഞങ്ങൾ ഇരുവരും അദ്ദേഹത്തെ സമീപിച്ച് ഇക്കാര്യം ഉണർത്തിച്ചു. ആ വാദപ്രതിവാദത്തിൽ യുക്തികൊണ്ടോ തെളിവുകൊണ്ടോ ചരിത്രാധാരംകൊണ്ടോ പറഞ്ഞു നില്ക്കാൻ തിരുമേനിക്കു കഴിയാതെ വന്നു. ആ സമയം അദ്ദേഹം കോപിക്കയും ഇനിമേൽ സഭാകാര്യം സംബന്ധിച്ചു നിങ്ങളിരുവരും ഒരക്ഷരം നമ്മോടു മിണ്ടിപ്പോകരുതെന്നു കർശനമായി തടയുകയും ചെയ്തു. ചെറിയാൻ വക്കീൽ ഉടനേ അദ്ദേഹത്തിൻെറ കാല്ക്കൽ വീണു പൊട്ടിക്കരഞ്ഞു "തിരുമേനി, അവിടുന്നു രക്ഷയുടെ വഴിയിൽ നിന്നകലെയാണല്ലോ. ഒരുവൻ ലോകം മുഴുവനും നേടിയാലും അവൻെറ ആത്മാവിനു നാശം ഭവിക്കുന്നെങ്കിൽ എന്തുപകാരം?"

ആ രംഗം അങ്ങനെ അവസാനിച്ചു. മനോവേദനയോടെ ഞങ്ങൾ രണ്ടാളും അരമനയിൽ നിന്നുമിറങ്ങിപ്പോന്നു. അതില്പ്പിന്നെ സഭാസംബന്ധമായി ഞങ്ങൾ തിരുമേനിയുമായി സംസാരിച്ചിരുന്നില്ല.

അങ്ങനെയിരിക്കേ കത്തോലിക്കാസഭയിൽ നിന്നു ഒരു ശെമ്മാശ്ശൻ യാക്കോബായസഭയിൽ ചേരുകയും അദ്ദേഹം തിരുമേനിയോടുകൂടി ചിങ്ങവനത്തു താമസിച്ചുവരികയും ചെയ്തു. കണ്ണാകണ്ണിക യാ ഈ വാർത്ത അവിടെങ്ങും പരന്നു. ആളുകൾ എന്നെ പരിഹസിക്കാനും തുടങ്ങി. "കത്തോലിക്കയിലെ പട്ടക്കാരുപോലും യാക്കോബായിലേക്കു ചേരുന്നു. എന്നിട്ടു കുട്ടപ്പനുംമററും സ്വന്തം ജനത്തേയും ഇടവകയേയും സഹോദരനായ മെത്രാപ്പോലീത്തായേയും വിട്ടു കത്തോലിക്കനാകുന്നു." അങ്ങനെ പലതും അവർ പറഞ്ഞു.

ഒരു പ്രഭാതത്തിൽ ഞാൻ വി. കുർബാനയിൽ സംബന്ധിച്ചു തിരിച്ചു വരുമ്പോൾ ചിങ്ങവനം അരമനയുടെ ഗെയിററുങ്കൽ വച്ചു അപരിചിതനും കത്തോലിക്കാ വൈദികവസ്ത്രധാരിയുമായ ഒരാളെ കണ്ടു. അദ്ദേഹമായിരിക്കണം കത്തോലിക്കാസഭ വിട്ടു യാക്കോബ്യനായതെന്നു ഞാൻ വിചാരിച്ചു. തിരുമേനിയുടെ കണ്ണിൽപ്പെടാതിരിപ്പാൻ മതിലിനു മറഞ്ഞുകൊണ്ടു ഞാൻ അദ്ദേഹത്തെ കൈകാട്ടി വിളിച്ചു. "അച്ചൻ പഠിച്ച സെമ്മിനാരിയിൽ, യാക്കോബായസഭ രക്ഷയ്ക്കു പര്യാപ്തമാണെന്നു പഠിപ്പിച്ച പ്രൊഫസ്സർ ആരെന്നും ഏതു പുസ്തകത്തിൽനിന്ന് അദ്ദേഹം പഠിപ്പിച്ചുവെന്നും ഒന്നു പറയാമോ?" ഞാൻ ചോദിച്ചു. "ഞാൻ യാക്കോബായ സഭയേയും എൻെറ സഹോദരനായ ദിയസ്കോറോസ് തിരുമേനിയേയും ഉപേക്ഷിച്ചു കത്തോലിക്കനായി. ഞാൻ ചെയ്തതു തെററാണെങ്കിൽ എനിക്കുകൂടി തിരിച്ചു യാക്കോബായിൽ വരണം. അച്ചൻെറ പക്കൽ അതിനുപകരിക്കുന്ന വല്ല പുസ്തകങ്ങളുമുണ്ടെങ്കിൽ ഒന്നു കിട്ടിയാൽ കൊള്ളാം." ഞാൻ ഇത്രയും കൂടിപ്പറഞ്ഞു. "കത്തോലിക്കാസഭയിൽ ചേർന്നുകൊണ്ട് എനിക്കു നഷ്ടവും കഷ്ടവും വളരെ അനുഭവപ്പെടുന്നുണ്ട്. വെറുതെയാണ് ഞാനിതനുഭവിക്കുന്നതെങ്കിൽ ഞാൻ മോഷനും ദുർഭഗനുമല്ലേ? അച്ചന് എന്നെ ഒന്നു സഹായിക്കാൻ കഴികയില്ലേ? അറിവില്ലാത്തവരെ പഠിപ്പിക്കുന്നതു് ഒരു പുണ്യം കൂടിയല്ലേ?" എൻെറ സംഭാഷണത്തിൽ അദ്ദേഹം അല്പമൊന്നു പതറി. "യാക്കോബായ സഭയും കത്തോലിക്കാ സഭയും രക്ഷയ്ക്കു പര്യാപ്തങ്ങളാണ്" അദ്ദേഹം പറഞ്ഞു. "അച്ചൻ ഇങ്ങനെ പറയാൻ തുടങ്ങിയാൽ യാക്കോബായക്കാർ അച്ചനെ നാടു കടത്തു"മെന്നും സത്യസഭ രണ്ടില്ല, ഒന്നേയുള്ളുവെന്നും ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തി.

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചൊറി, ചുണങ്ങ്,
താരൻ, മുഖക്കുരു
മുതലായവയ്ക്കു്
S.V. PRODUCTS, IRINJALAKUDA

സഭാസംബന്ധമായി കൂടുതൽ സംസാരിക്കാൻ താല്പര്യപ്പെടുന്നെങ്കിൽ വൈകിട്ടു നടക്കാനിറങ്ങുമ്പോൾ എൻെറ വീടുവരെ ഒന്നുവരിക. അവിടെവെച്ചു സുദീർഘം സംസാരിക്കാമെന്നും തെളിവുകൾ കാട്ടിക്കൊടുക്കാമെന്നും ഞാൻ പറഞ്ഞു. അതനുസരിച്ച് അദ്ദേഹം അന്നുതന്നെ വീട്ടിൽ വന്നു. യാക്കോബായരേഖകളേയും കത്തോലിക്കാരേഖകളേയും ആസ്പദമാക്കി സഭയുടെ നാലു ലക്ഷണങ്ങളെ വിവരിച്ചും സുറിയാനിപ്പുസ്തകങ്ങളിലെ വാക്യങ്ങൾ ചൊല്ലിക്കൊടുത്തും മററും ഞാൻ മൂന്നു മണിക്കൂർനേരത്തോളം സംസാരിച്ചു. ഒടുവിൽ അദ്ദേഹം സമ്മതിച്ചു കത്തോലിക്കാസഭ മാത്രമാണ് ആത്മരക്ഷയ്ക്കു പര്യാപ്തമെന്നു്. നൈരാശ്യംമൂലം സഭയെ ത്യജിച്ചതും യാക്കോബായസഭയിൽ ചേർന്നതും അബദ്ധമാണെന്നും. അദ്ദേഹം ഒരു പ്രയാസം ഉന്നയിച്ചു. "കത്തോലിക്കാസഭയിലേക്കു ഞാൻ തിരിച്ചുചെന്നാൽ അവർ ഒരു പട്ടക്കാരനായി എന്നെ സ്വീകരിക്കുമോ?" അതിനു ഞാനിങ്ങനെ ഉത്തരം കൊടുത്തു: "യാക്കോബായസഭയിലെ ഒരു വൈദികനായിരുന്നു നരകത്തിൽ പോകയോ കത്തോലിക്കാസഭയിലെ ഒരു അത്മായനായിരുന്നു സ്വർഗ്ഗത്തിൽ പോകയോ ഏതാണച്ചൻ ഇഷ്ടപ്പെടുക?" അച്ചനു് മൊഴിമുട്ടി. ആ ചോദ്യം മർമ്മത്തിനുകൊണ്ടു. എന്തുവന്നാലും തിരികെ കത്തോലിക്കാസഭയിൽ ചേരാമെന്നു അദ്ദേഹം സമ്മതിച്ചു.

"നമ്മുടെ ദിയസ്കോറസു തിരുമേനി പരമഭക്തനും നിഷ്കളങ്കനും ശുദ്ധാത്മാവുമാണ്. അദ്ദേഹത്തെക്കൂടി നമുക്കു കത്തോലിക്കാസഭയിൽ ചേർക്കണം" ശെമ്മാശൻ പറഞ്ഞു. "സഭാസംബന്ധമായ യാതൊരു കാര്യങ്ങളും പറഞ്ഞു പോകരുതെന്ന് എന്നെ വിലക്കിയിട്ടുള്ളതുകൊണ്ട് എനിക്കു ഒന്നും പറയാൻ പാടില്ല. ശെമ്മാശ്ശൻ സൗകര്യംപോലെ തിരുമേനിയോടു് ഇക്കാര്യം പറയു." എന്നു ഞാൻ പറഞ്ഞു. അന്നുതന്നെ തിരുമേനിയോടു ഒരു സംശയം ഉന്നയിക്കണമെന്നും അപ്പഴപ്പോൾ അതതിൻെറ മറുപടി എന്നെ അറിയിക്കണമെന്നും അറിയിക്കാമെന്നും ഞങ്ങൾ പറഞ്ഞൊത്തു. ഇതായിരുന്നു സംശയം: "ക്രിസ്തുവർഷം 345-ൽ ക്നായിത്തോമ്മായും കൂട്ടരും മലയാളത്തു വന്നു എന്നു നാം വിശ്വസിക്കുന്നു. അവർ ക്രിസ്ത്യാനികളായിരുന്നു. വൈദികരും വൈദികമേലദ്ധ്യക്ഷരും അവരോടൊത്തുവന്നിരുന്നു. അന്നു ലോകത്തിൽ യാക്കോബായസഭയുടെ നാമമേകോൽക്കാനുണ്ടായിരുന്നില്ല. അവർ ഇപ്പോൾ ഈ കേരളത്തിൽ പുത്തൻ-പഴയകൂറെന്നു വിളിക്കപ്പെടുന്നുണ്ടല്ലോ. ഇതിൻെറ കാരണമെന്തു്? ചരിത്രമെന്തു്?"

ഇതേത്തുടർന്നു തിരുമേനിയും ശെമ്മാശനുമായി സഭാസംബന്ധമായ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചുപോന്നു. വിവരം ഉടനുടൻ ഞാൻ അറിഞ്ഞിരുന്നു. വേറെ ചോദ്യങ്ങൾ താമസിയാതെ ശെമ്മാശൻ മുഖേന കൊടുത്തുകൊണ്ടിരുന്നു. അങ്ങനെ പത്രോസിൻെറ പരമാധികാരം, പത്രോസിൻെറ തിരുസിംഹാസനം അന്ത്യോഖ്യയല്ല റോമയാണ് എന്നതിൻെറ തെളിവുകൾ, വി. പത്രോസിൻെറ അന്ത്യോഖ്യയിലെ പിൻഗാമി യാക്കോബായ പാത്രിയർക്കീസല്ല മല്ക്കായപാത്രിയർക്കീസാണെന്ന ചരിത്രം, കല്ക്കദോനിയായിൽവെച്ചു റിശ്രുപാത്രിയർക്കീസിൻെറ ശാപമേററ കൂട്ടരാണു യാക്കോബായക്കാർ, മുടക്കെന്താണ്, നെസ്തോറിയൻപതിത്തം, ദിയസ്കോറസിൻെറ മുടക്ക് മുതലായ അനേകവസ്തുതകൾ യാക്കോബായരേഖകളെ പ്രധാനമായി അവലംബിച്ചു, ശെമ്മാശൻവഴി തിരുമേനിയെ ഗ്രഹിപ്പിച്ചു. ഇതു രഹസ്യമായി എട്ടുമാസത്തോളം ഇങ്ങനെ തുടർന്നു.

ഒരു ദിവസം പതിവുപോലെ ഞാൻ കത്തോലിക്കാപള്ളിയിൽ നിന്നും വി. കുർബാനയിൽ സംബന്ധിച്ചു തിരിച്ചുവരവേ തിരുമേനി അരമനയിൽനിന്നുകൊണ്ടു കൈകൊട്ടി എന്നെ വിളിച്ചു. ഞാൻ അടുത്തുചെന്നു. "എനിക്കു കുട്ടപ്പനുമായി സഭാസംബന്ധമായി കുറച്ചു സംസാരിക്കാനുള്ളതുകൊണ്ട് അതു തീരുംമുമ്പേ ആരുവന്നാലും തട്ടിൻമുകളിലേക്കു വിട്ടേക്കരുതെ"ന്നു അച്ചനോടുപറഞ്ഞ്, മുറിയിൽ കയറി വാതിലടച്ചു. "യാക്കോബായസഭയിൽനിന്നാൽ രക്ഷയ്ക്കു തടസ്സമുണ്ടോ?" തിരുമേനിയുടെ ആദ്യത്തെ ചോദ്യം. "ഉണ്ട്" എന്ന പൂർണ്ണബോദ്ധ്യമാണ് തിരുമേനിയേയും സഹോദരന്മാരേയും ഉപേക്ഷിച്ചു കത്തോലിക്കാ സഭയിൽ ചേരുവാനും പല പ്രയാസങ്ങളേയും എതിർപ്പുകളേയും നേരിടുവാനും എനിക്കു പ്രചോദനമരുളിയതു്." വീണ്ടും റിശ്രുപാത്രിയർക്കീസു റോമ്മിലെ മെത്രാനാണെന്നും അന്ത്യോഖ്യർ മുടക്കേററവരാണെന്നും ആത്മരക്ഷയ്ക്കു സത്യസഭയുടെ അംഗത്വം അപരിത്യാജ്യമാണെന്നും സത്യസഭ ഒന്നേ ഉണ്ടായിരിക്കാവൂ എന്നും, ക്രിസ്തു പരിശുദ്ധാത്മാവിൻെറ സാന്നിദ്ധ്യം കൊണ്ട് സഭയെ അന്ത്യത്തോളം നയിക്കുമെന്നും സഭയുടെ അതുല്യങ്ങളായ നാലു ലക്ഷണങ്ങൾ വി. കത്തോലിക്കാസഭയിലേ കാണുന്നുള്ളുവെന്നുംതുടങ്ങി വളരെ കാര്യങ്ങൾ ഞങ്ങൾ പറഞ്ഞു. തിരുമേനിയുടെ ഹൃദയസമാധാനം പോയി ഭയവും ഞടുക്കവുമായി. എൻെറ വാദങ്ങൾ അദ്ദേഹത്തിനു സ്വീകാര്യവുമായി. "ഇനി എന്താണ്, ആത്മരക്ഷ വേണ്ടയോ?" എന്നുള്ള എൻെറ ചോദ്യം കുറേ കട്ടിയായിപ്പോയി. "ഒരു നായെപ്പോലെ ഛർദ്ദിച്ചതു ഭക്ഷിക്കണമല്ലോ. ഞാൻ തിരിച്ചുചെന്നാൽ അവർ എന്നെ സ്വീകരിക്കുമോ? എൻെറ പട്ടത്വം അംഗീകരിക്കുമോ?" "ഒരു യാക്കോബായ മെത്രാനായി നരകത്തിൽപോകുന്നതോ ഒരു കത്തോലിക്കാ അത്മായനായി സ്വർഗ്ഗത്തിൽ പോകുന്നതോ അഭിലഷണീയം?" ഭീഷണിപ്പെടുത്തുന്ന ഒരു ചോദ്യം. "എന്തുവന്നാലും വേണ്ടില്ല. കത്തോലിക്കാസഭയിൽ ചേരാൻ ഞാൻ സന്നദ്ധനായിരിക്കുന്നു" അദ്ദേഹം സമ്മതിച്ചു.

ഞാൻ ആനന്ദഭരിതനും കൃതാർത്ഥനുമായി പുറത്തിറങ്ങി. മുളപ്പുറമ്പിൽ തിരുമേനിയേയും മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാ

---

വി. അന്തോനീസിനോട് അപേക്ഷിച്ചു കാര്യം സാധിച്ചതിനു നന്ദി.

പുളിക്കത്തറ
തൊമ്മൻ മാർത്ത ഏലിശാ

---

കുരിയച്ചിറ വി. യൗസേപ്പ് പിതാവിൻെറ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. ജെ. ജോൺ
കുരിയച്ചിറ

---

# മരിയസഖ്യാംഗങ്ങൾക്ക് ഉപന്യാസമത്സരം

1956 ഏപ്രിൽ 27, 28, 29 എന്നീ തീയതികളിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന മൂക്കന്നൂർ മരിയസഖ്യത്തിൻെറ രജതജൂബിലി മഹാമഹത്തോടനുബന്ധിച്ച് എറണാകുളം അതിരൂപതയിലെ മരിയസഖ്യാംഗങ്ങളെ ഉദ്ദേശിച്ച് ഉപന്യാസമത്സരവും പ്രസംഗമത്സരവും നടത്തുവാൻ ഉദ്ദേശിക്കുന്നു. ഈ മത്സരങ്ങളിൽ എല്ലാ സൊഡാലിററികളേയും പ്രതിനിധീകരിപ്പിച്ച് ഞങ്ങളുടെ സംരംഭം വിജയിപ്പിക്കണമെന്ന് ബ: ഡയറക്ടറച്ചന്മാരോടും മററു ഭാരവാഹികളോടും അഭ്യർത്ഥിക്കുന്നു.

## ഉപന്യാസനിബന്ധനകൾ

1. വിഷയം: മറിയവും മരിയസഖ്യങ്ങൾവഴിയുള്ള സമുദായസേവനവും.
2. ഫൂൾസ്കാപ്പ് 3 പേജിൽ കവിയാതെ മഷിയിൽ എഴുതിയിരിക്കണം.
3. സ്കൂൾഫൈനലിൽ കൂടുതൽ സ്റ്റാൻേറഡുള്ള അംഗങ്ങളുടെ ഉപന്യാസം സ്വീകരിക്കുന്നതല്ല.
4. ഉപന്യാസത്തോടനുബന്ധിച്ച് ബ: ഡയറക്ടറുടെ സർട്ടിഫിക്കററുണ്ടായിരിക്കണം.
5. ഉപന്യാസകർത്താവിൻെറ പൂർണ്ണമായ പേരും മേൽവിലാസവുമുണ്ടായിരിക്കണം.
6. ഉപന്യാസം ഏപ്രിൽ 10-ാം തീയതിക്കുമുമ്പ് ഇവിടെ കിട്ടിയിരിക്കണം.

സമ്മാനാർഹങ്ങളായ ഉപന്യാസങ്ങൾക്കുള്ള പാരിതോഷികങ്ങൾ സമ്മേളനത്തിൽവച്ചു നൽകപ്പെടുന്നതാണ്. മത്സരത്തിനു ഫീസൊന്നും ഈടാക്കുന്നതല്ല.

പ്രസംഗമത്സരം ഏപ്രിൽ 28-ാംനു രാവിലെ 11-30 നു സമ്മേളനപന്തലിൽവച്ചു നടത്തുന്നതാണ്. പ്രസംഗവിഷയം 10 മിനിട്ടുമുൻപു് അറിയിക്കുന്നതാണ്.

ഉപന്യാസം താഴെ കാണുന്ന വിലാസത്തിൽ അയച്ചിരിക്കണം:-

Rev. Fr. Philip Kanatt
R. C. Church
P. O. Mookannoor
Via. Angamaly

എന്നു് ജനറൽസിക്രട്ടറി

---

# കൊററമത്തിപ്പള്ളിയിൽ

## നാല്പതുമണിയാരാധനയും ദിവ്യകാരുണ്യസമ്മേളനവും

1956 മാർച്ച് 20, 21, 22 ചൊവ്വാ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ. ചൊവ്വാഴ്ച രാവിലെ 5 മണിക്ക് തലശ്ശേരിമെത്രാൻ തിരുമനസ്സിലെ പൊന്തിഫിക്കൽ പാട്ടുകുർബാന. വ്യാഴാഴ്ച വൈകുന്നേരം 3-30നു് എറണാകുളം അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്ക് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ദിവ്യകാരുണ്യപ്രദക്ഷിണം. വന്ദ്യതിരുമേനിമാരുടെ അദ്ധ്യക്ഷതയിൽ എല്ലാ ദിവസവും വൈകുന്നേരം ദിവ്യകാരുണ്യസമ്മേളനങ്ങൾ. സുപ്രസിദ്ധവാഗ്മികളുടെ പ്രസംഗങ്ങൾ. 19-ാംനു വൈകുന്നേരം തലശേരിരൂപതാദ്ധ്യക്ഷൻ തിരുമേനിക്ക് സ്വീകരണവും, തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ, കാലംചെയ്ത വന്ദ്യമെത്രാപ്പോലീത്താ തിരുമേനിക്കുവേണ്ടി ഒപ്പീസ് മുതലായ തിരുകർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്. വിശ്വാസികൾ ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

എന്നു് വികാരി

ദേയും കണ്ട് ആലോചിച്ചു. സംഗതികൾ വിജയകരമായി പൂരോഗമിച്ചു.

അർദ്ധരാത്രിസമയം. ഞാനും സഹോദരൻ ചെറിയാൻവക്കീലും ചിങ്ങവനം അരമനയിലെത്തി. തിരുമേനി നേരത്തെ തയ്യാറായിരുന്നു. ഇതിൽപ്പറയുന്ന അച്ചനും തിരുമേനിയുടെ വേലക്കാരൻ മിഖായേലുംകൂടി തിരുമേനിയോടൊന്നിച്ചു പുറപ്പെടുവാൻ ഒരുങ്ങി. ഞങ്ങൾ പുറത്തുകടന്നു അരമനപൂട്ടി. ആ നിശയുടെ നിശ്ശബ്ദതയിൽ തരളചിത്തരായി എന്നാൽ പ്രമോദഭരിതരായി ഞങ്ങൾ കത്തോലിക്കാപ്പള്ളിയിലേക്കു നടന്നു. തിരുവല്ലായിൽനിന്നും ബ: ചിറയ്ക്കാട്ടച്ചൻ കാറുമായി അവിടെ എത്തിയിരുന്നു. ബ: ഉഴരാളിലച്ചനും കരവട്ടച്ചനും ഞങ്ങളുംകൂടി അദ്ദേഹത്തെ തിരുവല്ലായ്ക്കയച്ചു. അങ്ങനെ 1939 നവമ്പർ 12-ാം തിയതി തിരുമേനി തിരുസഭയുമായി പുനരൈക്യപ്പെട്ടു. തിരുമേനിയുടെ നിർദ്ദേശാനുസരണം രഹസ്യമായി എന്റെ വീട്ടിൽ സൂക്ഷിച്ചിരുന്ന വടി, മുടി, സ്ലീബാ, പുസ്തകങ്ങൾ മുതലായവ യാക്കോബായ ട്രസ്റ്റികളെ വരുത്തി ലിസ്റ്റിൻപടിയും രസീതിൻപടിയും അവരെ തിരിച്ചേല്പിക്കയുംചെയ്തു.

—o—

(11-ാംപേജ് തുടർച്ച)

കൈവച്ചു കഴിഞ്ഞു. തിരിഞ്ഞു നോക്കുക ഇനി സാധ്യമല്ല. എന്റെ വഴിക്കു ഞാൻ ചെകുത്താന്റെ പക്കലേക്കുതന്നെ പോകും."

"എന്റെ കാര്യമോ?" ഡേക്ക ചോദിച്ചു. ആദ്യമായിട്ടാണ് അയാൾ സംസാരിച്ചത്.

"ഛേ!... വായടക്കൂടാ, പട്ടി; നീ ഈ രാത്രി നടന്ന സംഭവങ്ങളിൽ ഒന്നെങ്കിലും വെളിപ്പെടുത്തുമെങ്കിൽ നീ കഴിഞ്ഞ മാസത്തിൽ ചെയ്ത മോഷണവും കൊലപാതകവുമെല്ലാം പുറത്തു വരും. നിന്റെ ജീവൻ കയറിന്റെ തുമ്പിൽ തൂങ്ങുമെന്നു ഓർത്തുകൊള്ളൂ." അവൻ നിശ്ശബ്ദനായി.

"അതെല്ലാം നിനക്കു ഓർമ്മയുണ്ട് അല്ലേ! ഇപ്പോൾ പോയി ജോബെയിററ്സിദനോട് അനുചരന്മാരെയുംകൊണ്ടു പിൻവാങ്ങാൻ പറയൂ."

ഭൃത്യൻ തന്റെ ശ്രൂലവും താങ്ങിക്കൊണ്ട് ഉടൻ യാത്രയായി. ട്രിൻവെല്ലും അവനെ അനുഗമിക്കാൻ ഒരുമ്പെട്ടു. വൈദികൻ അയാളെ തടഞ്ഞു. അവന്റെ കൈക്കു കടന്നു പിടിച്ചുകൊണ്ടു പറഞ്ഞു: "ശി, നിങ്ങൾ നന്നായി പ്രവർത്തിച്ചു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും അവിടുത്തെ അമ്മയായ കന്യകാമറിയത്തിന്റെയും നാമത്തിൽ നിങ്ങളോടു ഞാൻപറയുന്നു, നിങ്ങൾ വരുത്തിക്കൂട്ടുന്ന നാശത്തെപ്പററി ചിന്തിക്കുക എന്നു. നിങ്ങളുടെ ആത്മാവിന്റെ സ്ഥിതിയെ പരിശോധിച്ച് പാപകരമായ ഈ ജീവിതത്തെ ഉപേക്ഷിക്കുക."

ട്രിൻവെൽ പിടിവിടുവിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു "എനിക്കു ഒന്നും കേൾക്കണ്ടാ, ഞാൻ മറക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങളെയാണ് നിങ്ങൾ അനുസ്മരിക്കുന്നത്."

"എന്നാൽ നീ കേൾക്കുകതന്നെവേണം" എന്നു പറഞ്ഞുകൊണ്ടു അയാളെ സമീപേ ഉണ്ടായിരുന്ന ഒരു ചാരുകസേരയിൽ പിടിച്ചിരുത്തി. അദ്ദേഹം സംഭാഷണം തുടർന്നു. തന്റെ ബാല്യകാലസ്നേഹിതനും സതീർത്ഥ്യനുമായ ശിതോപ്പിനോടുണ്ടായിരുന്ന സ്നേഹം വാക്കുകളിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. ആത്മാക്കളെപ്പററിയുള്ള ശുഷ്കാന്തിയാൽ എരിയുന്ന ഹൃദയത്തിൽനിന്നു പുറപ്പെട്ട വാക്കുകൾ ആ പാപിയുടെ ഹൃദയത്തിൽ തുളച്ചുകയറി. കത്തോലിക്കാ വിശ്വാസമാകുന്ന അമൂല്യനിധിയുടെ മാഹാത്മ്യത്തെപ്പററിയും പാപത്തിന്റെ മ്ളേച്ഛതയെക്കുറിച്ചും കരുണാവാരിധിയായ ദൈവം പാപിയുടെ പ്രത്യാഗമനത്തിൽ സന്തോഷിക്കുന്നതിനെപ്പററിയും സംസാരിച്ചു. കുയുക്തികളെ ഖണ്ഡിച്ചും പ്രയാസങ്ങളെ ലഘൂകരിച്ചുമുള്ള അദ്ദേഹത്തിന്റെ പ്രഭാഷണം ആ പാപിയുടെ ഹൃദയത്തിൽ ഒരു മാററമുളവാക്കി. ഹെക്കൻഹാമും മേർട്ടനും ആ മാററം കണ്ടുതുടങ്ങിയിരുന്നു. മാതൃവക്ഷസ്സിൽ നിന്നും സ്തന്യപാനത്തോടെ ലഭിച്ച കത്തോലിക്കാ വിശ്വാസം നിശ്ശേഷം മൃതപ്രായമല്ലായിരുന്നു. പ്രസാദവരത്തിന്റെ ചലനങ്ങൾ പാപപങ്കിലമായ ആ ഹൃദയത്തിൽ അനേക നാളുകൾക്കുശേഷം ആദ്യമായി അനുഭവപ്പെട്ടു. അവസാനം ദൈവം തന്നെ ജയിച്ചു.

ഒരു മണിക്കൂർ കഴിഞ്ഞു മേർട്ടനും ഹെക്കൻഹാമും ആ മുറിയിൽ വീണ്ടും പ്രവേശിച്ചപ്പോൾ ട്രിൻവെൽ മന്ദസ്മിതത്തോടെ പറഞ്ഞു: "സ്നേഹിതന്മാരേ, നിങ്ങളെ ഒരു നല്ലവർത്തമാനം അറിയിക്കാനുണ്ട്: പല വർഷങ്ങൾക്കുമുമ്പ് ഫാദർ ഹാരി വിങ്കേററ് എന്റെ ശരീരത്തിന്റെ ജീവനെ രക്ഷിച്ചു. എന്നാൽ ഇന്നു അദ്ദേഹം എന്റെ ആത്മാവിനെ രക്ഷിച്ചു. ഞാൻ ഇപ്പോൾ ഒരു നല്ല കുമ്പസാരം കഴിച്ചതേയുള്ളു."

—o—

## ചോദ്യോത്തര പംക്തി

ചോ: ആത്മീയ ദിവ്യകാരുണ്യസ്വീകരണം (Spiritual Communion) എന്നാൽ എന്ത്? അതു പരി. കുർബാന സ്ഥാപിച്ചിട്ടുള്ള പള്ളികളിൽ വച്ചു മാത്രമേ പാടുള്ളോ? ഒരേസമയം തന്നെ പല പ്രാവശ്യം നടത്താമോ? മുട്ടിന്മേൽ നിന്നുകൊണ്ടു വേണമെന്നുണ്ടോ? അതിനു എന്തെങ്കിലും പ്രത്യേകജപമുണ്ടോ?

ഉ: സാധാരണ അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം എന്നു വിളിക്കാറുള്ള ഈ ഭക്താഭ്യാസം ആഗ്രഹത്താലെയുള്ള വി: കുർബാന സ്വീകരണമാണ്. ഒരു കൂദാശയെന്ന നിലയിൽ സാധാരണ പ്രതിദിനം ഒരു പ്രാവശ്യം മാത്രമല്ലേ ദിവ്യകാരുണ്യം സ്വീകരിക്കാവൂ. എന്നാൽ മിശിഹായെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഭക്താത്മാക്കൾക്കു ഒന്നിൽ കൂടുതൽ പ്രാവശ്യം അവിടുത്തോടു യോജിക്കുന്നതിനുള്ള ആഗ്രഹമുണ്ട്. ആ ആഗ്രഹം സാധിക്കുന്നതിനുള്ള പോംവഴിയാണ് ആത്മീയ ദിവ്യകാരുണ്യസ്വീകരണം.

അതു ഇന്ന സ്ഥലത്തോ, ഇന്ന സമയത്തോ, ഇത്ര പ്രാവശ്യമോ മാത്രമേ ആകാവൂ എന്നു ഒരു നിയമമില്ല. ദിവ്യകാരുണ്യസന്ദർശനത്തിനായി പള്ളിയിൽപോകുമ്പോൾ മുട്ടിന്മേൽ നിന്നുകൊണ്ടുതന്നെ ഈ കർമ്മം നിർവഹിക്കുക ഒരു സാധാരണ പതിവാണ്. ദിവ്യബലിയിൽ സംബന്ധിക്കുന്ന എല്ലാവരും വൈദികന്റെ ദിവ്യകാരുണ്യ സ്വീകരണത്തിനു ശേഷം കൗദാശികമായി വി: കുർബാന ഉൾക്കൊള്ളാത്ത പക്ഷം ആഗ്രഹത്താലെങ്കിലും സ്വീകരിക്കേണ്ടതാണ്.

മററു സ്ഥലങ്ങളിലും സമയത്തും, ഇരുന്നുകൊണ്ടോ, നിന്നുകൊണ്ടോ എങ്ങനെയെങ്കിലും സ്വീകരിക്കുന്നതിനു വിരോധമില്ല. സാധാരണ സുകൃതജപങ്ങൾ ചൊല്ലുന്ന കൂട്ടത്തിൽ ഇതിനെയും കരുതാം. സുകൃതജപം ചൊല്ലുന്നതിന് മുട്ടിന്മേൽ നില്ക്കണമെന്നു നിർബന്ധമില്ലല്ലോ. അതുപോലെ തന്നെ ഒരേ സമയത്തു പല പ്രാവശ്യം ഉൾക്കൊള്ളുന്നതിനും തടസ്സമില്ല.

ആത്മീയ ദിവ്യകാരുണ്യ സ്വീകരണത്തിനു ഒരു നിശ്ചിതജപം ചൊല്ലണമെന്നു നിർബന്ധമില്ല. ഓരോരുത്തനും യുക്തം പോലെ എന്തെങ്കിലും ചൊല്ലുകയോ മനസ്സുകൊണ്ടുമാത്രം പ്രകരണം ചെയ്യുകയോ ആകാം.

"എന്റെ ഈശോയേ, അങ്ങ് വി: കുർബാനയിൽ എഴുന്നള്ളിയിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അങ്ങയെ ആരാധിക്കുന്നു. അങ്ങ് എന്റെ ഹൃദയത്തിൽ എഴുന്നള്ളി വരണമേ. അങ്ങയെ ഞാൻ പിടിച്ചു തഴുകുന്നു. അങ്ങ് എന്റെ ഹൃദയത്തിൽ നിന്നു അകന്നു പോകരുതെ" എന്നിങ്ങനെയുള്ള ജപങ്ങൾ ഭക്താത്മാക്കൾ ചൊല്ലാറുണ്ട്. അതിനു പ്രത്യേക ദണ്ഡവിമോചനങ്ങളും കല്പിച്ചു നൽകപ്പെട്ടിട്ടുണ്ട്.

---

ഉണ്ണിഈശോയുടേയും വിശുദ്ധ യൂദാ തദേവൂസിന്റേയും കൊച്ചുത്രേസ്യാപുണ്യവതിയുടേയും അന്തോനീസ് പുണ്യവാന്റേയും വി. 10-ാം പീയൂസിന്റേയും മാദ്ധ്യസ്ഥതാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Elsy Mathew
Trichur

---

## പുസ്തകാഭിപ്രായം

### അദ്ധ്യാത്മദീപം

(ക. നി. മൂ. സ മിഖായേൽ കത്തനാർ. പേജ് 252. വില 2 ക. സെന്റ് ജോസഫ്സ് പ്രസ്സ്, മാന്നാനം.)

ക്രിസ്ത്യാനികൾക്കു മാത്രമല്ല ക്രിസ്ത്യേതരക്കുപോലും ആദ്ധ്യാത്മിക പ്രകാശം നൽകുന്നതിന് ഉപകരിക്കുന്ന ഒരു ഗ്രന്ഥമാണ് ബ. മിഖായേലച്ചന്റെ അദ്ധ്യാത്മദീപം. ഏതു പാമരനും നിഷ്പ്രയാസം വായിച്ചു മനസ്സിലാക്കത്തക്ക ലളിതഭാഷയിൽ കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെയും ഒരു രത്നച്ചുരുക്കം അതിൽ ചേർത്തിട്ടുണ്ട്. മിശിഹായുടെയും അവിടുത്തെ ദിവ്യജനനിയുടെയും ജീവിതത്തിലെ വിവിധരംഗങ്ങൾ അവരോടുള്ള സ്നേഹബഹുമാനങ്ങൾ വർദ്ധിപ്പിക്കത്തക്കവണ്ണമാണ് വിവരിച്ചിരിക്കുന്നത്. വിശുദ്ധ കൂദാശകളെ യോഗ്യതാപൂർവം സ്വീകരിക്കുന്നതിനും പുണ്യജീവിതത്തെ സ്നേഹിക്കുന്നതിനും പാപത്തെ വെറുക്കുന്നതിനും ആരേയും പ്രേരിപ്പിക്കുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും ഗ്രന്ഥത്തിൽ സുലഭമാണ്. സാധാരണ ജനങ്ങളുടെ പ്രതിദിനജീവിതത്തിലെ അനുഭവങ്ങളെ ആസ്പദമാക്കി കാര്യകാരണസഹിതം, നൽകുന്ന വിശദീകരണങ്ങൾ വളരെ ഹൃദ്യങ്ങളായിരിക്കുന്നു.

ഗ്രന്ഥകാരൻ തന്നെ മുഖവുരയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ വിമർശനബുദ്ധിയോടെ വായിക്കുന്നവർക്കു ഗ്രന്ഥത്തിലെ ചില പ്രസ്താവനകളെക്കുറിച്ചു അഭിപ്രായവ്യത്യാസമുണ്ടാകാൻ പാടുണ്ട്. എങ്കിലും അവയൊന്നും വിശ്വാസത്തെയോ, സന്മാർഗ്ഗത്തെയോ ബാധിക്കുന്നവയല്ലാത്തതിനാൽ ഈ ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ഒരു ന്യൂനതയായി പരിഗണിക്കേണ്ടതില്ല. "അഗ്നികുണ്ഡം" എന്നതിനു പകരം "അഗനികുണ്ഢം" എന്നും മററും അച്ചുകൾ ഉപയോഗിക്കുന്നതിൽ വന്നുപോയിട്ടുള്ള തെററുകൾ അടുത്ത പതിപ്പിൽ തിരുത്തുമെന്നു പ്രതീക്ഷിക്കുന്നു.

പൊതുവെ ഭക്തിസംവർദ്ധകമായ ഈ ഗ്രന്ഥം കുടുംബങ്ങളിൽ കൂട്ടമായ ജ്ഞാനവായനയ്ക്കു ഉപയോഗിക്കുന്നതു നന്നായിരിക്കും.

(F. A.)

---

## മോൺ. ജേക്കബ് കല്ലറയ്ക്കൽ നിര്യാതനായി



സുദീർഘകാലം ചങ്ങനാശ്ശേരി രൂപതയുടെ വികാരി ജനറാളും, മൂന്നുപ്രാവശ്യം ആ രൂപതയുടെ അഡ്മിനിസ്ട്രേററുമായി പ്രശസ്ത സേവനമനുഷ്ഠിച്ചിട്ടുള്ള "പ്രോട്ടോനോട്ടറി അപ്പസ്തോലിക്ക്" റൈററു റവ. മോൺ. ജേക്കബ് കല്ലറയ്ക്കൽ അവർകൾ മാർച്ചുമാസം 4-ാംതിയതി ഞായറാഴ്ച വൈകിട്ട് 5-45നു 93-ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ സ്വന്തം ഇടവകയായ കാഞ്ഞിരപ്പിള്ളിപ്പള്ളിമേടയിൽവച്ചു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പ്രായാധിക്യംകൊണ്ടും മററു ശരീരാസ്വാസ്ഥ്യങ്ങൾകൊണ്ടും വിശ്രമജീവിതം കഴിച്ചുവരികയായിരുന്നു പരേതൻ. ചങ്ങനാശ്ശേരി മെത്രാൻ റൈററു റവ ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനിയാണ് അദ്ദേഹത്തിനു അന്ത്യകൂദാശകൾ നൽകിയത്. മോൺ: കല്ലറയ്ക്കലിന്റെ സുദീർഘമായ മഹത്സേവനങ്ങൾ വിപുലങ്ങളാണ്. 1889 മാർച്ച് 16-ാംതിയതി അദ്ദേഹം വൈദികപട്ടം സ്വീകരിച്ചതിനുശേഷം കുമ്പളം, കടുത്തുരുത്തി, പള്ളിപ്പുറം, ഞാറയ്ക്കൽ, കുടവച്ചൂർ മുതലായ പ്രസിദ്ധ പള്ളികളിൽ വികാരിജോലി സ്തുത്യർഹമാംവിധം നിർവ്വഹിച്ചു. 1912-ലാണ് കാലംചെയ്ത കുര്യാളശ്ശേരിൽ തോമാമെത്രാൻ തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ സിക്രട്ടറിയായും ചങ്ങനാശ്ശേരിമിസ്സത്തിന്റെ പ്രൊക്കുറേററായും നിയമിച്ചത്. 1919-ൽ അദ്ദേഹം വികാരിജനറാളായി നിയമിക്കപ്പെട്ടു. 1921-ൽ 15-ാംബനദിക്തോസ് മാർപ്പാപ്പാ അദ്ദേഹത്തെ "ഡൊമസ്റ്റിക്ക് പ്രിലേററ്"ക്കി. ഇപ്പോൾ ഭാഗ്യമോടെ ഭരിക്കുന്ന 12-ാംപീയൂസ് മാർപ്പാപ്പായാണ് അദ്ദേഹത്തിനു "പ്രോട്ടോനോട്ടറി അപ്പസ്തോലിക്ക്" എന്ന സമുന്നതസ്ഥാനം കല്പിച്ചു നൽകിയത്. സമ്പൽസമൃദ്ധവും പ്രശസ്തവുമായ കല്ലറയ്ക്കൽ കുടുംബത്തിലെ അംഗമായ പരേതൻ അദ്ദേഹത്തിന്റെ സാമ്പത്തികമായ കഴിവുകളെ ദൈവസ്തുതിക്കും സഹോദരങ്ങളുടെ ക്ഷേമത്തിനും വേണ്ടി നിർല്ലോഭം ചിലവഴിച്ചതിന്റെ നിത്യസ്മാരകങ്ങളായി രാജ്യത്തങ്ങോളമിങ്ങോളം നിരവധി ദേവാലയങ്ങളേയും, കന്യകാമഠങ്ങളേയും, മററു സ്ഥാപനങ്ങളേയും നമുക്കു കാണാവുന്നതാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു മോൺ: കല്ലറയ്ക്കൽ അവർകളുടെ ബലിഷ്ഠഹസ്തങ്ങൾ ചെയ്തിട്ടുള്ള സഹായങ്ങൾ വാചാമഗോചരങ്ങളാണ്. ഏവംവിധം പ്രശസ്തവും ഫലപ്രദവും, കാര്യക്ഷമവുമായ 67 കൊല്ലത്തെ സുദീർഘമായ സേവനസമ്പാദ്യവുമായിട്ടാണ് പരേതൻ നിത്യസമ്മാനത്തിനായി ദിവംഗതനായിരിക്കുന്നത്.

തിങ്കളാഴ്ച രാവിലെ ചങ്ങനാശ്ശേരിമെത്രാൻ തിരുമനസ്സുകൊണ്ടു പരേതനുവേണ്ടി പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. ചൊവ്വാഴ്ച പാലാ മെത്രാൻ തിരുമനസ്സുകൊണ്ട് പൊന്തിഫിക്കൽറാസ അർപ്പിച്ചു. 10 മണിക്കു തിരുവനന്തപുരം മെത്രാപ്പോലീത്താ, ചങ്ങനാശ്ശേരി, കോട്ടയം, പാലാ, തിരുവല്ല, വിജയപുരം എന്നീ രൂപതാദ്ധ്യക്ഷന്മാർ, നിരവധി വൈദികർ, കന്യാസ്ത്രികൾ, ഭക്തസംഘടനാംഗങ്ങൾ, ഉദ്യോഗസ്ഥപ്രമുഖന്മാർ. ജാതിമതഭേദമെന്യേ വമ്പിച്ച ഒരു ജനവ്യൂഹം എന്നിവരുടെ സാന്നിദ്ധ്യത്തിൽ സംസ്കാരചടങ്ങുകൾ സമാരംഭിച്ചു. ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പ്രധാന കാർമ്മികത്വം വഹിച്ചു. തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടാണ് ചരമപ്രഭാഷണം നിർവ്വഹിച്ചത്. പട്ടണം ചുററിയുള്ള വിലാപയാത്ര ആഡംബരസമന്വിതവും കളങ്കരഹിതവുമായിരുന്നു. അലങ്കരിച്ച രഥത്തിലാണ് ശവമഞ്ചം സ്ഥാപിക്കപ്പെട്ടിരുന്നത്. ഉച്ചതിരിഞ്ഞു ഒരു മണിയോടുകൂടി വിലാപയാത്ര പുത്തൻപള്ളിയിൽ വന്നുചേരുകയും പള്ളിയുടെ മദ്ബഹായിൽ നേരത്തെ സജ്ജമാക്കിയിരുന്ന കല്ലറയിൽ ശവസംസ്കാരം നിർവ്വഹിക്കപ്പെടുകയും ചെയ്തു. സംസ്കാരകർമ്മങ്ങൾക്കു ശേഷം നിരവധി സാധുക്കൾക്കു ഉദാരമായ ദാനധർമ്മങ്ങൾ നൽകപ്പെട്ടു.

R. I. P.

---

കെ. പി. മാധവൻ നായർ,
ജനറൽ സെക്രട്ടറി
അഖിലേന്ത്യാ കോൺഗ്രസ്സ്കമ്മററി.

എറണാകുളം,
27-1-56

**പ്രിയപ്പെട്ട കേശവൻവൈദ്യർ,**

ചന്ദ്രിക ഔഷധസോപ്പ് ഞാൻ ഉപയോഗിച്ചിട്ടുണ്ട്. അതു ഒരു ഔഷധസോപ്പു മാത്രമല്ല, സാധാരണ ഉപയോഗിക്കുവാൻ പററിയ നല്ല ഒരു ടോയിലററ് സോപ്പുകൂടിയാണ്. ശരീരശുദ്ധിക്കും, ദേഹത്തിൽ കടന്നുകൂടുന്ന രോഗാണുക്കളെ നശിപ്പിക്കുവാനും ഇതിന്റെ ഔഷധവീര്യം ഉപകരിക്കുമെന്നു കാണുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. നിങ്ങളുടെ പരിശ്രമത്തിനു വിജയം ആശംസിക്കുന്നു.

(ഒപ്പ്)

ചെറുകഥ

# സതീർത്ഥ്യരുടെ സമാഗമം

(F. M. N)

(തുടർച്ച)

പെട്ടെന്നു ഒരു പാചകൻ പ്രവേശിച്ചു. അവൻ വികാരഭരിതനായി കാണപ്പെട്ടു.

"അശ്വാരൂഢനായ ഒരാൾ വന്നുനില്ക്കുന്നു. അങ്ങയെ ഉടൻ കാണണമെന്നു ആവശ്യപ്പെട്ടുന്നു."

ഫെക്കൻഹാം പെട്ടെന്നു ഞെട്ടിപ്പോയി. "അയാളെ ഉടൻ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരൂ."

ക്ഷണനേരത്തിൽ ആഗതൻ പ്രത്യക്ഷപ്പെട്ടു. അയാളുടെ മുഖം വാടി വിളറിയും തലമുടി പാറിപ്പറന്നും ഉടുപ്പ് ചെളിതെറിച്ചും വികൃതരൂപനായി കാണപ്പെട്ടു. ഫെക്കൻഹാമിനെ സമീപിച്ച് ആചാരോപചാരങ്ങളോടു കൂടി അയാൾ ചോദിച്ചു: "ക്ഷമിക്കണം. അങ്ങുതന്നെയല്ലേ മിസ്റ്റർ ഫെക്കൻഹാം?" ഫെക്കൻഹാം സമ്മതഭാവത്തിൽ തല കുനിച്ചു.

"അങ്ങുതന്നെയല്ലേ മുൻപു വെസ്ട്രിഗിൽ താമസിച്ചിരുന്ന മിസ്റ്റർ ഫെക്കൻഹാം?" ഫെക്കൻഹാം വീണ്ടും തല കുനിച്ചു.

"ദൈവത്തിനു സ്തുതി. ആറു മൈൽ ദൂരം ചാരന്മാർ എന്നെ അനുധാവനം ചെയ്യുകയായിരുന്നു. രണ്ടു മൈലിനപ്പുറം വച്ചു ഞാൻ അവരുടെ ദൃഷ്ടികളിൽ നിന്നു മറഞ്ഞു. എൻെറ പേരു ഫാദർ കൂർട്ടനേ എന്നാണു്. ഡോവറിലെ ജഫ്റി നിങ്ങൾക്കു തരുന്നതിലേക്കായി ഒരു ശുപാർശക്കത്തു തന്നിട്ടുണ്ടു്."

"കൂർട്ടനേ!" ആശ്ചര്യഭരിതരായ ആ അളിയന്മാർ അട്ടഹസിച്ചുപോയി.

ഒരു നിമിഷനേരത്തേക്കു ആഗതൻ ഉൽക്കണ്ഠയോടെ അവരുടെ മുഖത്തേക്കു നോക്കി. "നിങ്ങൾ എന്നെ പ്രതീക്ഷിക്കുകയായിരുന്നില്ലേ."

"ഒന്നുകിൽ നമുക്കൊരു തെററു പററി. അല്ലെങ്കിൽ ആരോ നമ്മെ ചതിച്ചു." മേർട്ടൻ പ്രതിവചിച്ചു. "ജയിംസ്, ആ എഴുത്തു വായിച്ചു ജഫ്റിയുടേതു തന്നെയാണോ എന്നു നോക്കുക."

ഫെക്കൻഹാം എഴുത്തു വായിച്ചിട്ടു "ഇതിൽനിന്നു ഒന്നും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഒപ്പു മാത്രമേ ജോൺ ജഫ്റിയുടേതായുള്ളു. മറെറല്ലാം ഇതുപോലെ തന്നെയായിരുന്നല്ലോ."

(ഇതിനിടയിൽ ഒരു വിരൂപഗാത്രൻ ആ മുറിയിൽക്കൂടി കടന്നുപോയതു ആരും സൂക്ഷിച്ചില്ല.)

"എന്താണു സംഗതിയെന്നു എനിക്കു മനസ്സിലാകുന്നില്ല." ആഗതൻ പറഞ്ഞു. "ഞാൻ ഒരു ഭാഗികനാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഞാൻ സാക്ഷാൽ ഒരു പുരോഹിതനാണെന്നു ഇതാ സത്യം ചെയ്തുകൊള്ളുന്നു."

"സത്യം ചെയ്യുന്നതുകൊണ്ടു ഒരു പ്രയോജനവുമില്ല. സാറേ," ഫെക്കൻഹാം പറഞ്ഞു. "ഇക്കാൽ കൂർട്ടനേ എന്നു പേരുള്ള വൈദികൻ ജോൺ ജഫ്റിയുടെ പക്കൽ നിന്നും ഒരു ശുപാർശക്കത്തും കൊണ്ടുവന്നു ഇപ്പോൾ ഇവിടെ താമസിക്കുന്നുണ്ടു്."

അര നിമിഷനേരത്തേക്കു ആഗതൻ സ്തബ്ധനായിപ്പോയി. പിന്നീടു അദ്ദേഹം സംസാരിച്ചു. അദ്ദേഹത്തിൻെറ വാക്കുകളിൽ നിഷ്കാപട്യം പ്രതിദ്ധ്വനിക്കുന്നുണ്ടായിരുന്നു. "ഞാനാണു കൂർട്ടനേ. അതുകൊണ്ടു അയാൾ ഒരു ചാരനായിരിക്കണം. നമുക്കു എന്തെങ്കിലും ഒരു ഉപായം കണ്ടുപിടിക്കണം. അല്ലെങ്കിൽ അയാൾ വന്നു നമ്മെ എല്ലാം പിടികൂടും."

"അത്ര വേഗത്തിൽ വേണ്ട." ഫെക്കൻഹാം മറുപടി പറഞ്ഞു. "തെററുകൾ ആവർത്തിക്കാൻ ഞാൻ തയ്യാറില്ല. നിങ്ങളാണു വൈദികനെന്നും അയാൾ ചാരനെന്നും ഞാൻ എങ്ങനെ അറിയും?"

"ശരി. നിങ്ങൾ ദിവ്യപൂജയെപ്പററിയോ കൂദാശകൾ നൽകുന്നതിനെക്കുറിച്ചോ എന്തെങ്കിലും എന്നോടു ചോദിക്കുക, ഉടൻ ഞാൻ മറുപടി പറയാം."

"എന്നാൽ 'പാതർനോസ്റ്റർ' കഴിഞ്ഞുവരുന്ന പ്രാർത്ഥന ചൊല്ലുക."

"ലിബരാ നോസ് ക്വേസുമുസ് ഡോമിനെ" എന്നാരംഭിച്ചു വ്യക്തമായ സ്വരത്തിൽ ആ പ്രാർത്ഥന ചൊല്ലി അവസാനിപ്പിച്ചു.

"ഒരു പട്ടക്കാരനു മാത്രമേ ഇതുപോലെ ചൊല്ലാൻ സാധിക്കയുള്ളു. കത്ത്ബേട്ട്, ബലിഷ്ഠരായ രണ്ടു വേലക്കാരെയും കൊണ്ടുപോയി ആ ഭാഗികൻെറ മുറിയിൽ കാവൽ നില്ക്കാൻ പറയൂ. അയാളുടെ ഭൃത്യനെ പിടിച്ചു മുറിയിലടയ്ക്കാൻ ആജ്ഞാപിക്കുക."

മേർട്ടൻ വാതിലിനു സമീപം എത്തുന്നതിനുമുൻപു ഭയവിഹ്വലയായ ഒരു വേലക്കാരി ഓടിവന്നു, ആ "അച്ചൻ" കൈയിൽ ഒരു വാളും ധരിച്ചു തൻെറ ഭൃത്യനോടുകൂടി താഴത്തേക്കിറങ്ങിവരുന്നതായി അറിയിച്ചു.

"അയാൾ അച്ചനെ പിടിക്കാൻ വരികയാണു്. വേഗത്തിൽ ആ കർട്ടൻെറ പിന്നിലായി മറഞ്ഞുകൊള്ളൂ" ഫെക്കൻഹാം പറഞ്ഞു.

വൈദികൻ മറവുകളിൽ മറഞ്ഞതും ആ ഭാഗികൻ ഒരു കൈയിൽ വാളും മറു കൈയിൽ തോക്കും ധരിച്ചുകൊണ്ടു ആ മുറിയിൽ പ്രവേശിച്ചതും ഒരു നിമിഷത്തിൽ കഴിഞ്ഞു. എന്നാൽ രണ്ടു പേരെ മാത്രം ആ മുറിക്കുള്ളിൽ കണ്ടപ്പോൾ കോപാക്രാന്തനായി അയാൾ അട്ടഹസിച്ചു: "ആ വൈദികനെവിടെ?"

വളരെ ഗൗരവഭാവത്തിൽ ഫെക്കൻഹാം മറുപടി പറഞ്ഞു. "സാർ, ക്ഷമിക്കണം. നിങ്ങൾ ഒരു വൈദികനാണെന്നു വിചാരിക്കുന്നു."

"ആ വിഡ്ഢിത്തരമൊക്കെ മതി എൻെറ ഭൃത്യൻ ആ വൈദികനെ കണ്ടതാണു്. ഞാൻ തയ്യാറാകുന്നതുവരെ ഈ മുറിയിൽ അവൻ കാവൽ നില്ക്കുകയായിരുന്നു."

മേർട്ടൻ കോപത്തോടെ പറഞ്ഞു: "നിങ്ങളുടെ ആതിഥേയൻെറ വീട്ടിൽ അനിയന്ത്രിതമായ സ്വാതന്ത്ര്യമെടുക്കാൻ എങ്ങനെ ധൈര്യപ്പെടുന്നു. ഈ ആയുധങ്ങൾ കൊണ്ടു് നിങ്ങൾ എന്താണു് ഉദ്ദേശിക്കുന്നതു്?"

ആ വൈദികമ്മന്യൻ അതിനെ ശ്രദ്ധിച്ചതേയില്ല. "ഡേക്ക്, ഈ മുറിമുഴുവൻ പരിശോധിക്കുക." ഫെക്കൻഹാമിനോടായി: "അയാളെ നിങ്ങൾ എന്നെ ഏല്പിച്ചില്ലെങ്കിൽ നിങ്ങൾക്കു ദുരിതം. ഏതായാലും അയാൾ എൻെറ കൈയിൽനിന്നു രക്ഷപെടുവാൻ പോകുന്നില്ല. നിങ്ങളുടെ വീടിനു ചുററും എൻെറ ഭടന്മാർ കാവൽ നില്ക്കുന്ന കാര്യം നിങ്ങൾ അറിഞ്ഞുകൂടായിരിക്കും."

ഒററ വെട്ടുകൊണ്ടു ആ തിരസ്കരണിയെ കഷണങ്ങളായി മുറിച്ചു. അവിടെയെല്ലാം അന്വേഷിച്ചിട്ടും വൈദികനെ കണ്ടെത്തിയില്ല.

"ഏതായാലും വീടു മുഴുവൻ പരിശോധിക്കേണ്ടിയിരിക്കുന്നു. ആ രഹസ്യ അറകളിൽതന്നെ ആദ്യം അന്വേഷിക്കട്ടെ."

തോക്കും വാളും ഭൃത്യനെ ഏല്പിച്ചിട്ടു മതിലിലുള്ള ബട്ടൺ ഞെക്കി. കൈയിൽ ഒരു കത്തിയും വഹിച്ചുകൊണ്ടു് അയാൾ അതിനുള്ളിലേക്കു ചാടിക്കയറി. അല്പസമയത്തിനുള്ളിൽ നിർഭാഗ്യനായ ആ വൈദികനെയും വലിച്ചിഴച്ചുകൊണ്ടു് അയാൾ പ്രത്യക്ഷപ്പെട്ടു.

വൈദികനെ രണ്ടുപേരുടേയും മദ്ധ്യേ നിർത്തിയിട്ടു: "ഹാ! ഹാ! ഹാ! മൂന്നു പക്ഷികളേയും ഒരു കൂട്ടിൽ അടച്ചിരിക്കുന്ന ഈ സമയത്തു ഞാൻ ആരാണെന്നു വെളിപ്പെടുത്താം. ഞാൻ മഹാരാജ്ഞിതിരുമനസ്സിലെ വിശ്വസ്തഭൃത്യനായ റോജർ ട്രിൻവെൽ ആണു്."

"ട്രിൻവെൽ!" മേർട്ടൻ ആശ്ചര്യഭരിതനായി ചോദിച്ചു.

"ഹാ! നിങ്ങൾ എന്നെപ്പററി കേട്ടിട്ടുണ്ടു്. എന്നാൽ നേരിട്ടറിയുകയില്ലായിരുന്നു. അതുകൊണ്ടു് ഈ നാടകം പരിപൂർണ്ണമായും അഭിനയിക്കാൻ എനിക്കു സാധിച്ചു. ഹാ! എന്തൊരു വിനോദമായിരുന്നു, ജോൺ ജഫ്റിയുടെ കത്തും എൻെറ വൈദികാഭിനയവുമെല്ലാം. എൻെറ ചാരന്മാർ പലതും റിപ്പോർട്ടു ചെയ്തിരുന്നു. അതിൽ ധന്യമായ ഒരു ഭാഗം വാസ്തവമാണെന്നു ഇപ്പോൾ തെളിഞ്ഞു."

അയാൾ ഗർവ്വമായി ചിരിച്ചു. മേർട്ടൻ ചില കസ്രിത ചേഷ്ടകൾ കാണിക്കാൻ ഒരുമ്പെട്ടപ്പോൾ അയാൾ തൻെറ വാളെടുത്തു ഓങ്ങി. മേർട്ടൻ നിശ്ശബ്ദനായി.

"ഫെക്കൻഹാം, നിന്നെപ്പററിയും നിൻെറ അളിയനെപ്പററിയും എനിക്കു ഗൗരവമായ സംശയം ഉണ്ടായിരുന്നു. എന്നാൽ തെളിവില്ലാതെ യാതൊന്നും ചെയ്യാൻ ഞാൻ ഉദ്ദേശിച്ചില്ല. ഈ രാത്രി ധാരാളമായ തെളിവു് എനിക്കു ലഭിച്ചിരിക്കുന്നു. പോരെങ്കിൽ എൻെറ ഭൃത്യൻ ഇതിനെല്ലാം ദൃക്സാക്ഷിയുമാണു്."

ആ വൈദികൻ അതുവരെ ഒരക്ഷരംപോലും ഉരിയാടിയില്ല. അദ്ദേഹം ട്രിൻവെലിൻെറ മുഖത്തു ഉററു സൂക്ഷിച്ചുനോക്കുകയായിരുന്നു.

"ഗി!" അദ്ദേഹം അവസാനം പറഞ്ഞു. "അല്ല നിങ്ങൾ എങ്ങനെ ഈ സ്ഥിതിയിലെത്തി?"

മേർട്ടനും ഫെക്കൻഹാമും അത്ഭുതത്തോടെ അദ്ദേഹത്തെ നോക്കി. സ്തബ്ധനായ ട്രിൻവെൽ ചോദിച്ചു:

"നീ എന്നോടാണോ സംസാരിക്കുന്നതു്?"

"അതേ, അതേ, നിന്നോടുതന്നെ ഗിതോപ്പ്, കത്തോലിക്കാവിശ്വാസത്തിൻെറ അഭിമാനസ്തംഭങ്ങളിലൊരാളാണു് നിങ്ങൾ എന്നു ഞാൻ വിചാരിക്കുകയായിരുന്നു."

"എന്നാൽ നിങ്ങൾ ആരാണു്."

"ഓ! ഹോ! എന്നെ അറിയുകയില്ലേ. എൻെറ പേരും നിങ്ങളുടേതുപോലെതന്നെ വ്യാജമാണു്. ഞാൻ ശത്രുക്കളിൽനിന്നു രക്ഷ നേടാൻവേണ്ടി പേരു മാററി. നിങ്ങൾ മിത്രങ്ങളെ ഒററിക്കൊടുക്കാനും. നിങ്ങൾ ഹാരി വിങ്കററിനെ മറന്നുപോയി, അല്ലേ?"

ഇത്രയും കേട്ടപ്പോൾ അശനിപാതം ഏററപോലെ ഞെട്ടിപ്പോയ ട്രിൻവെൽ വൈദികൻെറ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. "ഹാ! ഇതു ഹാരിയുടെ മുഖം തന്നെ" എന്നു മർമ്മസ്പർശത്തിൽ ഉത്ഭവിച്ചതോടുകൂടി അയാളുടെ ശക്തി മുഴുവൻ ക്ഷയിച്ചുപോയി. അതുവരെ കോപംകൊണ്ടും അഹങ്കാരംകൊണ്ടും ഉജ്ജ്വലിച്ചുകൊണ്ടിരുന്ന അയാളുടെ കണ്ണുകൾ പെട്ടെന്നു ശാന്തമായി. ധാതുക്കളുടെ ശക്തി ക്ഷയിക്കുന്നതായി തോന്നിയതിനാൽ അയാൾ മേശയിലേക്കു ചാരി.

"നിങ്ങൾ എന്നെ മറക്കുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല." വൈദികൻ സ്നേഹമസൃണമായ സ്വരത്തിൽ തുടർന്നു. "നമ്മുടെ കുട്ടിക്കാലത്തു നാം ഇരുവരും ഒരുമിച്ചിരുന്നു കളിച്ചതും നിങ്ങളും നിങ്ങളുടെ സഹോദരൻ ടോമിയും എൻെറ വീട്ടിൽ എൻെറ പിതാവിൻെറ പക്കൽ പാഠങ്ങൾ പഠിക്കാൻ വന്നതും മററും ഓർക്കുന്നുണ്ടായിരിക്കും. നാം കുളത്തിൽ കുളിച്ചുകൊണ്ടിരുന്നപ്പോൾ നിങ്ങളുടെ ജീവനെ രക്ഷിച്ച ആ സംഭവം. നാം ഇരുവരും ദിവ്യപൂജയ്ക്കു ശുശ്രൂഷിച്ച ആ സുപ്രഭാതങ്ങൾ എങ്ങനെ മറക്കാൻ കഴിഞ്ഞു. നിങ്ങൾ ഒരു പുരോഹിതനായിത്തീരുമെന്നും മതത്തിനുവേണ്ടി ജീവനെ ബലി കഴിക്കുമെന്നും ചെയ്ത വാഗ്ദാനങ്ങളെവിടെ? ആസന്നമരണയായി കിടന്നിരുന്ന നിങ്ങളുടെ അമ്മയുടെ വാക്കുകൾ നിശ്ചയമായും മാറന്നിരിക്കുകയില്ല. ഞാൻ അവ ഇന്നും ഓർക്കുന്നുണ്ടു്. 'എൻെറ മകനേ, ദൈവം നിന്നെ അവിടുത്തെ പുരോഹിതനാക്കിത്തീർക്കട്ടെ. നിൻെറ ജീവൻ ദൈവത്തിനുവേണ്ടി ബലികഴിക്കണം. അവിടുത്തേക്കുവേണ്ടി മരിക്കാൻ നിനക്കു ഇടവരട്ടെ.'"

ട്രിൻവെല്ലിൻെറ തൊണ്ടയിടറി. ഗദ്ഗദസ്വരത്തിൽ അയാൾ പറഞ്ഞു: "അതെല്ലാം കഴിഞ്ഞു. കഴിഞ്ഞകാലം എന്നന്നേക്കുമായി സംസ്കരിക്കപ്പെടട്ടെ."

വൈദികൻ തുടർന്നു: "ഗി, എന്നാൽ നിൻെറ അമ്മ സ്വർഗ്ഗത്തിൽനിന്നു നിന്നെ കാണുമ്പോൾ എന്തു വിചാരിക്കും. അവരുടെ മകൻ മതത്യാഗി. പുരോഹിതന്മാരെ ഒററിക്കൊടുക്കുന്ന, ഏററവും അടുത്ത സ്നേഹിതന്മാരെപ്പോലും വഞ്ചിക്കുന്ന ചതിയൻ. ഒരിക്കൽ പുരോഹിതനാകുമെന്നു അവർ പ്രതീക്ഷിച്ച മകനാണോ ഇതു്."

ട്രിൻവെൽ വൈദികനെ തടഞ്ഞു: "മതി, മതി. കൂടുതൽ ഞാൻ കേൾക്കുമെന്നെങ്കിൽ ഞാൻ വന്ന ഉദ്ദേശംതന്നെ മറന്നുപോകും. പക്ഷേ ഇതിനകം അതിനെ ഞാൻ ഉപേക്ഷിച്ചുകഴിഞ്ഞു. ഞാൻ ഇതാ പുറപ്പെടുകയാണു്. ഹാരി, നിങ്ങൾ ഈ രാത്രി ഇവിടെ വന്നതു എൻെറ നിർഭാഗ്യമെന്നോ പറയേണ്ടു നിങ്ങൾ ഒരിക്കൽ എൻെറ ജീവനെ രക്ഷിച്ചു. നിങ്ങളുടേതു നഷ്ടപ്പെടുത്താൻ ഞാൻ കാരണക്കാരനാവില്ല." ഫെക്കൻഹാമിനോടും മേർട്ടനോടുമായി: "നിങ്ങളെ രണ്ടു പേരേയും ഞാൻ വിട്ടിരിക്കുന്നു."

"ഞങ്ങൾ അതിനു കൃതജ്ഞരാണു്. എന്നാൽ ഇതല്ല ഞങ്ങൾക്കാവശ്യം. സ്നേഹിതാ, നിങ്ങളുടെ ആത്മാവിൻെറ സ്ഥിതിയെപ്പററി ചിന്തിക്കൂ. നിങ്ങൾ കത്തോലിക്കാവിശ്വാസത്തിലേക്കു തിരിച്ചുവരുമെങ്കിൽ ഞങ്ങൾ നിങ്ങളുടെ അനുചരന്മാർക്കു ഏല്പിക്കപ്പെടുവാൻ പോലും ഭയപ്പെടുന്നില്ല."

"ഹാ! അതു വളരെ വൈകിപ്പോയി. ഞാൻ കലപ്പയിൽ

(ശേഷം 10-ാം പേജിൽ)

# വൈദികാർത്ഥികളോട്.

നിങ്ങൾക്കു് മഹത്തായ ആദർശങ്ങളും, ഈശ്വരസേവനസന്നദ്ധതയും, ആത്മരക്ഷയിൽ ശുഷ്കാന്തിയും, ആരോഗ്യവുമുണ്ടെങ്കിൽ അഹമ്മദ്ബാദ് ജസ്വിററ് മിഷനിലേയ്ക്കു് സ്വാഗതം. ഇക്കൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷയിൽ ജയിക്കുമെന്നു പ്രതീക്ഷയുള്ളവരെല്ലാം ഉടൻതന്നെ അപേക്ഷിക്കുക.

മേൽവിലാസം:-

V. Rev. Fr. Superior
St. Xavier's,
Ahmedabad—1



ചേർത്തല കുഷ്ഠരോഗാശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന "അസ്സീസ്സി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേററു്" സന്യാസിനീസമൂഹത്തിൽ ഇക്കൊല്ലം പ്രവേശനം നടത്തിയ നവകന്യകകൾ. മദ്ധ്യത്തിൽ ഇരിക്കുന്നതു് റൈററ്. റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും നവസന്യാസിനികൾക്കു ശിക്ഷണം നല്കുന്ന യൂറോപ്യൻ കന്യാസ്ത്രീകളുമാണ്.

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam March 14 1956 No. 31



## ബാ ല രം ഗം

### "വിദ്യാർത്ഥി മദ്ധ്യസ്ഥൻ"

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,



പോളിന്റെ കഠിനമായ മർദ്ദനങ്ങളേററു സൂനീസ്സാവൂസ് കിടപ്പിലായി. മാത്രമല്ല മർദ്ദനത്തിന്റെ കാഠിന്യം ജീവാപായത്തിനുപോലും കാരണമാകുമോ എന്നു സംശയിക്കത്തക്ക സ്ഥിതിയുളവാക്കി. ഭക്തനായ ബാലനു വിശുദ്ധ കുർബാന നൽകുന്നതിനോ, ആരെങ്കിലും വൈദികനെ കൊണ്ടുവരുന്നതിനോ പോൾ അനുവദിച്ചില്ല. മാതാപിതാക്കന്മാരിൽനിന്നകന്നു വിദൂരമായ ഒരു സ്ഥലത്തു ആരാസന്മാരുടെ കേളീരംഗമായ ഒരു ലോഡ്ജിൽ നിരാശ്രയനായും മൂത്ത സഹോദരന്റെ പരുഷമായ വാക്കുകളും ക്രൂരമായ മർദ്ദനങ്ങളും സഹിച്ചും മരണത്തോടു മല്ലിടുന്ന ആ നല്ല ബാലനോടു ആർക്കാണ് സഹതാപം തോന്നാതിരിക്കുക. സഹതാപം നല്ലതുതന്നെ. എന്നാൽ ഈ ക്ലേശങ്ങളെല്ലാം ശാന്തമായും സമാധാനമായും സഹിക്കുന്ന സൂനിയുടെ നല്ല മാതൃക അനുകരിക്കുവാൻ ശ്രമിക്കുന്നതു് കൂടുതൽ ഫലപ്രദമായിരിക്കും. വീട്ടിലോ, വിദ്യാലയത്തിലോ, ജോലിസ്ഥലത്തോ എവിടെയും ജീവിതക്ലേശങ്ങൾ എല്ലാവരേയും കാത്തുനില്ക്കുന്നുണ്ടു്. അതു സ്വന്തപ്പെട്ടവരിൽനിന്നോ അന്യരിൽനിന്നോ, ശത്രുക്കളിൽനിന്നോ മിത്രങ്ങളിൽനിന്നോ വന്നുവെന്നും വരും. എങ്ങിനെ ആയാലും അവ നമ്മുടെ ഹൃദയസമാധാനത്തെ നശിപ്പിക്കാതിരിക്കണം. അതിനുള്ള മാർഗ്ഗം ശാന്തമായ സഹനമനോഭാവമാണ്. ദൈവതിരുമനസ്സിനോടുള്ള ഐക്യം, പ്രാർത്ഥന, ക്ഷമാശീലം ഇവയായിരിക്കണം നമുക്കാലംബം. സൂനി പ്രാർത്ഥിച്ചു. തന്റെ മദ്ധ്യസ്ഥയായ വിശുദ്ധ ബർബരായോടു പ്രാർത്ഥിച്ചു. വിശുദ്ധ ഒരത്ഭുതം തന്നെ പ്രവർത്തിച്ചു സൂനിയുടെ അഭിലാഷനിവൃത്തി വരുത്തിക്കൊടുത്തു. ഈ വിശിഷ്ടപുണ്യങ്ങൾ നമുക്കും പരിശീലിക്കാം.

വല്യേട്ടൻ.



### 63-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ജപമാല

### പ്രശ്നം നമ്പ്ര് 64

(തോമസ് ടി മണ്ഡപത്തിൽ, Reg. No. 1)

എല്ലാവർക്കും ഉണ്ടാകേണ്ട ഒരു സ്വഭാവഗുണമാണ് ഞാൻ. ചെറുപ്പകാലത്തിൽ പ്രത്യേകിച്ചും അതു ശീലിച്ചേ മതിയാകൂ. എന്റെ പേരിനു അഞ്ചക്ഷരമാണ്. ഒന്നും അഞ്ചും അക്ഷരങ്ങൾ ചേർന്നാൽ സാമ്പത്തികമായി ഞാൻ വിലയുള്ള ആളാകും. ശാരീരികമായി ഒരു പ്രധാന ഭാഗമാകും, കാർഷികമായി ജലസേചനമാർഗ്ഗമാകും, ഒന്നും നാലും അക്ഷരങ്ങൾ ചേർന്നാൽ ഞാൻ നേർപകുതിയായി കുറയും, ശരീരത്തിലെ ഒരു പ്രധാന ഭാഗവുമാകും; രണ്ടും നാലും അക്ഷരങ്ങൾ ചേർന്നാൽ ഞാൻ വിഴ്മുള്ള പാനീയങ്ങളോടു ചേരും, രണ്ടും അഞ്ചും അക്ഷരങ്ങൾ ചേർന്നാൽ ഞാൻ എല്ലാവരും വെറുക്കുന്ന ഒരു ദുശ്ശീലമാകും. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

### ക്ഷമാപണം

(അലക്സാണ്ടർ ചെമ്പിത്താനം, Reg. No. 7)

മേരിദാസിനെ നിങ്ങൾ അറിയില്ലേ! മെല്ലിച്ച ശരീരം, വൃത്താകാരമായ മുഖം, ഓമനത്തമുള്ള നടപ്പു്. കഴുവച്ച ഹാൾകൈയൻ ഷർട്ടുമിട്ടു്, ദിവസവും ദിവ്യപൂജയിൽ സംബന്ധിച്ചു് തിരുപാഥേയവും സ്വീകരിച്ചു് മടങ്ങുന്ന ആ നല്ല കൊച്ചനെ ആ നാട്ടിൽ എല്ലാവരും അറിയും. അവനാണ് മേരിദാസ്! പഠനസാമർത്ഥ്യവും ശാലീനഭാവവും അദ്ധ്യാപകന്മാരുടെയും, നാട്ടുകാരുടെയും മുക്തകണ്ഠമായ അഭിനന്ദനത്തിന് അവനെ പാത്രവാനാക്കിയിരിക്കുകയാണ്.

നേരം പുലന്നു. പക്ഷിപറവകളെല്ലാം ദൈവസ്തോത്രഗീതങ്ങളാലപിച്ചു് കണ്ഠം കുഴയുന്നു. അങ്ങു് ആ കുന്നിൻചരിവിലുള്ള ഇടവകപ്പള്ളിയിൽനിന്നും "ഇതാ! ലോകൈകനാഥൻ തിരുവൾത്താരയിൽ എഴുന്നെള്ളുവാൻ സമയമായിരിക്കുന്നു; വരുവിൻ! വരുവിൻ!" എന്നുൽഘോഷിക്കുന്ന മാലാഖാമാരുടെ കുഴൽവിളിപോലെ മണിനാദം ആ പരിശുദ്ധമായ ഗ്രാമാന്തരീക്ഷത്തിൽ മുഴങ്ങി അലിഞ്ഞുചേരുന്നു. അവൻ കൊന്തയും പുസ്തകവുമെടുത്തു് വൃത്തിയായരീതിയിൽ വസ്ത്രധാരണവും ചെയ്തു സാവധാനം പള്ളിയിലേക്കു തിരിച്ചുകഴിഞ്ഞു. വിസ്തൃതമായ നെൽപാടത്തിലെ മെല്ലിച്ച വരമ്പുവഴി പ്രധാന നടവരമ്പിലേക്കവൻ നീങ്ങുകയാണ്. നിരനിരയായി തൂക്കപ്പെട്ട അലങ്കതികദീപങ്ങൾപോലെ പുല്ലോടികളിൽ ഉഷാരബിന്ദുക്കൾ വെട്ടിത്തിളങ്ങുന്നു. അങ്ങു് ചക്രവാളവിളമ്പിൽ, അൾത്താരയിലെ കത്തിച്ച മെഴുകുതിരികൾപോലെ, ഏതാനും നക്ഷത്രക്കുഞ്ഞുങ്ങളപ്പോഴുംനിന്നു് കണ്ണുചിമ്മുന്നുണ്ടു്. പഴുത്തുവിളഞ്ഞ നെൽക്കതിരുകൾ കുമ്പിട്ടുനിന്നു ധ്യാനിക്കുകയാണ് ലോകേശനെപ്പററി. മേരിദാസ് പ്രധാനവരമ്പിൽ എത്തി. വലതു് കൈയിലെ വിരലുകൾക്കിടയിലൂടെ കൊന്ത അപ്പോഴും ചലിച്ചുകൊണ്ടിരുന്നുണ്ടു്. അതെ, കൊന്ത നമസ്കരിക്കുകയാണ് അവൻ.

"ദാസേ, ദാസേ!" അങ്ങകലെനിന്നും ഒരുവിളി. അവൻ തിരിഞ്ഞുനോക്കി. സഹപാഠിയായ ജോസാണ് വരുന്നതു്. അവൻ അടുത്തെത്തുവാൻവേണ്ടി ദാസ് അവിടെനിന്നു.

"എന്താ ജോസേ! പള്ളിയിലേക്കാണോ?"


"ഓ! നിന്റെ പള്ളി! ഇന്നു വൈകിട്ടു നീ സിനിമയ്ക്കു പോരുന്നോ? ഒന്നാംതരം പിക്ചർ "രാരിച്ചൻ എന്ന പൗരൻ". നിന്നെ എത്രനാളായി ഞങ്ങൾ വിളിക്കുന്നു. ഇന്നു പോരുന്നോ? പോരണം മടിക്കരുതു്."

"ഇല്ല ജോസേ, ഞാൻ പോരുകയില്ല. ഇപ്പോൾ കുർബാനയ്ക്കു നേരം വൈകും, ഞാൻ പോകട്ടെ! വർത്തമാനം പിന്നീടു പറയാം." ദാസ് പള്ളിയിലേക്കു് പോകുവാൻ തിരിഞ്ഞു,

"ഹോ, ഒരു കള്ളപ്പുണ്യാളൻ! നിന്റെ ഈ കപടഭക്തി കുറെ കുറച്ചുവെച്ചേക്കടാ."

"ജോസുകുട്ടീ! എന്തിനെന്നെ കളിയാക്കുന്നു. ഞാൻ പോകട്ടെ.

## For favours received



K. J. G.

ഞാൻ നിങ്ങൾക്കാർക്കും ഒരുപദ്രവവും ചെയ്യുന്നില്ലല്ലോ?"

"പോടാ പട്ടി, നീ ഉപദ്രവിച്ചാൽ ഞങ്ങൾക്കു് എന്തുപററാനാണ്?" ജോസ് കയർത്തു. ദാസിനെ പിടിച്ചൊരു തള്ളു്! അവൻ മുഖവും കുത്തി നിലത്തു്. ദാസ് ഒരുവിധത്തിൽ എഴുന്നേററു വേദനയോടെ. ജോസ് നടവരമ്പിലൂടെ അവന്റെ വീട്ടിലേക്കു ഓടിപ്പോയി.

* * *

ആഴ്ച ഒന്നു കഴിഞ്ഞു. കിഴക്കേ ആകാശത്തു ഓസ്ക്കുരപ്പൂവ് പൂക്കററി കത്തിച്ചപോലെ പ്രശോഭിക്കുന്നു. ദാസ് വീട്ടിലിരുന്നു പുസ്തകപാരായണമാണ്. ഒരാൾ ഓടിവന്നു മുററത്തുനിന്നു. ദാസ് തലയുയർത്തിനോക്കി.

"എന്താ പാപ്പിച്ചേട്ടാ ഇത്ര ധൃതിയിൽ?" ദാസ് ചോദിച്ചു.

"എന്റെ മോനേ! ആശുപത്രിയിലററം ഒന്നു വരണം. കരോട്ടേ നമ്മുടെ ജോസുകുട്ടി മരിക്കാറായി കിടക്കുന്നു... കുഞ്ഞിനെ ഒന്നു കാണണമെന്നു പറഞ്ഞു."

"ജോസുകുട്ടിയോ!! അവനെന്തു പററി?"

"ഇന്നാള് സിനിമ കാണാൻ പോയിട്ടു പററിയതാ."

"വരട്ടെ! ഞാനിപ്പോൾതന്നെ വരാം. വിവരം നമുക്കു വഴിക്കു പറയാം." ദാസ് മുറിക്കുള്ളിലേക്കു് കടന്നുപോയി. അമ്മച്ചിയോടു് അനുവാദവും വാങ്ങി എത്തി. കുഞ്ചാക്കോച്ചൻ—ദാസിന്റെ പിതാവു്—ഏതോ കാര്യത്തിനു ദൂരെ എങ്ങോ പോയിരിക്കയാണ്.

"ചേട്ടാ! കേൾക്കട്ടെ! ജോസൂട്ടിക്കെന്താണ് പിണഞ്ഞതു്?"

പാപ്പിച്ചേട്ടൻ തുടർന്നു: "മടങ്ങിയെത്തിയതു കുറേ ഇരുണ്ടിട്ടായിരുന്നു. വഴിക്കു ആ വെടിമറത്തുകപറമ്പില്ലേ? അവിടെ വന്നപ്പോൾ എന്തോ അനക്കം കേട്ടു ഒന്നു ഭയപ്പെട്ടു."

"ഓ, ഹോ!"

"കൊച്ചൻ അവിടെ വീണുപോയി. കൂടെ വന്ന പിള്ളേരെല്ലാംകൂടി എടുത്താണ് വീട്ടിൽ കൊണ്ടുവന്നതു്."

"എന്താണ് ആശുപത്രിയിൽ കൊണ്ടുപോയതു്?"

"ആ കൊച്ചിനന്നു തുടങ്ങിയ പനി, തീ കോരിയിട്ടപോലായിരുന്നു. ആശുപത്രിയിൽ കൊണ്ടുവന്നിട്ടും ഒരു കുറവുമില്ല. ടൈഫോയ്ഡാണെന്നാ ഡോക്ടറദ്ദേഹം പറഞ്ഞതു്."

"കഷ്ടം!"

അവർ ആശുപത്രിയിലെത്തി. പാപ്പി ദാസിനെ ജോസ് കിടക്കുന്ന മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ വികാരിയച്ചനും ജോസിന്റെ മാതാപിതാക്കളും ബന്ധുക്കളുമെല്ലാം തുടിക്കുന്ന ഹൃദയത്തോടെ അവന്റെ മരണസമയവും പാർത്തു കഴിയുകയാണ്. അച്ചൻ അവനു അന്ത്യകൂദാശകളെല്ലാം കൊടുത്തു കഴിഞ്ഞു. ദാസ് ജോസിന്റെ കിടക്കയെ സമീപിച്ചു.

പാപ്പി ജോസിനെ വിളിച്ചുണർത്തി ദാസിനെ കാണിച്ചുകൊടുത്തു.

"എന്റെ ദാസേ!" ജോസിന്റെ ഇടറിവരണ്ട കണ്ഠത്തിലൂടെ ഏതാനും വാക്കുകൾ അർദ്ധോക്തികളായി ഞെങ്ങി ഞെരിഞ്ഞു് പുറത്തുവന്നു. "ഞാ... നന്നു...നിന്നെ... തള്ളിയിട്ട ... നി...ക്ഷ...മി... ക്ക...ണം"

"എന്റെ ജോസേ, എനിക്കൊരു വഴക്കുമില്ല. അപ്പഴേ ഞാൻ അതെല്ലാം മറന്നു. അന്നു നിനക്കുവേണ്ടി ഞാൻ വളരെ പ്രാർത്ഥിക്കുകയും ചെയ്തു. ഇനിയും ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ്."

ജോസിന്റെ മുഖത്തു് കൃതാർത്ഥതയുടേയും സന്തോഷത്തിന്റേയും ഒരു പുഞ്ചിരി വിടർന്നു. അതു വാടിമറയുന്നതിനുമുമ്പുതന്നെ അവന്റെ കണ്ണുകൾ നിത്യമായടഞ്ഞുപോയി!

—o—

### സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1